## ആഭരണം തിരുവചന വെളിച്ചത്തിൽ

**കുഞ്ഞുമോൻ ഡാനിയേൽ**

ആഭരണം ധരിക്കുന്നത് സംബന്ധിച്ച ബൈബിളിലെ
ഉപദേശം ലളിതമായും സ്പഷ്ടമായും
പ്രതിപാദിച്ചിരിക്കുന്ന ഒരു ആധികാരിക ഗ്രന്ഥം.

ആഭരണം വർജ്ജിക്കുന്നതിന് വ്യക്തമായ കൽപ്പന
പുതിയനിയമത്തിൽ ഉണ്ടോ?
അലങ്കാരങ്ങൾ സംബന്ധിച്ച വാക്യങ്ങൾ
സ്ത്രീകൾക്ക് മാത്രം ബാധകമോ?.............

മിസ്രയീമ്യരിൽ നിന്നും ആഭരണം ചോദിച്ചു
വാങ്ങുവാൻ യഹോവ പറഞ്ഞത് ആഭരണ
ധാരണത്തെ സാധൂകരിക്കുന്നുവോ?
സമാഗമനകൂടാരത്തിൽ തങ്കം ഉപയോഗിച്ചിരിക്കുന്നത്
വിശ്വാസികൾ പൊന്നണിയുന്നതിന് ആധാരമോ?.......

യേശുവിന് വിദ്വാന്മാർ പൊന്ന് കാഴ്ച വച്ചത്,
മാറത്ത് പൊൻകച്ച കെട്ടിയ യേശു, ലവോദിക്യ
സഭയോട് പൊന്നു വാങ്ങുവാൻ യേശു പറഞ്ഞത്......

മുടിയനായ പുത്രന് പൊൻമോതിരം അണിയിച്ചത്,
പള്ളിയിൽ പൊൻമോതിരം അണിഞ്ഞു വന്നവരെപ്പറ്റി
യാക്കോബിന്റെ ലേഖനത്തിൽ പറയുന്നത്........

ദാനിയേലിനെ പൊന്മാല ധരിപ്പിച്ചത്, വിശ്വാസികളുടെ
പിതാവായ അബ്രഹാമിന്റെ പൊന്നും വെള്ളിയും,
യഹൂദയുടെ മുദ്രാ മോതിരം, ഇയ്യോബിന്
പൊൻമോതിരം നൽകിയത്............

നിരവധി സംശയങ്ങളുടെ വിചിന്തനം.

**വില. Rs 30.00**

ആഭരണം തിരുവചന വെളിച്ചത്തിൽ കുഞ്ഞുമോൻ ഡാനിയേൽ

# ആഭരണം
# തിരുവചന വെളിച്ചത്തിൽ




**കുഞ്ഞുമോൻ ഡാനിയേൽ**

# ആഭരണം തിരുവചന വെളിച്ചത്തിൽ

"സയുക്തികം."

"സമഗ്രം, ആധികാരികം."

"ദൂരവ്യാപകമായ സ്വാധീനം ഉളവാക്കാവുന്ന ഒരു കൃതി."

## സമർപ്പണം

സി.ഡി.ഡാനിയേൽ

ക്രിസ്തീയ ജീവിത പാതയിൽ മാതൃകയും മാർഗ
ദർശിയും ആയിരുന്ന, ഇന്ന് മഹത്വത്തിൽ വിശ്രമിക്കുന്ന,
പ്രീയപ്പെട്ട അപ്പച്ചന്റെ സ്മരണയ്ക്ക്

# ആഭരണം തിരുവചന വെളിച്ചത്തിൽ

വീണ്ടുംജനനം പ്രാപിച്ച ദൈവജനം ആഭരണം
ധരിക്കുന്നത് ഉചിതമോ എന്ന് ബൈബിൾ
വെളിച്ചത്തിൽ ഒരന്വേഷണം

കുഞ്ഞുമോൻ ഡാനിയേൽ

ABHARANAM THIRUVACHANA VELICHATHIL
(Malayalam)

by
Kunjumon Daniel

First Edition: 2004
Copies : 1000
Copy right © author
Type setting & Cover Design: Author

Printed at:
Bethesda Printers
Edappally, Kochi 24

Published by: Author

Author's Address:
Kunjumon Daniel (Evangelist)
P.O.Box 5161
Thrikkakara P.O.
Ernakulam -682021
Phone: 94472 89789
kunjumoncd@hotmail.com

**Price: Rs. 30.00**

# ഉള്ളടക്കം

ആമുഖം ...................... 9

അദ്ധ്യായം 1 ...................... 12
ആഭരണധാരണവും വിശ്വാസികളും
അദ്ധ്യായം 2 ...................... 18
ക്രിസ്തീയ ഉപദേശങ്ങളും പഴയനിയമവും
അദ്ധ്യായം 3 ...................... 21
തിരുവെഴുത്ത് എന്തു പറയുന്നു 1
അദ്ധ്യായം 4 ...................... 31
തിരുവെഴുത്ത് എന്തു പറയുന്നു 2
അദ്ധ്യായം 5 ...................... 38
1തിമൊ 2.9,10; 1പത്രോസ് 3.3: ചില സംശയങ്ങളുടെ വിചിന്തനം.
അദ്ധ്യായം 6 ...................... 49
ചില പഴയനിയമ വാക്യങ്ങളുടെ വിചിന്തനം
അദ്ധ്യായം 7 ...................... 52
പുതിയനിയമവും വെളിപ്പാടുകളുടെ പൂർത്തീകരണവും
അദ്ധ്യായം 8 ...................... 66
ചില പുതിയനിയമ വാക്യങ്ങളുടെ വിചിന്തനം
അദ്ധ്യായം 9 ...................... 74
ഇതര സംശയങ്ങളുടെ വിചിന്തനം
അദ്ധ്യായം 10 ...................... 82
ആഭരണം വർജ്ജിക്കുന്നതിനുള്ള ഇതര ന്യായങ്ങൾ
അദ്ധ്യായം 11 ...................... 91
വിശ്വാസിയുടെ അക്ഷയഭൂഷണം
അദ്ധ്യായം 12 ...................... 96
ചില അനുബന്ധ ചോദ്യങ്ങൾ

ഉപസംഹാരം ...................... 99

# പ്രസ്താവന

ആവശ്യം സൃഷ്ടിയുടെ മാതാവ് എന്ന ചൊല്ല് ഈ കൃതിയുടെ കാര്യത്തിലും അന്വർത്ഥമാണ്. ചില മാസങ്ങൾക്ക് മുൻപ് ക്രിസ്തുവിൽ ഒരു ജ്യേഷ്ഠ സഹോദരൻ, വിശ്വാസികൾ ആഭരണം ധരിക്കാമോ എന്ന വിഷയം സംബന്ധിച്ച് ഒരാൾ അയച്ച കത്ത് കാണിച്ചു തന്നിട്ട് പ്രതികരണം ആരാഞ്ഞു. അന്ന് മടക്കയാത്രയിൽ ചിന്തയിൽ തെളിഞ്ഞ ആശയങ്ങൾ കുറിച്ചു വച്ചു.

ചില മാസങ്ങൾക്കു ശേഷം, കളമശ്ശേരി സഭയിലെ യൂത്ത് മീറ്റിങ്ങിൽ അവരുടെ വിഷയം പുതിയനിയമ വിശ്വാസിയും ആഭരണധാരണവും എന്നതായിരുന്നു. അന്ന് നടന്ന ഡിബേറ്റിൽ മോഡറേറ്ററായിരിക്കുവാൻ യുവാക്കൾ അവസരം നൽകി. പരിപാടിയുടെ അവസാനം പ്രതികരണത്തിൽ ഓരോരുത്തരുടെ ന്യായവാദങ്ങളെ അധികരിച്ച് സംസാരിച്ചതല്ലാതെ പ്രസ്തുത വിഷയം സംബന്ധിച്ച് എന്റെ വ്യക്തിപരമായ നിലപാട് എന്തെന്ന് പറഞ്ഞില്ല. അവർ ആരാഞ്ഞപ്പോൾ എന്റെ നിലപാടു വ്യക്തമാക്കിയെങ്കിലും കാരണങ്ങൾ വിശദീകരിക്കുവാൻ അന്ന് സമയമില്ലായിരുന്നു.

അവർക്ക് വ്യക്തമായ ധാരണ നൽകണം എന്ന ലക്ഷ്യത്തോടെ പഴയ കുറിപ്പുകളോട് ചേർത്ത് നോട്ട് തയ്യാറാക്കിക്കൊണ്ടിരുന്നു. നോട്ടുകൾ പുസ്തക രൂപത്തിലാക്കുന്നത് കൂടുതൽ പ്രയോജനകരമാണല്ലോ എന്ന ആശയം തുടർന്നുണ്ടായി. ഇതാണ് ഈ പുസ്തകത്തിന്റെ ചരിത്രം.

രചനയുടെ വിവിധ ഘട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കും പ്രചോദനത്തിനും ക്രിസ്തുവിൽ പ്രീയരായ ജോയി സാമുവേൽ, സ്കറിയ വർഗീസ്, ചെറിയാൻ ചാണ്ടി, പി.ജെ.സാമുവേൽ, വർഗീസ് കുര്യൻ മഞ്ഞുമ്മൽ, ബിബിൻ, ലിജോ, ബെനോ, ജിയോ മുതലായവരോട് ഞാൻ കൃതജ്ഞനാണ്.

കർതൃസേവയിൽ സഹോദരൻ

15–11–2004 കുഞ്ഞുമോൻ ഡാനിയേൽ

കങ്ങരപ്പടി

# ആമുഖം

അലങ്കാരത്തിനായി കോടിക്കണക്കിന് രൂപ മനുഷ്യൻ പ്രതിദിനം ചിലവഴിക്കുന്നു. അതിൽ നല്ലൊരു പങ്ക് ആഭരണങ്ങൾക്കായി ചിലവിടുന്നു. പൊന്ന്, വെള്ളി മുതലായ ലോഹങ്ങൾ, മുത്ത് മുതലായ വസ്തുക്കൾ, വിലകൂടിയ തരം വസ്ത്രം തുടങ്ങി പലതും വാങ്ങി, ശരീരം അലങ്കരിക്കുന്നതിന് മനുഷ്യൻ പണം മുടക്കുന്നു. ആഭരണങ്ങളായി അവ തീരുവാൻ അവയുടെ സവിശേഷതകൾ വഴിതെളിച്ചു എന്നു പറയാം.

ഭാരം കൂടിയ ലോഹമാണ് പൊന്ന്. വളരെ മൃദുവാണ് ശുദ്ധമായ പൊന്ന്. 13/100000 സെ.മീ. (5/100000 ഇഞ്ച്) കനമുള്ള തകിട് ആക്കി പൊന്ന് എളുപ്പം മാറ്റാം. 3.5 പവൻ പൊന്ന് 187 ചതുരശ്ര അടി (ഏകദേശം 17 ചതുരശ്ര മീറ്റർ) വിസ്തീർണമുള്ള തകിടാക്കി മാറ്റുക എളുപ്പം സാദ്ധ്യമാണ്. 29 ഗ്രാം പൊന്ന് 100 കി.മീ. നീളമുള്ള കമ്പിയാക്കി നീട്ടുവാൻ കഴിയും (പുറപ്പാട് 39:3; 1രാജാക്കന്മാർ 10:16,17). വളരെ നിഷ്ക്രീയമായ ഒരു ലോഹമാണിത്. അന്തരീക്ഷം, ചൂട്, ഈർപ്പം, മിക്കവാറും എല്ലാ ലായകങ്ങൾ ഇവയൊന്നും പൊന്നിൽ മാറ്റം വരുത്തുന്നില്ല. അതുകൊണ്ട്, അതിന്റെ തിളക്കം ദീർഘകാലം നിലനിൽക്കുന്നു. എല്ലാ ഭൂഖണ്ഡങ്ങളിലും സ്വർണം കണ്ടുവരുന്നു. എളുപ്പത്തിൽ ശുദ്ധിചെയ്ത് എടുക്കാവുന്ന ലോഹവുമാണ് പൊന്ന്. ഇതിന്റെ തിളങ്ങുന്ന മഞ്ഞ നിറവും കറയില്ലായ്മയും മനുഷ്യന്റെ ശ്രദ്ധ ആകർഷിച്ചു. ഈ സവിശേഷതകൾ കൊണ്ട് പുരാതന കാലം മുതൽ അലങ്കാരപ്പണികൾ ചെയ്യുവാൻ പൊന്ന് ഉപയോഗിച്ചു വരുന്നു. ഈജിപ്റ്റ്, അസീറിയ മുതലായ സ്ഥലങ്ങളിലെ പൊന്നുകൊണ്ടുള്ള അതിപുരാതന പണികൾ ഏതാണ്ട് അതേ നിലയിൽ ഇന്നും നിലനിൽക്കുന്നു.

പൊന്നിന്റെ അസാധാരണത്വം നിമിത്തം നാണയമായിട്ടും മനുഷ്യൻ പൊന്ന് ഉപയോഗിക്കുവാൻ തുടങ്ങി. രാജ്യാന്തര വ്യാപാര ബന്ധ

ങ്ങളിൽ പുരാതന കാലത്തു തന്നെ പൊന്ന് ഉപയോഗിച്ചിരുന്നതായി ചരിത്ര രേഖകളുണ്ട്.

തിളങ്ങുന്ന വെളുത്ത ലോഹമാണ് വെള്ളി. പൊന്ന് കഴിഞ്ഞാൽ ഏറ്റവും മൃദുവായ ലോഹമാണ് ഇത്. പൊന്നിനേക്കാൾ കട്ടികൂടിയതും, ചെമ്പിനേക്കാൾ മൃദുവുമാണ് വെള്ളി. സാധാരണ ഊഷ്മാവിൽ ജലവും അന്തരീക്ഷവായുവും ആയി നിഷ്ക്രീയമാണ് ഈ ലോഹം.

ഈ സവിശേഷതകൾ നിമിത്തം ആഭരണങ്ങൾ ഉണ്ടാക്കി ശരീരം അലങ്കരിക്കുന്നതിന് പുരാതന കാലം മുതൽ മനുഷ്യൻ പൊന്നും വെള്ളിയും ഉപയോഗിക്കുന്നു. സ്വർണവും വെള്ളിയും കൂടാതെ, മുത്ത് മുതലായ വസ്തുക്കളും ആഭരണമായി ഉപയോഗിച്ചിരുന്നു; എങ്കിലും പ്രമുഖ സ്ഥാനം ഈ ലോഹങ്ങൾക്കു തന്നെ. ബൈബിളിൽ ധാരാളം പ്രതിപാദനങ്ങൾ പൊന്ന്, വെള്ളി ഇവയെക്കുറിച്ച് കാണുന്നു. ആഭരണമായി ഇവ ഉപയോഗിച്ചിരുന്നതായി ബൈബിളിലെ ആദ്യ പുസ്തകത്തിൽ തുടങ്ങി രേഖയുണ്ട്. ക്രിസ്തു വർഷം ഒന്നാം നൂറ്റാണ്ടിലും ആഭരണ ധാരണം നിലനിന്നിരുന്നു എന്ന് പുതിയ നിയമം സാക്ഷിക്കുന്നു. അസുലഭ ലോഹങ്ങളാകയാൽ ഇവയ്ക്കു സിദ്ധിച്ചിട്ടുള്ള വിലയും മഹത്വവും, മനുഷ്യന്റെ പ്രതാപത്തിന്റെയും ധനസമൃദ്ധിയുടെയും ചിഹ്നമാക്കി ഇവയെ തീർത്തു. പൊന്നും വെള്ളിയും മനുഷ്യന്റെ ചിന്താഗതിയെ ബാധിക്കുന്നു എന്ന് ബൈബിൾ വ്യക്തമാക്കുന്നു. അവയെക്കുറിച്ച് യഹോവയുടെ വചനങ്ങൾ നോക്കുക: *...അത് അവർക്ക് അകൃത്യഹേതു ആയിരുന്നുവല്ലോ* (യെഹെസ്കേൽ 7.19); *അതുകൊണ്ടുള്ള ആഭരണങ്ങളുടെ ഭംഗി അവർ ഡംഭത്തിനായി പ്രയോഗിച്ചു* (യെഹെസ്കേൽ 7.20).

മുത്ത് പലതരമുണ്ട്. സ്വർഗീയ യരുശലേമിന്റെ പന്ത്രണ്ട് ഗോപുരങ്ങൾ പന്ത്രണ്ട് തരം മുത്തുകൊണ്ടുള്ളതാണെന്ന് വെളിപ്പാട് പുസ്തകം 21. 21 ൽ പറയുന്നു. അവയുടെ തിളക്കവും വിവിധ വർണങ്ങളും ദൗർലഭ്യവും ആയിരിക്കണം അവയ്ക്ക് പ്രത്യേക മഹിമ നൽകിയത്.

ക്രിസ്തുവിശ്വാസികൾ ആഭരണം ധരിക്കുന്നതിനെപ്പറ്റി ബൈബിൾ, വിശിഷ്യാ പുതിയനിയമം എന്തു പറയുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ മുഖ്യ പ്രതിപാദ്യം. വിഷയത്തിന്റെ വിശദീകരണത്തിൽ പ്രത്യേകിച്ച് പുതിയനിയമത്തിന്റെ മൂലഭാഷയായ ഗ്രീക്ക് ഭാഷയുടെ വ്യാകരണത്തിന്റെ വിശകലനത്തിൽ, ഇംഗ്ലീഷ് വാക്കുകൾ കൂടുതൽ ഉപയോഗിച്ചിരിക്കുന്നത്, സമാനമായ മലയാള പദങ്ങൾ കൂടുതൽ ദുർഗ്രഹമായേക്കാം എന്നതുകൊണ്ടാണ്. ഇംഗ്ലീഷ് ഭാഷാന്തരങ്ങളെ ആശ്രയിക്കേണ്ടി വന്നതും അതുകൊണ്ട് തന്നെ.



ഇതിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ലേഖകനോട് നേരിട്ട് ചോദിച്ചിട്ടുള്ളതോ, യൂത്ത് ക്യാമ്പ് മുതലായ പൊതുവേദികളിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളതോ, ഈ വിഷയം സംബന്ധിച്ച ലേഖനങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതോ ആണ്.

ആഭരണം ധരിക്കുന്നതിനെപ്പറ്റി ഒട്ടു വളരെ സന്ദേഹങ്ങൾ വിശ്വാസികളുടെ മദ്ധ്യേ ഇക്കാലത്ത് ഉണ്ടാകുന്നു എന്നത് ശ്രദ്ധേയമാണ്. ഇത് സംബന്ധിച്ച് വേദാനുസരണമായ ധാരണ വളർത്തുന്നതിനാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. ഇതിന്റെ ഉദ്ദേശ്യത്തെ താഴെപറയുന്ന വിധം സംഗ്രഹിക്കാം.

1. ആഭരണം ധരിക്കാത്ത വിശ്വാസികളെ അവരുടെ ഉത്തമ മാതൃകയിൽ തുടരുവാൻ ധൈര്യപ്പെടുത്തേണ്ടതിന്,
2. വിശ്വാസികൾ ആഭരണം വർജ്ജിക്കണം എന്ന ദൈവകല്പനയുടെ വേദാധാരം വായനക്കാരെ ബോധ്യപ്പെടുത്തേണ്ടതിന്,
3. ആഭരണം ധരിക്കുന്ന വിശ്വാസികളെ ആഭരണം വർജ്ജിക്കുവാൻ പ്രേരിപ്പിക്കേണ്ടതിന്.

വിശ്വാസികളുടെ ജീവിതത്തിലൂടെ ദൈവനാമം മഹത്വപ്പെടുവാൻ ഈ ഗ്രന്ഥം ഇടയാക്കട്ടെ എന്ന പ്രാർത്ഥനയോടെ അനുവാചക സമക്ഷം സമർപ്പിക്കുന്നു.

*********

## അദ്ധ്യായം 1

# ആഭരണധാരണവും വിശ്വാസികളും

യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചവരായ വിശ്വാസികളുടെ മദ്ധ്യേ ആഭരണധാരണം സംബന്ധിച്ച് വിവിധ ചിന്താഗതികൾ ഇന്ന് ഉണ്ട്. ആഭരണം ധരിക്കുന്നവരെക്കുറിച്ച് വിവിധ അഭിപ്രായമാണ് ധരിക്കാത്തവർക്കുള്ളത്. വിശ്വാസികൾ പലരും ആഭരണം വർജ്ജിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ പലതാണ്. ആഭരണം വർജ്ജിക്കുന്നത് സംബന്ധിച്ച് വ്യക്തമായി സഭകളിൽ പഠിപ്പിക്കാതിരിക്കുന്നതിനും കാരണങ്ങൾ ഉണ്ട്. ഈ അദ്ധ്യായത്തിൽ ഇപ്രകാരമുള്ള ചില കാര്യങ്ങൾ നമുക്ക് നോക്കാം.

## 1.ആഭരണധാരണത്തെക്കുറിച്ച് വിശ്വസികളുടെ വിവിധ ചിന്താഗതികൾ.

1. ആഭരണം ധരിക്കുന്നതിനെക്കുറിച്ച് ബൈബിൾ എന്തു പറയുന്നു എന്ന് ഒരിക്കലും ചിന്തിക്കാതെ ആഭരണം ധരിക്കുന്നവരാണ് ഒരു ഗണം. രക്ഷിക്കപ്പെട്ടശേഷം സമുദായങ്ങളിൽ തന്നെ തുടരുന്ന ഭൂരിഭാഗവും ഈ വിഭാഗത്തിൽപ്പെടുന്നു.
2. ആഭരണം വർജ്ജിക്കുന്നതിന് സ്പഷ്ടമായ ഉപദേശം ബൈബിളിലിൽ ഇല്ല എന്ന ധാരണയോടെ ആഭരണം ധരിക്കുന്നവരാണ് മറ്റൊരു വിഭാഗം.
3. ഇനിയും ഒരു കൂട്ടർ ആഭരണധാരണത്തിൽ മിതത്വം പാലിക്കുന്നവരാണ്. ഇവർ വിശ്വസത്തിലേക്കു വന്നതിനു ശേഷം ആഭരണങ്ങൾ പലതും ഉപേക്ഷിച്ചു; എങ്കിലും, പൂർണമായി ഉപേക്ഷിക്കുന്നതിന് സ്പഷ്ടമായ ഉപദേശം ബൈബിളിൽ ഇല്ലാത്തതിനാൽ വർജ്ജിക്കേണ്ടതിന്റെ ആവശ്യമില്ലെന്നും ഇവർ കരുതുന്നു. അമിത ആഭരണധാരണം വിശ്വാസികൾക്കു ഉചിതമല്ലെന്നു തന്നെയാണ് ഈ വിശ്വാസികൾ ഉറപ്പായും കരുതുന്നത്; എന്നാൽ, എന്തുകൊണ്ട് ആഭരണം കുറയ്ക്കണം എന്ന ചോദ്യം ഇവിടെ അവശേഷിക്കുന്നു.
4. ഒരു കൂട്ടർ പാരമ്പര്യത്താൽ ആഭരണം ധരിക്കാത്തവരാണ്. ആഭരണം ധരിക്കാതിരിക്കുന്നതിന് വേദപുസ്തകത്തിൽ ആധാരം എന്താണ് എന്ന് അന്വേഷിച്ചിട്ടില്ലെങ്കിലും വേർപെട്ട ക്രിസ്തീയ കുടുംബങ്ങളിൽ ജനിച്ചതുകൊണ്ട് ആഭരണം ധരിക്കാത്തവരാണ് ഇവരിൽ ഒരു വിഭാഗം. പാരമ്പര്യത്തിൽ ചിലപ്പോഴെല്ലാം വൃഥാഭിമാനികളാകാറുണ്ടെങ്കിലും ഒരു ഉത്തമ മാതൃക ഇവർ പിൻതുടരുന്നു എന്ന് ആശ്വസിക്കാം.

മറ്റു ചിലരാകട്ടെ, ക്രിസ്തീയ ജീവിതത്തിന്റെ പ്രാരംഭ കാലത്തു ലഭിച്ച നല്ല മാതൃക പിൻപറ്റി ആഭരണം ധരിക്കുന്നില്ല. പിൽക്കാലത്ത് ചിന്താഗതിയിൽ മാറ്റം വന്നതുകൊണ്ട്, ആഭരണം വർജ്ജിക്കുന്നതിന് എന്തെങ്കിലും ശ്രേഷ്ഠത ഉണ്ടെന്ന് കല്പിക്കയോ, വേദാധാരം ഉണ്ടെന്ന് കരുതുകയോ ചെയ്യുന്നില്ല. വിശ്വാസികൾ ആഭരണം വർജ്ജിക്കേണ്ടതില്ല എന്നതാണ് ഇവരുടെ നിലപാടെങ്കിലും, പ്രാരംഭ കാലത്തെ മാതൃക പിൻപറ്റി ഇവർ ആഭരണം ധരിക്കാതെ തന്നെ തുടരുന്നു. ഇവരിൽ പലരും ആഭരണധാരണത്തെ പലപ്പോഴും പിൻതാങ്ങി സംസാരിക്കുന്നതും കാണാറുണ്ട്.
5. വിശ്വാസികൾ ആഭരണം ധരിക്കുന്നത് ബൈബിൾ വിലക്കുന്നു എന്ന് വ്യക്തമായി ബോധ്യപ്പെട്ട് ആഭരണം വർജ്ജിച്ചവരാണ് മറ്റൊരു കൂട്ടം വിശ്വാസികൾ.



ആഭരണം ധരിക്കുന്ന ചിലർ സ്വപക്ഷം ന്യായീകരിക്കേണ്ടതിനായി വെറുതെ വേദാധാരം ആരായുകയും സന്ദേഹം ഉന്നയിക്കയും ചെയ്യാറുണ്ട്. എന്നാൽ, തിരുവെഴുത്തിലെ സന്ദേശം അറിയുവാനുള്ള ആഗ്രഹത്തോടും, വിശ്വാസികളോടുള്ള ദൈവീക ആലോചന എന്തെന്ന് അറിയുവാനുള്ള വാഞ്ഛയോടും കൂടെയാണ് ആഭരണത്തെ സംബന്ധിച്ച ചോദ്യം നിങ്ങളുടെ ഹൃദയത്തിൽ ഉള്ളതെങ്കിൽ സർവശക്തൻ അജ്ഞതയിൽ തള്ളികളകയില്ല. ആഭരണധാരണം സംബന്ധിച്ച് അവിടുത്തെ ഹിതം എന്നെ അറിയിക്കേണമേ എന്ന പ്രാർത്ഥനയോടുകൂടെ

നിങ്ങൾ ദൈവവചനം ആരാഞ്ഞുകൊണ്ടിരിക്കുന്നു എങ്കിൽ, ഈ ഗ്രന്ഥ ത്തിൽ പറയുന്ന കാര്യങ്ങൾ ചിന്തയ്ക്കായി പരിഗണിച്ചാലും.

## 2.ആഭരണം ധരിക്കുന്ന വിശ്വാസികളോട് നമ്മുടെ മനോഭാവം എന്തായിരിക്കണം.

ആഭരണം ധരിക്കുന്ന വിശ്വാസികളെ കുറിച്ച് ആഭരണം ധരി ക്കാത്ത വിശ്വാസികൾക്ക് പല ധാരണകൾ കാണുന്നുണ്ട്. തീവ്രവാദപ രമായ ചില നിലപാടുകൾ ആത്മീകതയിൽ നിന്നുള്ളതു തന്നെയോ എന്നു പോലും സംശയിക്കണം. വിവിധ ചിന്താഗതികൾ നോക്കുക:

1. ആഭരണം ധരിക്കുന്നവർ വിശ്വാസികളേ അല്ല.
2. ആഭരണം ധരിക്കുന്ന വിശ്വാസികൾ എല്ലാവരും ലൗകിക ന്മാരും ജഢികന്മാരുമാണ്.
3. ആഭരണം ധരിക്കുന്ന വിശ്വാസികൾ ഇതര ആത്മീക ഉപദേ ശങ്ങളെ കുറിച്ച് വചന പരിജ്ഞാനമില്ലാത്തവരാണ്.
4. എന്നാൽ ചിലർ ആഭരണം ധരിക്കുന്ന വിശ്വാസികളെപ്പറ്റി കരുതുന്നത്, രക്ഷിക്കപ്പെട്ട ശേഷം സാഹചര്യങ്ങൾ കൊണ്ടോ, ഈ വിഷയം സംബന്ധിച്ച് വചന പരിജ്ഞാനം സിദ്ധിക്കാതിരുന്നതു കൊണ്ടോ അവർ ആഭരണം ധരിക്കുന്നു എന്നത്രേ.

ആഭരണം ധരിക്കുന്നവർ വിശ്വാസികളേ അല്ല എന്നു കരുതു ന്ന ഒരു കൂട്ടം വിശ്വാസികൾ ആഭരണം ധരിക്കാത്ത വിശ്വാസികളുടെ മദ്ധ്യേ ഉണ്ട്. ആഭരണം ധരിക്കുന്നവർ എല്ലാവരും അവിശ്വാസിക ളാണോ? ആണെന്നു പറയുന്നതിന് വേദാധാരമില്ല. രക്ഷിക്കപ്പെടുക എന്നത് ആഭരണം വർജ്ജിക്കുന്നതാണ് എങ്കിൽ മാത്രമേ, ആഭരണം ധരിക്കുന്നവർ എല്ലാം അവിശ്വാസികൾ ആണ് എന്നു പറയുവാൻ കഴി യൂ. ബൈബിൾ പറയുന്ന രക്ഷയ്ക്കുള്ള ദൈവവ്യവസ്ഥ ആഭരണ വർജ്ജനമല്ലല്ലോ. അജ്ഞതകൊണ്ടോ മറ്റു കാരണങ്ങൾ കൊണ്ടോ രക്ഷിക്കപ്പെട്ട ശേഷം ഒരു വ്യക്തി ആഭരണം വർജ്ജിച്ചില്ല എന്നു വരാം. ആഭരണം ധരിച്ചിരിക്കുന്നു എന്നതിനാൽ വിശ്വാസി അല്ല എന്നു വരു ന്നില്ല.

ആഭരണം വർജ്ജിച്ചിട്ടും സ്ഥാനമാനങ്ങൾക്കുവേണ്ടി സഭയിൽ ഭിന്നത ഉണ്ടാക്കുകയും, ഗൗരവതരമായ ഉപദേശ വൈരുദ്ധ്യം പുലർത്തു



കയും, വചനം അനുസരിക്കുവാൻ വിമുഖത കാണിക്കുകയും ചെയ്യുന്നവരെ വിശ്വാസികളായി തന്നെ കാണാമെങ്കിൽ ആഭരണം ധരിക്കുന്നവരെല്ലാം അവിശ്വാസികളാണെന്നു കരുതുന്നത് ആത്മീക മെന്ന ധാരണയിൽ പരീശ മനഃസ്ഥിതി വച്ചു പുലർത്തുന്നതുകൊണ്ടാണ്. ആഭരണം ധരിക്കുന്നവർ എല്ലാം അവിശ്വാസികളാണ് എന്ന പരിധി വരെ നാം പോകേണ്ടതില്ല. ആഭരണം ധരിക്കാത്തവരെല്ലാം രക്ഷിക്ക പ്പെട്ടവരാണെന്നും കരുതേണ്ടാ.

ആഭരണം അണിയാത്ത വിശ്വാസികൾ നിഗളം കൂടാതെ, ആത്മീക അഹന്ത ലേശവും ഏശാതെ, സ്നേഹത്തിലും ആർദ്രതയിലും വചനത്തിലെ വ്യക്തമായ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ആഭരണം വർജ്ജിക്കുവാൻ ആഭരണം ധരിക്കുന്ന വിശ്വാസികളെ പ്രേരിപ്പിക്ക യാണ് വേണ്ടത്. വിശ്വാസത്തിൽ ക്ഷീണിപ്പിക്കാതെ, ക്ഷമയോടെ വചനസത്യം അവർക്ക് മനസ്സിലാക്കി കൊടുക്കയും അവർക്കായി പ്രാർത്ഥിക്കയും വേണം. കോപവും ക്ഷമയില്ലായ്മയും അസഹിഷ്ണ തയും ശകാരവും ഒന്നും വചനത്തിനു ബദലാകുന്നില്ല. ആഭരണം ധരി ക്കാത്തവർ എല്ലാം ആത്മീകതയിൽ തികഞ്ഞവരാണെന്ന ചിന്ത നമ്മുടെ മനോഭാവത്തിൽ അശേഷം തീണ്ടുവാൻ പാടില്ല.

## 3. വിശ്വാസികൾ ആഭരണം വർജ്ജിക്കണം എന്ന വേദോപദേശം എന്തുകൊണ്ട് സഭകളിൽ സ്പഷ്ട മായി പഠിപ്പിക്കുന്നില്ല?

വിശ്വാസികൾ ആഭരണം വർജ്ജിക്കണം എന്ന ഉപദേശം പല സഭകളിലും സ്പഷ്ടമായി പഠിപ്പിക്കുന്നില്ല. പല കാരണങ്ങളാണ് ഇതിന് പിന്നിലുള്ളത്. ചില കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. അജ്ഞത. പലരും കരുതുന്നത് പഴയനിയമകാലത്ത് യിസ്രായേൽ ജനത്തിനു പ്രത്യേക സാഹചര്യങ്ങളിൽ നല്കിയ പ്രമാണങ്ങളല്ലാതെ ആഭരണം വർജ്ജിക്കുവാനുള്ള വ്യക്തമായ ഉപദേശം പുതിയനിയമ സഭയ്ക്കായി പുതിയനിയമത്തിൽ പ്രസ്താവിച്ചിട്ടില്ല എന്നത്രേ. ആഭര ണധാരണത്തെക്കുറിച്ചുള്ള വേദോപദേശം സംബന്ധിച്ച അജ്ഞത കൊണ്ട് ധാരാളം സഭകളിൽ ആഭരണം വർജ്ജിക്കേണ്ടതിനെപ്പറ്റി പഠി പ്പിക്കുന്നില്ല.

2. കൂടിവരവുകളിലെ അംഗസംഖ്യ കുറയും എന്ന ഭയം കൊണ്ട് ആഭരണം വർജ്ജിക്കണം എന്ന വേദോപദേശം ചില സഭകളിൽ പഠിപ്പിക്കാതിരിക്കുന്നുണ്ട്. ഇവർ മിക്കവരും ആഭരണം വർജ്ജിക്കണം എന്ന് നിഷ്കർഷിക്കാറില്ലെങ്കിലും ആഭരണം ധരിക്കാതിരിക്കുന്നതാണ് നല്ലത് എന്ന് പഠിപ്പിക്കുന്നുണ്ട്.
3. കൂടുതൽ പേരെ സ്നാനപ്പെടുത്തുവാൻ കഴിയുന്നത് ആഭരണം വർജ്ജിക്കുന്നതു പഠിപ്പിക്കാതിരിക്കുമ്പോഴാണ്. അതിനാൽ ചിലർ പഠിപ്പിക്കുന്നില്ല.
4. ചില ഉപദേശകന്മാർ ആഭരണഭ്രമം ഉള്ളവരാകയാൽ അവർ സ്വയം വർജ്ജിക്കാതിരിക്കുന്നതു മൂലം മറ്റുള്ളവരെ പഠിപ്പിക്കാതിരിക്കുന്നു; ഈ വേദോപദേശത്തോടു അവഗണന കാട്ടുന്നു.

## 4. എന്തുകൊണ്ട് വിശ്വാസികൾ ആഭരണം ഉപേക്ഷിക്കുവാൻ വിമുഖത കാണിക്കുന്നു?

1. അജ്ഞത. ബൈബിൾ ആഭരണധാരണം വിലക്കുന്നു എന്ന് വ്യക്തമായി അറിയാത്തതിനാൽ ചിലർ ഉപേക്ഷിക്കുന്നതിന് വിമുഖത കാണിക്കുന്നു.
2. ആഭരണം ധരിക്കാതിരിക്കുന്നത് ലജ്ജാകരമാണെന്നു കരുതുന്നതിനാൽ ചിലർ അത് ഉപേക്ഷിക്കുന്നില്ല. ആഭരണം ഉപേക്ഷിച്ചാൽ മറ്റുള്ളവർ ആക്ഷേപിക്കും, സമൂഹത്തിൽ മാന്യത നഷ്ടപ്പെടും എന്നും മറ്റും ഇവർ ഭയപ്പെടുന്നു.
3. ആഭരണം വാങ്ങുവാൻ പ്രാപ്തിയില്ലാത്ത ദരിദ്രരാണ് ഇവർ എന്നു മറ്റുള്ളവർ കരുതും എന്ന ഭയം കൊണ്ട് ചിലർ ആഭരണം ഉപേക്ഷിക്കുവാൻ വിമുഖത കാട്ടുന്നു. ഇതേ കാരണം കൊണ്ടുതന്നെ ആഭരണം വർജ്ജിക്കുന്ന വിശ്വാസികളിൽ ചിലർ വിലയേറിയ വസ്ത്രം ധരിക്കുവാൻ ഭ്രമം കാണിക്കുന്നുമുണ്ട്.
4. ഭവനത്തിലും സമൂഹത്തിലും ഉള്ളവരിൽ നിന്ന് എതിർപ്പ് ഭയന്ന് രക്ഷിക്കപ്പെട്ട വിവരം രഹസ്യമായി സൂക്ഷിക്കുവാൻ ആഭരണം ഉപേക്ഷിക്കാത്തവരാണ് വേറെ ചിലർ. ആഭരണധാരണം ദൈവവചനത്തിന്റെ വെളിച്ചത്തിൽ വിശ്വാസികൾക്കു ഉചിതമല്ല എന്ന് ഇവരിൽ പലർക്കും ഉത്തമ ബോധ്യമുണ്ട്. മിക്കവരും ആഭരണത്തിന്റെ അളവ് കുറയ്ക്കുന്നതായും കാണുന്നുണ്ട്. എങ്കിലും പൂർണമായി ആഭരണം



വർജ്ജിച്ചാൽ രക്ഷിക്കപ്പെട്ട വിവരം കുടുംബാംഗങ്ങൾ അറിയുകയും മറ്റു വിശ്വാസികളുമായി കൂട്ടായ്മയ്ക്ക് ഇപ്പോഴുള്ള അവസരം തന്നെ ഇവർക്ക് വിലക്കപ്പെടുകയും ചെയ്തേക്കാം എന്നതുകൊണ്ട് ആഭരണം വർജ്ജിക്കാതിരിക്കുന്നു. ആഭരണം വർജ്ജിക്കുന്നതിന് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഇവരിൽ പലരും ആഭരണം വർജ്ജിക്കുന്നു.
5. വിവാഹിതരാണെന്നതിന് ചിഹ്നമായി താലി, മോതിരം മുതലായവയും താലി കൊളുത്തിയിടാനുള്ള മാലയും ധരിക്കുന്നതിൽ തെറ്റില്ലെന്നു ചിലർ കരുതുന്നു. പ്രത്യേകിച്ച്, ഭർത്താവ് അവിശ്വാസിയാണെങ്കിൽ താലി മാല ഉപേക്ഷിക്കുന്നത് ഭർത്താവിനോടുള്ള ഉടമ്പടി ലംഘിക്കുകയാണെന്ന് ഭർത്താവും ഭർതൃഗൃഹാംഗങ്ങളും മറ്റുള്ളവരും കരുതിയേക്കാം എന്നതുകൊണ്ട് വിശ്വാസത്തിലേക്കു വന്ന ചില സഹോദരിമാർ അവ ഉപേക്ഷിക്കാതിരിക്കുന്നുണ്ട്.

*********

## അദ്ധ്യായം 2

# ക്രിസ്തീയ ഉപദേശങ്ങളും പഴയനിയമവും

ആഭരണത്തെയും പൊന്ന്, വെള്ളി മുതലായ വസ്തുക്കളെയും കുറിച്ച് പഴയനിയമത്തിൽ ധാരാളം ഭാഗങ്ങളിൽ പറയുന്നുണ്ട്. അവ പഴയനിയമ കാലഘട്ടത്തിൽ യിസ്രയേൽ ജനത്തിന് കൊടുത്ത പ്രമാണങ്ങളായിരുന്നു. ആഭരണത്തെ തുച്ഛീകരിച്ച് യഹോവ പറയുന്നതു യിസ്രയേൽ ജനത്തിന്റെ പ്രത്യേക സാഹചര്യങ്ങളിൽ ആകയാൽ അവ പുതിയനിയമ വിശ്വാസികൾക്കുള്ള കൽപ്പന അല്ല എന്ന് പലരും ചിന്തിച്ചുവരുന്നു.

പഴയനിയമത്തിലെ കൽപ്പനകൾ പൂർണമായി പുതിയനിയമ വിശ്വാസികൾ പാലിക്കണം എന്നു പറയാനാവില്ല എന്നത് ശരിയാണ്. എന്നാൽ പഴയനിയമവും ദൈവീക തിരുവെഴുത്താകയാൽ നമുക്ക് പ്രയോജനമുള്ളതാണ്. *എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു* (2തിമൊഥെയോസ് 3.16,17). ഏതു വിഷയത്തെക്കുറിച്ചും പഴയനിയമത്തിലെ പാഠങ്ങൾ നാം പരിഗണിക്കേണ്ടതു തന്നെയാണ്. ആഭരണധാരണം സംബന്ധിച്ച് പഴയനിയമം നല്കുന്ന പാഠത്തെ അന്യത്ര പരിശോധിക്കാം.

പുതിയനിയമത്തിന്റെ വെളിച്ചത്തിൽ വേണം നാം പഴയനിയമം പഠിക്കുവാൻ. പുതിയനിയമം പഴയനിയമത്തിൽ മറഞ്ഞിരിക്കുന്നു എങ്കിൽ, പഴയനിയമം പുതിയനിയമത്തിൽ വെളിപ്പെട്ടിരിക്കുന്നു. പഴയനിയമം നിഴലാണെങ്കിൽ പുതിയനിയമം പൊരുളാണ് (കൊലോസ്യർ



2.17; എബ്രായർ 10.1). എബ്രായ ലേഖനത്തിന്റെ പ്രതിപാദ്യം തന്നെ പഴയനിയമത്തെക്കാൾ പുതിയനിയമത്തിന്റെ ശ്രേഷ്ഠത എന്നത് ആണെന്നു പറയാം.

പഴയനിയമത്തിലെ ആചാരങ്ങളും കൽപ്പനകളും അനുഷ്ഠാനങ്ങളും പുതിയനിയമ വിശ്വാസികൾ അപ്പടി പിൻതുടരുകയല്ല, പുതിയനിയമത്തിന്റെ വെളിച്ചത്തിൽ അവയെ അനുസരിക്കയാണ് വേണ്ടത്. പഴയനിയമത്തിലെ മൃഗബലി നാം അർപ്പിക്കാതിരിക്കുന്നത് അവയുടെ പൊരുളായി യേശുക്രിസ്തു ക്രൂശിൽ യാഗമായി എന്ന് പുതിയനിയമം പറയുന്നതുകൊണ്ടാണ്. *യേശുവോ പാപങ്ങൾക്കു വേണ്ടി ഏകയാഗം കഴിച്ചിട്ട്.....(എബ്രായർ 10.12). ഇനിമേൽ പാപങ്ങൾക്കു വേണ്ടി ഒരു യാഗവും ആവശ്യമില്ല (എബ്രായർ 10. 18).* മൃഗബലി അർപ്പിക്കുവാൻ നാം ഇന്ന് ബാദ്ധ്യസ്ഥരല്ല എന്ന് പുതിയനിയമത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാം.

ഇപ്രകാരം തന്നെ, പഴയനിയമ പെരുന്നാളുകൾ (ലേവ്യപുസ്തകം 23) പുതിയനിയമ സത്യങ്ങളുടെ നിഴലുകൾ മാത്രമാകയാൽ അവയുടെ പേരിൽ പുതിയനിയമ വിശ്വാസികളെ വിധിക്കരുത് എന്ന് പുതിയനിയമം പറയുന്നു. *അതുകൊണ്ട് ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ പെരുനാൾ, വാവ്, ശബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരുവാനിരുന്നവയുടെ നിഴലത്രേ; ദേഹം എന്നതോ ക്രിസ്തുവിനുള്ളത് (കൊലോസ്യർ 2.16,17).* ക്രിസ്തു വിശ്വാസികൾ അവ ആചരിക്കുവാൻ കടപ്പെട്ടിരിക്കുന്നില്ല എന്ന് പുതിയനിയമത്തിന്റെ വെളിച്ചത്തിൽ പഠിക്കുമ്പോൾ ഗ്രഹിക്കാം.

പത്തുകൽപ്പനകളാകട്ടെ, പഴയനിയമത്തിലുള്ളതിനേക്കാൾ ശ്രേഷ്ഠമായ നിലയിൽ പുതിയനിയമത്തിൽ നൽകിയിരിക്കുന്നു. ഉദാഹരണമായി, പഴയനിയമം കൊല ചെയ്യരുത് എന്ന് പറയുമ്പോൾ പുതിയനിയമം സഹോദരനോട് കോപിക്കുന്നവൻ ന്യായവിധിക്കു യോഗ്യനാകും എന്നു പറയുന്നു. *കുലചെയ്യരുത് എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്കു യോഗ്യനാകും എന്നും പൂർവ്വന്മാരോട് അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത്: സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും (മത്തായി 5.21,22).* വ്യഭിചാരത്തേക്കുറിച്ചും മോഷ്ടിക്കുന്നതിനെക്കുറിച്ചും മറ്റു കൽപ്പനകളെക്കുറിച്ചും ഈ നിലയിൽ പുതിയനിയമത്തിൽ കാണുന്നു.

പുതിയനിയമ സഭയുടെ ഉപദേശങ്ങൾ ആധാരപ്പെട്ടിരിക്കുന്നത് യേശുക്രിസ്തുവിന്റെ അപ്പോസ്തോലന്മാരും പ്രവാചകന്മാരും മുഖാന്തരം നൽകപ്പെട്ട പുതിയനിയമത്തിലാണ്. *നിങ്ങളെ **അപ്പോസ്തലന്മാരും പ്രവാചകന്മാരും** എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു* (എഫെസ്യർ 2.21) എന്നു പറഞ്ഞിരിക്കുന്നു. ഇതോടൊപ്പം എഫെസ്യർ 3.2,3,5 എന്നീ വാക്യങ്ങളും നോക്കുക: *നിങ്ങൾക്കായി എനിക്കു ലഭിച്ച ദൈവകൃപയുടെ വ്യവസ്ഥയെക്കുറിച്ച് ഞാൻ മീതെ ചുരുക്കത്തിൽ എഴുതിയതുപോലെ വെളിപ്പാടിനാൽ എനിക്ക് ഒരു മർമ്മം അറിവായ്വന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.... ...... .... ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ **അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും** ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് അറിവായി വന്നിരുന്നില്ല.*

ദൈവീക വെളിപ്പാടുകളുടെ പൂർത്തീകരണം പുതിയനിയമത്തിൽ കാണുന്നു. അതുകൊണ്ട്, നമ്മുടെ ഉപദേശങ്ങൾക്ക് ആധാരമായിരിക്കേണ്ടത് പുതിയനിയമമാണ്. അപ്പൊസ്തലിക ഉപദേശമാണ് നാം പിൻതുടരേണ്ടത്. *നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നു എങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ചു നീതിക്ക് ദാസന്മാരായി തീർന്നതുകൊണ്ട് സ്തോത്രം (റോമർ 6.17,18).*

ആഭരണധാരണം സംബന്ധിച്ച് വിശ്വാസികളോടുള്ള കൽപ്പന പുതിയനിയമത്തിൽ നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. പഴയനിയമ വേദഭാഗങ്ങളിൽ ആഭരണത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന കാര്യങ്ങളെ പുതിയനിയമ ഉപദേശത്തിന്റെ വെളിച്ചത്തിൽ നാം പഠിക്കണം. പുതിയനിയമത്തിൽ നിന്ന് നമുക്ക് ആരംഭിക്കാം.

*********

## അദ്ധ്യായം 3

# തിരുവെഴുത്ത് എന്തു പറയുന്നു–1

വിശ്വാസികൾ ആഭരണം ധരിക്കുന്നതിനെക്കുറിച്ച് പുതിയനിയമം എന്താണ് പറയുന്നത്? വിശ്വാസികൾ ആഭരണം വർജ്ജിക്കുന്നതിന് ആജ്ഞ പുതിയനിയമത്തിൽ ഉണ്ടോ?

ഈ അദ്ധ്യായത്തിൽ നമുക്ക് 1തിമൊഥെയോസ് 2.9,10 വാക്യങ്ങൾ വിചിന്തനം ചെയ്യാം.

*1 തിമൊ.2.9 അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം.*

*1 തിമൊ.2.10 പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകും വണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രെ അലങ്കരിക്കേണ്ടത്.*

ഈ വാക്യം കണ്ടപ്പോൾ തന്നെ പല ചിന്തകളും മനസിൽ പൊന്തി വന്നിരിക്കാം. വിശ്വാസികൾ ആഭരണം വർജ്ജിക്കണം എന്നതിന് ആധാരമായി ഈ വാക്യം ചൂണ്ടിക്കാണിക്കുമ്പോൾ പലരും ഉന്നയിക്കാറുള്ള ചില വസ്തുതകളെ വിചിന്തനം ചെയ്യാം. അതിനുശേഷം ഈ വാക്യത്തിൽ ദൈവീക കൽപ്പന ഉള്ളടങ്ങിരിക്കുന്നുവോ എന്ന് പരിശോധിക്കാം.

***1. ഇക്കാലത്ത്, ആഭരണം ധരിക്കാത്ത വിശ്വാസികൾ വളരെപ്പേർ വിലയേറിയ വസ്ത്രം ഉപയോഗിക്കുന്നതിനാൽ 1തിമൊ 2.10 ന്റെ അടിസ്ഥാനത്തിൽ ആഭരണം ധരിക്കരുത് എന്ന ആശയത്തിനു പ്രസക്തിയില്ല എന്നു വരുന്നില്ലേ?***

**വിചിന്തനം:** ഇവിടെ ഉന്നയിച്ചിരിക്കുന്ന ആരോപണം അടിസ്ഥാന രഹിതമെന്നു പറയാനാവില്ല. ധാരാളം വിശ്വാസികൾ വിലയേറിയ വസ്ത്രം ഉപയോഗിക്കുന്നുണ്ട്. ആഭരണം ധരിക്കുന്നില്ലെങ്കിലും വില യേറിയ വസ്ത്രത്തിൽ ഭ്രമം കാണിക്കുന്ന വിശ്വാസികൾ ഉണ്ട്. എന്നാൽ നാം വേദം അനുസരിക്കാതിരിക്കുന്നതിന് പര്യാപ്തമായ ഒരു ന്യായ മാണോ ഇത്?

1തിമൊഥെയോസ് 2.9, 10 എന്നീ വാക്യങ്ങളിൽ അലങ്കാ രത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. 1തിമൊ 2.9ൽ വിശ്വാസിയുടെ അലങ്കാരം എന്ത് ആയിരിക്കണമെന്നും 1തിമൊ 2.10 ൽ അലങ്കാരം എന്താ യിരിക്കരുതെന്നും പറഞ്ഞിരിക്കുന്നു.

നാലു കാര്യങ്ങൾ (പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേ റിയ വസ്ത്രം) ദൈവഭക്തിയെ സ്വീകരിക്കുന്നവർക്ക് ഉചിതമല്ല എന്ന് 1തിമൊ 2.10ൽ പേരെടുത്ത് പറഞ്ഞിരിക്കുന്നു. അതിൽ ഒരു കാര്യം ചിലർ ലംഘിക്കുന്നു (വിലയേറിയ വസ്ത്രം ധരിക്കുന്നു) എന്നത് മറ്റൊരു കാര്യം ലംഘിക്കുന്നതിന് (പൊന്നണിയുന്നതിന്) എനിക്ക് സ്വാതന്ത്ര്യം തരുന്നില്ല. പത്തു കല്പനകളിൽ *കുലചെയ്യരുത്* എന്ന കൽപ്പന ചിലർ ലംഘിക്കുന്നു എന്നതുകൊണ്ട് *മോഷ്ടിക്കരുത്* എന്ന കൽപ്പന ലംഘിക്കുവാൻ എനിക്ക് അനുമതി സിദ്ധിക്കുന്നില്ല. എല്ലാ കൽപ്പനകളും അനുസരിക്കുവാനുള്ള ചുമതല നമുക്ക് എല്ലാവർക്കും ഉണ്ട്, ദൈവം അതാഗ്രഹിക്കുന്നു. ആഭരണം ധരിക്കാത്തവർ ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ അവിടെ പറഞ്ഞിരിക്കുന്ന മറ്റു കാര്യ ങ്ങൾ കൂടെ വർജ്ജിക്കേണ്ടതു തന്നെയാണ്. എന്നാൽ, ആഭരണം ധരി ക്കാത്ത വിശ്വാസികൾ വിലയേറിയ വസ്ത്രം ധരിക്കുന്നു എന്ന കാര ണം പറഞ്ഞ് ഞാൻ ആഭരണം ധരിക്കുവാൻ പാടില്ല. കാരണം, ദൈവം അതു എന്നെക്കുറിച്ച് ആഗ്രഹിക്കുന്നില്ല എന്ന് തന്റെ വചനത്തിലൂടെ 1തിമൊ 2.10ൽ വെളിപ്പെടുത്തിയിരിക്കുന്നു.

***2. 1തിമൊ 2.10 നാം അനുസരിക്കേണ്ടതാണെങ്കിൽ വിശ്വാസികൾ തല മുടി പിന്നുന്നതും പാപമാണല്ലോ.***

**വിചിന്തനം:** അലങ്കാരമായി ഉപയോഗിക്കരുതാത്ത നാലു കാര്യങ്ങ ളാണല്ലോ ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നത്. മുടി അലങ്കാരമായി പിന്നുന്നത് ദൈവഭക്തിയെ സ്വീകരിക്കുന്നവർക്ക് ഉചിതമല്ലെന്നാണ് ഈ വാക്യം വിലക്കിയിരിക്കുന്നത്.



മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പൊന്ന്, മുത്ത് ഇവയോടൊപ്പം *പിന്നിയ* തലമുടി*, *വിലയേറിയ* വസ്ത്രം ഇവയെയാണ് ഈ വാക്യം വിലക്കുന്നത്. ഇവിടെ തലമുടിയെ *പിന്നിയ* എന്ന പദവും വസ്ത്രത്തെ *വിലയേറിയ* എന്ന പദവും വിശേഷിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. നാലു കാര്യങ്ങളെ വിലക്കിയിരിക്കുന്നതിൽ രണ്ടു കാര്യങ്ങളോട് കൂടെ ചേർത്തിരിക്കുന്ന *പിന്നിയ*, *വിലയേറിയ* എന്നീ വിശേഷണങ്ങൾ, അവ വിശേഷിപ്പിക്കുന്ന കാര്യങ്ങളെ വേർതിരിച്ചു കാണിക്കുന്നു. മറ്റു രണ്ടു കാര്യങ്ങളെ അപേക്ഷിച്ച് ഇവ തികച്ചും മൗലീകമാണ് എന്നു കാണാം. അതായത്, തലമുടിയും വസ്ത്രവും അല്ല ദൈവം ഇവിടെ വിലക്കുന്ന ത്. തലമുടി ഉചിതം, എന്നാൽ അലങ്കാരത്തിന്നായി *പിന്നിയ* തലമുടി ഉചിതമല്ല. വസ്ത്രം ഉചിതം, *വിലയേറിയ* വസ്ത്രം ദൈവഭക്തിയെ സ്വീക രിക്കുന്നവർക്ക് ഉചിതമല്ല എന്ന് ഈ വാക്യം നമ്മെ പഠിപ്പിക്കുന്നു.

പൊന്ന്, മുത്ത് ഇവ അലങ്കാരമായി അണിയുന്നതുപോലെ തന്നെ ദൈവഭക്തിയെ സ്വീകരിക്കുന്നവർക്ക് ഉചിതമല്ലാത്തതാണ് അല ങ്കാരത്തിന്നായി മുടി *പിന്നുന്നതും*, വസ്ത്രം *വിലയേറിയതു* ധരിക്കുന്ന തും.

(*ഗ്രീക്ക് പുതിയനിയമത്തിൽ തലമുടി എന്ന പദം ഈ വാക്യ ത്തിൽ കാണുന്നില്ല. അതുകൊണ്ട്, പൊന്ന് പിന്നിച്ചേർത്ത് ശിരസ്സിനെയും മറ്റും അലങ്കരിക്കുന്നതിനെയാണ് ഇവിടെ ഉദ്ദേശിക്കുന്നത് എന്ന് ചിലർ കരുതുന്നു.

ചില എഴുത്തുകാർ പറയുന്നത് നോക്കുക:
<u>Jamieson-Fausset-Brown Commentary:</u> “braided hair--literally, "plaits," that is, plaited hair: probably with the "gold and pearls" intertwined (1Pe 3:3).”
<u>Robertson’s NT Word Pictures:</u> “Not with braided hair (*mê en plegmasin*). Old word from *plekô*, to plait, to braid, for nets, baskets, here only in N.T.

എന്നാൽ 1പത്രോസ് 3.3ൽ *തലമുടി പിന്നുന്നതും* എന്നു പറ യുന്നിടത്ത് തലമുടി എന്നതിന്റെ ഗ്രീക്കു പദം *ട്രിക്കോൺ* ഉപയോഗി ച്ചിട്ടുണ്ട്. അതാണ് ഈ വിചിന്തനത്തിന്റെ പ്രസക്തി.).

***3. വിശ്വാസിയുടെ അലങ്കാരത്തെ സംബന്ധിച്ച പൊതു തത്വം പറയു***

***കയല്ലാതെ എന്ത് ധരിക്കരുത് എന്ന കൽപ്പന 1തിമൊ 2.9,10-ൽ കാണുന്നില്ലല്ലോ?***

**വിചിന്തനം 1:** ഗ്രീക്ക് ഭാഷയിൽ ഈ വാക്യം ആജ്ഞാ വാചകം (imperative mood) അല്ല എന്നതായിരിക്കാം ഇപ്രകാരം ഒരു ധാരണയ്ക്കു പിന്നിലെ ഹേതു എന്നു കരുതുന്നു. അതായത്, *1തിമൊ* 2.9-ാം വാക്യത്തിൽ അലങ്കരിക്കുക എന്നതിന് *കോസ്മെയ്ൻ* (*kosmein*, present tense, active voice, infinitive of *kosmeo* = to adorn) എന്ന ഗ്രീക്ക് പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് imperative mood (ആജ്ഞാ രൂപം) അല്ല, infinitive (നടുവിനയച്ചം) ആണ്. അതുകൊണ്ട് ഈ വാക്യത്തിൽ ആജ്ഞ ഇല്ല എന്നു ചിലർ കരുതുന്നു.

എന്നാൽ ഈ വാക്യത്തിൽ *എന്ത് ധരിക്കരുത്* എന്ന ആശയം ഉണ്ടോ എന്ന് നാം ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും കാര്യങ്ങളെ വിലക്കുന്നതായി ഈ വാക്യത്തിൽ കാണുന്നുണ്ടോ എന്നു നോക്കുക. ചില കാര്യങ്ങൾ കൊണ്ട് *അല്ല* അലങ്കരിക്കേണ്ടത്, സൽപ്രവൃത്തികൾ കൊണ്ടാണ് അലങ്കരിക്കേണ്ടത് എന്നു ഇവിടെ പറഞ്ഞിരിക്കുന്നു. ഏതെല്ലാം കാര്യങ്ങൾകൊണ്ട് *അല്ല* നാം അലങ്കരിക്കേണ്ടത് എന്നു പറഞ്ഞിരിക്കുന്നുവോ അവ നാം വർജ്ജിക്കുകയും ഏതെല്ലാം കാര്യങ്ങൾ കൊണ്ട് അലങ്കരിക്കേണം എന്നു പറഞ്ഞിരിക്കുന്നുവോ അവ സ്വീകരിക്കുകയും വേണം എന്നതാണ് ഈ വാക്യത്തിന്റെ സന്ദേശം.

**വിചിന്തനം 2:** ഈ വാക്യങ്ങളെ നമുക്ക് കുറച്ചു കൂടി അടുത്തു പരിശോധിക്കാം. (മലയാള ഭാഷാന്തരത്തേക്കാൾ ഗ്രീക്ക് മൂലത്തിലെ വാക്യ വിഭജനത്തോട് സാമ്യമുള്ളതാകയാൽ ഇംഗ്ലീഷ് ഭാഷാന്തരത്തെ വാക്യത്തിന്റെ വിശകലനത്തിന് ഇവിടെ ആധാരമാക്കുന്നു.)

ഇതിന്റെ ഘടന നോക്കുക. വാക്യങ്ങളുടെ പ്രാരംഭ ഭാഗത്ത് അലങ്കാരം എന്തെല്ലാം ആയിരിക്കണം എന്നും തുടർന്ന് അലങ്കാരം എന്ത് അരുത് എന്നും പറഞ്ഞിരിക്കുന്നു. ഇംഗ്ലീഷ് ഭാഷാന്തരത്തിൽ, 9,10 എന്നിങ്ങനെ വാക്യം തിരിച്ചിരിക്കുന്നതിൽ വത്യാസം ഉണ്ട്; എങ്കിലും, വാക്യഘടനയിൽ വ്യത്യാസമില്ല. താരതമ്യം ചെയ്തു നോക്കുക.

*1 തിമൊ.2.9 അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം.*



*1 തിമൊ.2.10 പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകും വണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രെ അലങ്കരിക്കേണ്ടത്.*

1Tim 2:9 In like manner also, that women adorn themselves in modest apparel, with shamefacedness and sobriety; not with broided hair, or gold, or pearls, or costly array;
1Tim 2:10 But (which becometh women professing godliness) with good works.
(King James Version)

1Tim 2:9 also that women should adorn themselves modestly and sensibly in seemly apparel, not with braided hair or gold or pearls or costly attire
1Tim 2:10 but by good deeds, as befits women who profess religion.
(Revised Standard Version)

മൂലഭാഷയായ ഗ്രീക്കിലും ഇതേ ഘടനയാണ് കാണുന്നത്.

ഇംഗ്ലീഷ് ഭാഷാന്തരം നോക്കുക:

1Tim 2:9 also that women should adorn themselves modestly and sensibly in seemly apparel, not with braided hair or gold or pearls or costly attire

ഈ വാക്യത്തിന്റെ ഘടന ഇങ്ങനെ വ്യക്തമാക്കാം.

**1. എന്തിനാൽ അലങ്കരിക്കേണം** (നല്ല കാര്യങ്ങൾ അതായത്, also that women should adorn themselves modestly and sensibly in seemly apparel *യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം* എന്ന ആദ്യഭാഗം),

**2. not** ( ഗ്രീക്കിൽ ***മേ me*** ) എന്ന നിഷേധാനുപ്രയോഗം

**3. വിലക്കിയിരിക്കുന്ന കാര്യങ്ങൾ** (നല്ലതല്ലാത്ത കാര്യങ്ങൾ അതായത്, braided hair or gold or pearls or costly attire *പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവ.....*)

ഇനി നമുക്ക് ഗ്രീക്കുഭാഷയിലെ ***മേ me*** എന്ന നിഷേധാനുപ്രയോഗം ഇവിടെ നിഷേധിക്കുന്ന കാര്യങ്ങൾ പൂർണമായി

വർജ്ജിക്കേണ്ടതാണ് എന്ന ആശയം ഈ വാക്യത്തിൽ നിലീനമായിരിക്കുന്നുവോ എന്നു പരിശോധിക്കാം. അതിനായി ഇതേ വാക്യഘടനയുള്ള മറ്റു ചില വേദഭാഗങ്ങൾ നമുക്കു പരിഗണിക്കാം.

## ഒരു താരതമ്യ പഠനം

താരതമ്യ പഠനത്തിനായി ഇതേ ലേഖനത്തിൽ തന്നെയുള്ള ഭാഗങ്ങൾ എടുക്കുന്നത് എഴുത്തുകാരന്റെ ചിന്ത വ്യാപരിക്കുന്നത് ഏതു നിലയിലാണെന്നും, തന്റെ പദപ്രയോഗങ്ങളുടെയും വാചകഘടനയുടെയും അർത്ഥവ്യാപ്തി എത്രത്തോളമാണെന്നും മനസ്സിലാക്കുവാൻ ഉതകുമല്ലോ. അദ്ധ്യക്ഷൻ അഥവാ ബിഷപ്പിനെപ്പറ്റി പറഞ്ഞിരിക്കുന്ന ഒരു വേദഭാഗം ആദ്യം പരിശോധിക്കാം.

## 1. അദ്ധ്യക്ഷൻ അഥവാ ബിഷപ്പിനെപറ്റി പറഞ്ഞിരിക്കുന്ന ഒരു ഭാഗം.

*1തിമൊ.3.2 എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രീയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം.*

*1തിമൊ.3.3 മദ്യപ്രീയനും തല്ലുകാരനും അരുത്; ശാന്തനും കലഹിക്കാത്തവനും, ദ്രവ്യാഗ്രഹമില്ലാത്തവനും..*

1Tim 3:2 A bishop then must be blameless, the husband of one wife, vigilant, sober, of good behaviour, given to hospitality, apt to teach;

1Tim 3:3 Not given to wine, no striker, not greedy of filthy lucre; but patient, not a brawler, not covetous;

ഈ വാക്യത്തിൽ *ആയിരിക്കേണം* (ഇംഗ്ലീഷിൽ A bishop then must ***be*** .... 1Tim 3:2) എന്ന ക്രീയാ പദത്തിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം *എയ്നായ്* എന്നതാണ്. *eimi* എന്ന വാക്കിന്റെ infinitive (നടുവിനയച്ചം) ആണ് ഇത്; imperative mood (ആജ്ഞാ രൂപം) അല്ല. കൃത്യമായി പറഞ്ഞാൽ *einai* എന്നത് *eimi(=ആയിരിക്കുക)* എന്ന പദത്തിന്റെ present tense, infinitive ആണ്. *(einai* present tense, infinitive of *eimi* = to be)



ഈ വാക്യത്തിന്റെ ഘടന പരിശോധിക്കാം.

ഈ വേദഭാഗവും മൂന്നായി വിഭജിക്കാം.

1. അദ്ധ്യക്ഷനുണ്ടായിരിക്കേണ്ട സൽഗുണങ്ങൾ (നല്ല കാര്യങ്ങൾ അതായത്, A bishop then must be blameless, the husband of one wife, vigilant, sober, of good behaviour, given to hospitality, apt to teach *എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥി പ്രീയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം* എന്ന ആദ്യഭാഗം),

2. not ( ഗ്രീക്കിൽ *മേ me* ) എന്ന നിഷേധാനുപ്രയോഗം.

3. വിലക്കിയിരിക്കുന്ന കാര്യങ്ങൾ (നല്ലതല്ലാത്ത കാര്യങ്ങൾ അതായത്, given to wine, no striker, not greedy of filthy lucre; but patient, not a brawler, not covetous *മദ്യപ്രീയനും തല്ലുകാരനും അരുത്; ശാന്തനും കലഹിക്കാത്തവനും, ദ്രവ്യാഗ്രഹമില്ലാത്തവനും*; )

1തിമൊ 2.9,10 ൽ ഉപയോഗിച്ചിരിക്കുന്ന ***മേ*** (***me***) എന്ന പദം തന്നെയാണ ഇവിടെയും ഉപയോഗിച്ചിരിക്കുന്ന നിഷേധാനു പ്രയോഗം. അതിനർത്ഥം, ***മേ*** (***me***) എന്ന പ്രയോഗം ഇവിടെ നിഷേധിക്കുന്ന കാര്യങ്ങൾ അദ്ധ്യക്ഷൻ പൂർണമായി വർജ്ജിക്കേണ്ടതാണ് എന്നത്രെ.

അദ്ധ്യക്ഷൻ (Bishop) ആയിരിക്കുന്നതിന് *1തിമൊ.3.2,3* വാക്യങ്ങളിൽ നിഷേധിച്ചിരിക്കുന്ന ഗുണങ്ങൾ അനുവദനീയമാണെങ്കിൽ മാത്രമേ, അതേ പദം ഉപയോഗിച്ച് 1തിമൊ 2.9,10 ൽ നിഷേധിച്ചിരിക്കുന്ന പൊന്ന്, മുത്ത് മുതലായ അലങ്കാരങ്ങൾ വിശ്വാസിക്ക് അനുവദനീയമായിരിക്കുന്നുള്ളൂ. ബിഷപ്പ് *മദ്യപ്രീയനും തല്ലുകാരനും ശാന്തതയില്ലാത്തവനും കലഹിക്കുന്നവനും, ദ്രവ്യാഗ്രഹിയും** ആകാം എന്ന് അവിശ്വാസികൾപോലും നിരൂപിക്കയില്ലല്ലോ.

(* ആത്മീക മൂല്യങ്ങൾ അന്യംനിന്നു വരുന്ന ഇക്കാലത്ത് ബിഷപ്പ് ആയ്തീരുന്നതിന് അവശ്യം വേണ്ട യോഗ്യതയായി ഇവ തീർന്നേക്കാം. പക്ഷേ ബൈബിൾ അനുവദിക്കുന്നില്ല!)

## 2. ശുശ്രൂഷകന്മാരെപ്പറ്റി പറഞ്ഞിരിക്കുന്ന ഭാഗം.

അടുത്തതായി, ശുശ്രൂഷകനെപ്പറ്റി പറഞ്ഞിരിക്കുന്ന ഭാഗം ഇതേ എഴുത്തുകാരൻ എഴുതിയിരിക്കുന്നത് പരിശോധിക്കാം.

*1തിമൊ 3.8 അവ്വണ്ണം ശുശ്രൂഷകന്മാർ ഘനശാലികളായിരി*

*ക്കേണം; ഇരുവാക്കുകാരും മദ്യപന്മാരും ദുർല്ലാഭമോഹികളും അരുത്.*

1Tim 3:8 Likewise must the deacons be grave, not doubletongued, not given to much wine, not greedy of filthy lucre;

*ആയിരിക്കേണം* എന്ന ക്രീയാ പദത്തിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം *എയ്നായ് (einai* present tense, infinitive of *eimi* = to be) ഈ വാക്യത്തിൽ പ്രത്യേകം ഉപയോഗിച്ചിട്ടില്ല; വാക്യം രണ്ടിൽ ഉപ യോഗിച്ചിട്ടുണ്ടല്ലോ. *ആയിരിക്കേണം* എന്ന ആശയം വ്യംഗ്യമാണ്.

വാക്യത്തിന്റെ ഘടന നോക്കുക:

1. ശുശ്രൂഷകനുണ്ടായിരിക്കേണ്ട സൽഗുണങ്ങൾ (നല്ല കാര്യങ്ങൾ അതായത്, Likewise must the deacons be grave *അവ്വണ്ണം ശുശ്രൂഷക ന്മാർ ഘനശാലികളായിരിക്കേണം* എന്ന ആദ്യഭാഗം),

2. not ( ഗ്രീക്കിൽ *മേ me* ) എന്ന നിഷേധാനുപ്രയോഗം

3. വിലക്കിയിരിക്കുന്ന കാര്യങ്ങൾ (നല്ലതല്ലാത്ത കാര്യങ്ങൾ അതായ ത്, not doubletongued, not given to much wine, not greedy of filthy lucre; *ഇരുവാക്കുകാരും മദ്യപന്മാരും ദുർല്ലാഭ മോഹികളും അരുത്*).

ഇവിടെയും ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന നിഷേധാനു പ്രയോഗം ***മേ*** (***me***) എന്നതു തന്നെയാണ്. അതായത്, ശുശ്രൂഷകന് ഈ വേദഭാഗത്ത് നിഷേധിച്ചിരിക്കുന്ന ഗുണങ്ങൾ അനുവദനീയമാണെ ങ്കിൽ മാത്രമേ, അതേ പദം ഉപയോഗിച്ച് 1തിമൊഥെയോസ് 2.9,10ൽ നിഷേധിച്ചിരിക്കുന്ന പൊന്ന്, മുത്ത് മുതലായ അലങ്കാരങ്ങൾ വിശ്വാ സിക്ക് അനുവദനീയമായിരിക്കുന്നുള്ളൂ. സഭയിലെ ശുശ്രൂഷകന്മാർ *ഇരുവാക്കുകാരും മദ്യപന്മാരും ദുർല്ലാഭമോഹികളും* ആയിരിക്കരു തെന്നു തന്നെയാണ് ഈ വചനം പഠിപ്പിക്കുന്നത്. അതുപോലെ, 1തി മൊഥെയോസ് 2.9ൽ പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം, തലമുടി പിന്നുന്നത് മുതലായ അലങ്കാരങ്ങളെ വിശ്വാസികൾക്ക് വിലക്കിയിരിക്കു ന്നു.

## 3. സ്ത്രീകളെപ്പറ്റി പറഞ്ഞിരിക്കുന്ന ഭാഗം.

അടുത്തതായി, സ്ത്രീകളെപ്പറ്റി പറഞ്ഞിരിക്കുന്ന ഭാഗം ഇതേ ലേഖനത്തിൽ എഴുതിയിരിക്കുന്നത് പരിശോധിക്കാം.



*1തിമൊ 3.11 അവ്വണ്ണം സ്ത്രീകളും ഘനശാലികളായി ഏഷണി പറയാതെ നിർമ്മദമാരും എല്ലാറ്റിലും വിശ്വസ്തമാരുമായിരിക്കേണം*

*1Tim 3:11 Even so must their wives be grave, not slanderers, sober, faithful in all things.*

ഈ വാക്യത്തിന്റയും ഘടന നോക്കുക:

1. *സ്ത്രീകൾ*ക്കുണ്ടായിരിക്കേണ്ട സൽഗുണങ്ങൾ (നല്ല കാര്യങ്ങൾ അതായത്, *Even so must their wives be grave....ഘനശാലികളായി* .... എന്ന ആദ്യഭാഗം),

2. not ( ഗ്രീക്കിൽ *മേ me* ) എന്ന നിഷേധാനുപ്രയോഗം.

3. വിലക്കിയിരിക്കുന്ന കാര്യങ്ങൾ (നല്ലതല്ലാത്ത കാര്യങ്ങൾ അതായ ത്, *slanderers..... ഏഷണി ....* )

*ആയിരിക്കേണം* എന്ന ക്രീയാ പദത്തിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദം *എയ്നായ് (einai* present tense, infinitive of *eimi* = to be) ഈ വാക്യത്തിലും പ്രത്യേകം ഉപയോഗിച്ചിട്ടില്ല; ആ ആശയം വ്യംഗ്യ മാണ്. ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന നിഷേധാനുപ്രയോഗവും ***മേ me*** എന്നതു തന്നെയാണ്.

ഈ വേദഭാഗത്ത് ***മേ (me*** ) എന്ന പദം കൊണ്ട് നിഷേധിച്ചിരി ക്കുന്ന ഗുണങ്ങൾ വിശ്വാസികളായ സ്ത്രീകൾക്ക് അനുവദനീയമാണെ ങ്കിൽ മാത്രമേ, അതേ പദം ഉപയോഗിച്ച് 1തിമൊഥെയോസ് 2.9,10 ൽ നിഷേധിച്ചിരിക്കുന്ന പൊന്ന്, മുത്ത് മുതലായ അലങ്കാരങ്ങൾ സ്ത്രീകൾക്ക് അനുവദനീയമായിരിക്കുന്നുള്ളൂ.

സ്ത്രീകൾ ഏഷണി പറയുന്നതിന് *1തിമൊ 3.11* മൗനാനുവാദം തരുന്നുണ്ടെങ്കിൽ 1തിമൊഥെയോസ് 2.9 ആധാരമാക്കി പൊന്നണിയു കയും, മുത്തണിയുകയും വിലയേറിയ വസ്ത്രം ധരിക്കുകയും തലമു ടി പിന്നി അലങ്കരിക്കുകയും ചെയ്യാം.

ഇതിൽ നിന്നും 1തിമൊഥെയോസ് 2.9,10ൽ ക്രീയാപദം imperative mood (ആജ്ഞാ രൂപം)ൽ അല്ല എന്നതുകൊണ്ട് വ്യാകരണ നിയ മപ്രകാരം ആജ്ഞാ വാക്യം അല്ലെന്നു വന്നാലും, അവിടെ നിഷേധിച്ചി രിക്കുന്ന കാര്യങ്ങൾ വിശ്വാസികൾക്ക് അനുവദനീയമായ കാര്യങ്ങ ളായി എഴുത്തുകാരനായ പൗലോസ് അപ്പോസ്തലൻ കാണുന്നില്ലെന്ന് വാക്യങ്ങളുടെ താരതമ്യ പഠനം സ്പഷ്ടമാക്കുന്നു.

1തിമൊഥെയോസ് 2.9 ന്റെ സന്ദേശം ഇനിയും വ്യക്തമാകണ മെങ്കിൽ വാക്യഘടനയിൽ ഒന്നാമത്തെ ഭാഗം അഥവാ സൽഗുണങ്ങൾ

പറഞ്ഞിരിക്കുന്ന ഭാഗം വിട്ട്, വാക്യഘടനയിലെ മൂന്നാമത്തെ ഭാഗം അഥവാ വിലക്കിയിരിക്കുന്ന ഭാഗം മാത്രം ചേർത്ത് വാക്യം വായിച്ചു നോക്കുക*. അപ്പോൾ ആജ്ഞ വ്യക്തമാകും.
അതായത്,

*1 തിമൊ.2.9,10 അവ്വണ്ണം സ്ത്രീകളും ............. ................ ............... ............. .................. ................ ................ ...........പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല, .......... .................. .................. ................. .................... ............. .............. അലങ്കരിക്കേണ്ടത്.*

1Tim 2:9 In like manner also, that women adorn ... ............ ............. ............ .......... ................ ..... not with broided hair, or gold, or pearls, or costly array;
(King James Version)

1Tim 2:9 also that women should adorn....... ........ ........ ........ ........ ...... not with braided hair or gold or pearls or costly attire.
(Revised Standard Version)

(*നാം ചെയ്യരുതാത്ത കാര്യത്തിനും ചെയ്യേണ്ട കാര്യത്തിനും തിരുവെഴുത്ത് പ്രാധാന്യം നല്കുന്നതുകൊണ്ട് വിലക്കുന്ന കാര്യങ്ങൾ എന്തെന്ന് മനസിലാക്കിയ ശേഷം വാക്യം പൂർണമായി വായിച്ച് ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാം എന്നു കൂടി ഗ്രഹിച്ചുകൊള്ളേണ്ട താണ്.)

1തിമൊഥെയോസ് 2.9,10ൽ ആജ്ഞാരൂപത്തിലല്ല പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം ഇവയെക്കറിച്ച് പറഞ്ഞിരിക്കുന്നതെങ്കിലും ആ വാക്യത്തിൽ ദൈവീക ആജ്ഞ അന്തർലീനമായിരിക്കുന്നു. അതുകൊണ്ട്, വിശ്വാസികൾ പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം മുതലായ ബാഹ്യാലങ്കാരങ്ങളെ വർജ്ജിക്കേണ്ട താണ്. അതാണ് ഈ വാക്യങ്ങളുടെ നേരായ സന്ദേശം.

*********

## അദ്ധ്യായം 4

# തിരുവെഴുത്ത് എന്തു പറയുന്നു-2

പുതിയനിയമത്തിൽ പൊന്നണിയുന്നതിനെയും അലങ്കാരങ്ങൾ ഉപയോഗിക്കുന്നതിനെയും കുറിച്ച് പ്രതിപാദിക്കുന്ന മറ്റൊരു ഭാഗം ഈ അദ്ധ്യായത്തിൽ പരിശോധിക്കാം.

*1പത്രോസ് 3.3 നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ള തല്ല,*

*1പത്രോസ് 3.4 സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു.*

പൊന്നണിയരുതെന്ന് സ്പഷ്ടമായ കൽപ്പന പുതിയനിയമ വിശ്വാസികൾക്കായി ബൈബിളിൽ, വിശിഷ്യാ പുതിയനിയമത്തിൽ ഇല്ലെന്ന് ധാരാളം വിശ്വാസികൾ കരുതുന്നു. തലമുടി പിന്നുന്നത്, പൊന്നണിയുന്നത് മുതലായ അലങ്കാരങ്ങൾ ധരിക്കരുതെന്ന് പുതിയനിയമത്തിൽ സ്പഷ്ടമായി ആജ്ഞാപിച്ചിരിക്കുന്ന ഒരു ഭാഗമാണിത്. ഈ ഭാഗം വിശദമായി നമുക്ക് താഴെ പരിശോധിക്കാം.

1Peter 3.3 Whose adorning let it not be that outward adorning of plaiting the hair, and of wearing of gold, or of putting on of apparel; (KJV)

1Peter 3.4 But let it be the hidden man of the heart, in that which is not corruptible, even the ornament of a meek and quiet spirit, which is in the sight of God of great price. (KJV) എന്നാണ് ഇംഗ്ലീഷിൽ.

**വിചിന്തനം 1.**

ഇവിടെ, വാക്യം 3ൽ let it not be എന്ന പ്രയോഗം ശ്രദ്ധിക്കുക. let it be എന്നതിന് *എസ്റ്റോ(esto)* എന്ന പദം ആണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. *എസ്റ്റോ (esto)* എന്നതിനു ശേഷം *ഊ (ou)* എന്ന നിഷേധാനുപ്രയോഗം (not) ഉപയോഗിച്ചിരിക്കുന്നു. ഈ രണ്ടു വാക്കുകൾ ചേർത്ത് let it not be എന്ന് ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നു. മലയാളത്തിൽ ഇത് "*ഇങ്ങനെ ........അല്ല*" എന്ന് പരിഭാഷ.

*എസ്റ്റോ* (*esto*) എന്നത് *എയ്മി (eimi*=to be, ആയിരിക്കുക*)* എന്ന ക്രീയാ പദത്തിന്റെ third person singular, present tense, **imperative** mood .... (പ്രഥമ പുരുഷൻ, ഏകവചനം, വർത്തമാനകാലം, അഭിലാഷികം) ആണ് (Thayer's Greek Definitions). ആജ്ഞ അഥവാ അഭിലാഷിക വാചകത്തിനാണ് imperative എന്ന് പറഞ്ഞിരിക്കുന്നത്.

അതായത്, *അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളത്* ആയിരിക്കുവാൻ പാടില്ല എന്ന് ഈ വാക്യത്തിൽ സ്പഷ്ടമായി ആജ്ഞനൽകിയിരിക്കുന്നു.

**വിചിന്തനം 2.**

**ഈ വാക്യം ആജ്ഞാ വാചകം (imperative mood) തന്നെയാണ്.**

ഇംഗ്ലീഷിൽ let it be എന്ന് ഭാഷാന്തരപ്പെടുത്തിയിരിക്കുന്നത് ഈ വാക്യത്തിൽ ആജ്ഞ തന്നെയാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. *let* പ്രയോഗം ഇംഗ്ലീഷിൽ *അനുവാദം* വെളിപ്പെടുത്തുന്നതായും ഇരിക്കുന്നുണ്ട്. എന്നാൽ ഇവിടെ അത് ആജ്ഞ തന്നെയാണ്. "Whose adorning let it not be" എന്നത് ആജ്ഞ അല്ല എന്ന് തെറ്റിദ്ധരിച്ചേക്കാം. "*നിങ്ങളുടെ അലങ്കാരം ........... ഇങ്ങനെ പുറമെയുള്ളതല്ല*" എന്ന മലായാള പരിഭാഷയും ആജ്ഞയല്ല എന്ന് തോന്നിപ്പോകാവുന്നതാണ്.



*let* എന്ന സഹായക ക്രീയ ഇംഗ്ലീഷ് പരിഭാഷയിൽ ഉപയോഗിച്ചിരിക്കുന്നതിന്റെ കാരണം J. Gresham തന്റെ ഗ്രീക്ക് വ്യാകരണ പുസ്തകത്തിൽ വ്യക്തമാക്കുന്നത് നോക്കുക: "It will be observed that the English language has, properly speaking, no imperative of the third person. Hence in translating the Greek imperative of the third person we have to use the helping verb *let,...* (Machen, J. Gresham .,"New Testament Greek for beginners", The Macmillan Company, page 180.) (കൃത്യമായി പറഞ്ഞാൽ ഇംഗ്ലീഷ് ഭാഷയിൽ പ്രഥമപുരുഷ അഭിലാഷികം ഇല്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ട്, ഗ്രീക്ക് പ്രഥമപുരുഷ അഭിലാഷിക വാചകം പരിഭാഷപ്പെടുത്തുമ്പോൾ *let* എന്ന സഹായക ക്രീയ നാം ഉപയോഗിക്കേണ്ടി വരുന്നു.......)

ഈ മുന്നറിയിപ്പ് നോക്കുക: "The third person imperative is normally translated *Let him do*, etc. This is easily confused in English with a permissive idea. Its force is more akin to *he must*, however, or periphrastically, *I command him to* ... Regardless of how it is translated, the expositor is responsible to observe and explain the underlying Greek form." (Wallace, Daniel B., Greek Grammar Beyond the Basics - Exegetical Syntax of the New Testament, Garland:1996. p.486) (പ്രഥമപുരുഷ അഭിലാഷികം സാധാരണയായി *Let him do* എന്നും മറ്റും ഭാഷാന്തരം ചെയ്യപ്പെടുന്നു. ഇത് ഇംഗ്ലീഷിൽ അനുവാദമായി തെറ്റിദ്ധരിച്ചേക്കാം. എന്നാൽ, ഇതിന് *he must* എന്ന ആശയമാണ് ഉള്ളത്, വേറെ വിധത്തിൽ പറഞ്ഞാൽ *I command him to* ... ഇത് എങ്ങനെ പരിഭാഷപ്പെടുത്തിയാലും, ഗ്രീക്ക് മൂല അർത്ഥം നിരീക്ഷിക്കുവാനും വിശദമാക്കുവാനും ഉള്ള ഉത്തരവാദിത്വം വ്യാഖ്യാതാവിനുണ്ട്).

അതായത്, 1പത്രോസ് 3.3 ൽ let it not be എന്നത് third person imperative ആണല്ലോ. ഇംഗ്ലീഷിൽ let it not be എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നതിന് it **must not** be എന്ന ആശയമാണ് ഗ്രീക്കിൽ ഉള്ളത്.

**വിചിന്തനം 3.**

**ഈ വാക്യത്തിൽ അഭിലാഷികം വർത്തമാനകാലത്തിൽ ഉപയോഗിച്ചിരിക്കുന്നു.**

let it be എന്നതിന്റെ ഗ്രീക്ക് മൂലം *എസ്റ്റോ* (*esto*) എന്ന വാക്ക് *എയ്മി (eimi*=to be, ആയിരിക്കുക*)* എന്ന ക്രീയാ പദത്തിന്റെ third

person singular, present tense, imperative mood .... (പ്രഥമ പുരുഷൻ, ഏകവചനം, വർത്തമാനകാലം, അഭിലാഷികം) ആണെന്ന് നാം കണ്ടു വല്ലോ. ഇത് വർത്തമാന കാലത്തിലാണ് (present tense) എന്നത് പ്രത്യേക പ്രാധാന്യം അർഹിക്കുന്നു.

മലയാള ഭാഷയിൽ വർത്തമാന കാലത്തിലാണ് അഭിലാഷികം (ആജ്ഞ) നാം ഉപയോഗിക്കാറുള്ളൂ. എങ്കിലും ഗ്രീക്ക് പുതിയനിയമ ത്തിൽ വർത്തമാന കാലത്തിലും, ആറിസ്റ്റ് (മലയാള വ്യാകരണത്തിലെ സാമാന്യ ഭൂത കാലത്തോടു സാമ്യമുള്ള ഗ്രീക്കു വ്യാകരണത്തിലെ ഒരു കാലമാണ് aorist tense) കാലത്തിലും ആജ്ഞാവാചകം ( imperative mood) ഉപയോഗിച്ചിരിക്കുന്നു. ഗ്രീക്കുഭാഷയിൽ വർത്തമാന കാലത്തിലും ആറിസ്റ്റ് കാലത്തിലും ആജ്ഞയ്ക്ക് അർത്ഥ വത്യാസം ഉണ്ട്.

ഗ്രീക്കുഭാഷയിൽ, വർത്തമാന കാലത്തിലും ആറിസ്റ്റ് കാല ത്തിലും imperative (ആജ്ഞയ്ക്കുള്ള) നുള്ള അർത്ഥ വത്യാസം വിവ രിച്ചിരിക്കുന്നത് നോക്കുക: "The aorist imperative refers to the action without saying any thing about its duration or repetition, while the present imperative refers to it as continuing or as being repeated." (Machen, J. Gresham ., *New Testament Greek for beginners*, The Macmillan Company, page 180). അതായത്, ഗ്രീക്കുഭാഷയിലെ ആറിസ്റ്റ് tense-ൽ (മലയാള വ്യാകരണത്തിലെ സാമാന്യ ഭൂത കാലത്തോടു സാമ്യമുള്ള കാലം) ഉള്ള ആജ്ഞ, ക്രീയയുടെ കാലയളവിനെയോ, ആവർത്തന ത്തെയോ ദ്യോതിപ്പിക്കുന്നില്ല. എന്നാൽ ആ ഭാഷയിൽ വർത്തമാന കാലത്തിലുള്ള ആജ്ഞ, ക്രീയയുടെ തുടർച്ചയേയോ, ആവർത്തന ത്തെയോ ദ്യോതിപ്പിക്കുന്നു. അദ്ദേഹം നല്കുന്ന ഒരു ഉദാഹരണം ശ്രദ്ധിക്കുക: "Thus *luson* means simply *loose*, while *lue* means *continue loosing*, or the like". (page 180).( *luson* aorist tense, active voice, imperative mood ഉം *lue* present tense, active voice, imperative mood ഉം ആണ്.)

ഇതേ കാര്യം തന്നെ മറ്റൊരു ഗ്രീക്ക് വ്യാകരണ പുസ്തകത്തിൽ വിശദമാക്കുന്നതു നോക്കുക: : "The basic force of the imperative of command involves somewhat different nuances with each tense. With the aorist, the force generally is to command the action as a whole, without focusing on duration, repetition, etc. In keeping with its aspectual force, the aorist puts forth a summary command. With the present, the



force generally is to command the action as an on going process." (Wallace, Daniel B., *Greek Grammar Beyond the Basics - Exegetical Syntax of the New Testament*, 1996. page 485.)

ആജ്ഞാ വാചകത്തിന്റെ അടിസ്ഥാന ആശയത്തിന് ഓരോ *കാലത്തിലും* ഏറെക്കുറെ വ്യത്യാസമുണ്ട്. *ആറിസ്റ്റിൽ* ആജ്ഞ ക്രീയ യുടെ കാലയളവ്, ആവർത്തനം മുതലായവ വ്യക്തമാക്കാതെ ക്രീയയെ പൊതുവായി കാണുന്നു. ആശയപരമായി നോക്കുമ്പോൾ *ആറിസ്റ്റ്* ആജ്ഞയുടെ സംഗ്രഹം വ്യഞ്ജിപ്പിക്കുന്നു. എന്നാൽ വർത്തമാന കാല ത്തിൽ, ആജ്ഞ ക്രീയയുടെ തുടർമാനമായ സ്വഭാവത്തെ കാണിക്കുന്നു.

ആ നിലയിൽ നോക്കുമ്പോൾ 1പത്രോസ് 3.3 ൽ third person singular, **present** tense, imperative mood ൽ.... പറഞ്ഞിരിക്കുന്ന ...*എസ്റ്റോ ഉഖ്*.... (let it not be) എന്നത് സൂചിപ്പിക്കുന്നത് നമ്മുടെ *അല ങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കു ന്നതും ഇങ്ങനെ പുറമെയുള്ളത്* ആയിരിക്കുവാൻ പാടില്ല എന്നത് *തുടർച്ചയായി* നമ്മിൽ നിന്നു അനുസരണം പ്രതീക്ഷിക്കുന്ന ദൈവ കല്പനയാണ് എന്നു മനസ്സിലാക്കാം.

## വിചിന്തനം 4.

## ഈ വാക്യത്തിൽ അഭിലാഷികത്തോടു കൂടെ *ഊഖ്(ouch)* ഉപയോഗിച്ചിരിക്കുന്നു.

*1പത്രോസ് 3.3 നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ള തല്ല,*

*1പത്രോസ് 3.4 സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരി ക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു.*

1Peter 3.3 Whose adorning let it not be that outward adorning of plaiting the hair, and of wearing of gold, or of putting on of apparel; (KJV)

1Peter 3.4 But let it be the hidden man of the heart, in that which is not corruptible, even the ornament of a meek and quiet spirit,

which is in the sight of God of great price. (KJV)

1പത്രോസ് 3.3ൽ "...let it not be..." ("*ഇങ്ങനെ ........അല്ല*") എന്ന് പറയുന്നിടത്ത് ഉപയോഗിച്ചിരിക്കുന്ന *not (അല്ല)* എന്ന നിഷേധാനുപ്രയോഗം ഗ്രീക്കിൽ ou (ഊ) എന്ന പദമാണ്. (അതേ സമയം, 1തിമൊഥെയോസ് 2.9ൽ നിഷേധാനുപ്രയോഗം "*me മേ*" ആണ്).

ഗ്രീക്കുഭാഷയിൽ സാധാരണയായി imperative നോട് ചേർത്ത് ഉപയോഗിക്കുന്ന നിഷേധാനുപ്രയോഗം ***മേ** (me)* ആണ്. ഉദാഹരണത്തിന്, മലയാളത്തിൽ *പോകൂ, വരൂ* മുതലായ ആജ്ഞായോടൊപ്പം, *അരുത്* എന്ന നിഷേധാനുപ്രയോഗമാണല്ലോ സാധാരണയായി നാം ഉപയോഗിക്കാറുള്ളത്. *പോകരുത്, വരരുത്* എന്നിങ്ങനെ. *അല്ല, ഇല്ല* ഇവ ആജ്ഞയോടു കൂടെ ഉപയോഗിക്കാറില്ല.

എന്നാൽ 1പത്രോസ് 3.3ൽ, ഗ്രീക്കുഭാഷയിൽ സാധാരണ imperative നോട് ചേർത്ത് ഉപയോഗിക്കുന്ന നിഷേധാനുപ്രയോഗം ***മേ (me)*** എന്ന പദമല്ല, ***ഊഖ്(ouch)*** (*ou ഊ* എന്നതിന്റെ മറ്റൊരു രൂപം.) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ പ്രയോഗത്തിന്റെ കാരണം നോക്കുക: "The use of *ouch* here rather than *me* (usual negative with the imperative) because of the sharp contrast in verse 1Pe 3:4" (Robertson's NT Word Pictures). 1പത്രോസ് 3.3ൽ പറയുന്ന കാര്യങ്ങൾക്ക് 1പത്രോസ് 3.4ൽ പറയുന്ന കാര്യത്തോടുള്ള തീവ്രമായ വൈരുദ്ധ്യം കൊണ്ടാണ്, സാധാരണ ആജ്ഞാ വാക്യത്തോട് കൂടെ ഉപയോഗിക്കാറുള്ള ***മേ** (me)* എന്നതിനു പകരം *ഊഖ്(ouch)* (*ou ഊ* എന്നതിന്റെ മറ്റൊരു രൂപം.) എന്ന പദം 1പത്രോസ് 3.3ൽ ഉപയോഗിച്ചിരിക്കുന്നത്.

അലങ്കാരത്തെപ്പറ്റിയാണല്ലോ 1പത്രോസ് 3.3,4 വാക്യങ്ങൾ പറയുന്നത്. വാക്യം 3-ൽ **പുറമെയുള്ള** അലങ്കാരത്തെപ്പറ്റിയും 1പത്രോസ് 3.4ൽ **ഗൂഢമായ**തിനെപ്പറ്റിയും പറഞ്ഞിരിക്കുന്നു. പുറമെയുള്ള അലങ്കാരത്തെ 1പത്രോസ് 3.3ൽ വിലക്കിയിരിക്കുന്നു; അതുപോലെ, ഗൂഢമായ അഥവാ ആന്തരികമായ അലങ്കാരം വിശ്വാസികൾക്ക് വേണമെന്ന് 1പത്രോസ് 3.4ൽ പറയുന്നു.

ഇവ തമ്മിൽ വളരെ അന്തരം ദൈവം കൽപ്പിക്കുന്നു. അതായത്, 1പത്രോസ് 3.3ൽ *(നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല*, എന്ന വാക്യത്തിൽ) പറഞ്ഞിരിക്കുന്ന കാര്യങ്ങളും 1പത്രോസ് 3.4ൽ *(സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നു* എന്ന വാക്യത്തിൽ) പറഞ്ഞിരിക്കുന്ന കാര്യവും തമ്മിൽ വളരെ അന്തരം ദൈവം കല്പിക്കുന്നു എന്ന് ***എസ്റ്റോ*(esto)** എന്ന അഭിലാഷികത്തോട് കൂടെ ***ഊഖ്(ouch)*** എന്ന നിഷേധാനുപ്രയോഗം ചേർത്തിരിക്കുന്നത് സ്പഷ്ടമാക്കുന്നു.



*സൗമ്യതയും സാവാധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ* ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം* വിശ്വാസിയുടെ അലങ്കാരം എന്ന് എത്രത്തോളം ദൈവം ആഗ്രഹിക്കുന്നുവോ **അത്രത്തോളം** തന്നെ, അവരുടെ *അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളത് ആ*യിരിക്കരുതെന്ന് ദൈവം തന്റെ ഹൃദയത്തിൽ വാഞ്ചിക്കുന്നു. ഇത്രമാത്രം വൈരുദ്ധ്യമുള്ളതുകൊണ്ടാണ് ഇവ രണ്ടും ഒരുമിച്ച് വിശ്വാസിയിൽ കാണുവാൻ ദൈവം ആഗ്രഹിക്കാത്തതും പുറമെയുള്ള അലങ്കാരങ്ങൾ പാടില്ല എന്ന് കല്പിച്ചിരിക്കുന്നതും. (*വിശ്വാസികൾ അണിയുവാൻ ദൈവം ആഗ്രഹിക്കുന്നതായി തിരുവെഴുത്തിൽ പറയുന്ന ഈ അക്ഷയഭൂഷണത്തെക്കുറിച്ച് മറ്റൊരദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്.)

1പത്രോസ് 3.3ൽ *നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളത് അല്ല* എന്ന് എഴുതിയിരിക്കുന്നത്, ദൈവജനം അവ വർജ്ജിക്കണം എന്നത് ദൈവത്തിന്റെ വ്യക്തമായ ഹിതവും നിശ്ചിതമായ ആജ്ഞയുമാണ് എന്ന് സ്പഷ്ടമാകുന്നു.

കൂടാതെ, *ou* എന്ന ഗ്രീക്കു പദത്തെക്കുറിച്ച് Strong's Greek Dictionary നല്കുന്ന വിശദീകരണം നോക്കുക: a primary word; the absolute negative adverb; ഈ വാക്യത്തിൽ "നിങ്ങളുടെ അലങ്കാരം ........ ഇങ്ങനെ പുറമെയുള്ളത് *അല്ല*" എന്നു പറഞ്ഞിരിക്കുന്നത് പൂർണ നിഷേധമാണ്.

*********

## അദ്ധ്യായം 5

# 1തിമൊ 2.9,10; 1പത്രോസ് 3.3: ചില സംശയങ്ങളുടെ വിചിന്തനം

1തിമൊ 2.9,10 1പത്രോസ് 3.3 എന്നീ വാക്യങ്ങളെ സംബന്ധിച്ച ചില സംശയങ്ങളുടെ വിചിന്തനം അവയുടെ സന്ദേശം വ്യക്തമാകുവാൻ സഹായിക്കും എന്നു കരുതുന്നു.

***1. 1പത്രോസ് 3.3 അടിസ്ഥാനമാക്കി ആഭരണം ധരിക്കാതിരിക്കുന്നു എന്നു വരികിൽ തലമുടി പിന്നുന്നതും എന്തിന്, വസ്ത്രം ധരിക്കുന്നതും തെറ്റാണെന്നു വരികയില്ലേ? ഈ വാക്യം അക്ഷരികമായി അനുസരിക്കേണ്ടതാണെങ്കിൽ, വസ്ത്രം ധരിക്കരുത് എന്നു ഈ വാക്യം അർത്ഥമാക്കുന്നില്ലേ?***

**വിചിന്തനം:** അലങ്കാരത്തിനായി വസ്ത്രം ധരിക്കരുത് എന്നാണ് അർത്ഥമാക്കിയിരിക്കുന്നത്. വസ്ത്രധാരണത്തിന്റെ മൗലിക ഉദ്ദേശ്യം നഗ്നത മറയ്ക്കുക എന്നതാണ്. വേണ്ട വിധം നഗ്നത മറയ്ക്കാതെ അലങ്കാരത്തിനായി വസ്ത്രം ധരിക്കുന്നത് ദൈവജനത്തിന് ഉചിതമല്ല. അതുകൊണ്ട് അതു വിലക്കിയിരിക്കുന്നു. ആഭരണം ധരിക്കാത്ത വിശ്വാസികൾ യോഗ്യമായ വസ്ത്രം ധരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

എന്തിനാൽ അലങ്കരിക്കരുത് എന്ന പോലെ തന്നെ ഗൗരവമുള്ള സംഗതിയാണ് എന്തിനാൽ അലങ്കരിക്കണം എന്നുള്ളതും. 1തിമൊ 2.9ൽ പറഞ്ഞിരിക്കുന്നത് .....*യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം*....എന്നത്രെ. വിലയേറിയ വസ്ത്രം ഉചിതമല്ല എന്ന് 1തിമൊ 2.10 പറയുമ്പോൾ 1തിമൊ



2.9ൽ *യോഗ്യമായ വസ്ത്രം ധരിക്കണം* എന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട്, യോഗ്യമായ വസ്ത്രം ധരിക്കണം എന്നുള്ള സന്ദേശം ദൈവത്തിങ്കൽ നിന്ന് നമുക്കുണ്ട്. പൊന്നണിയുന്നതുപോലെ ലംഘനമാണ് യോഗ്യമായ വസ്ത്രം ധരിക്കാതിരിക്കുന്നതും, വിലയേറിയ വസ്ത്രം ധരിക്കുന്നതും. (1തിമൊ 2.9,10).

***2. വിശ്വാസികൾക്കായി പുതിയ നിയമത്തിൽ 1തിമൊ 2.9,10 1പത്രോസ് 3.3 എന്നീ രണ്ടു വാക്യങ്ങളല്ലേ ആഭരണം വർജ്ജിക്കുന്നതിന് ഉള്ളൂ. അപ്പോൾ ആഭരണം ഉപേക്ഷിക്കാത്ത കാരണത്താൽ സ്നാനപ്പെടുത്താതിരിക്കുന്നത് തെറ്റല്ലേ?***

**വിചിന്തനം.** വിശ്വാസികൾ ആഭരണം ധരിക്കുന്നതിനെ ബൈബിൾ വിലക്കുന്നു എന്നു ഗ്രഹിച്ചാൽ തന്നെ വലിയ കാര്യം. എന്നാൽ തുടർന്ന് ദൈവം ആഗ്രഹിക്കുന്നത് പൂർണ അനുസരണമാണ് എന്ന് ഓർക്കുക. വിശ്വാസി സ്നാനപ്പെടുവാൻ കർത്താവ് ഇച്ഛിക്കുന്നു, വിശ്വാസി ആഭരണം ഉപേക്ഷിക്കുവാൻ കർത്താവ് ഇച്ഛിക്കുന്നു.

ചില സംഘങ്ങളൊഴികെ ക്രിസ്തീയ സമൂഹം പൊതുവെ സ്നാനത്തിന്റെ പ്രാധാന്യം മനസിലാക്കുകയും ആചരിക്കുകയും ചെയ്യുന്നു. വ്യത്യാസമുള്ളത് പ്രധാനമായും എപ്പോൾ, എങ്ങനെ, എന്തിന് തുടങ്ങിയ വിഷയങ്ങളിലാണ്. ചിലർ കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തുമ്പോൾ മറ്റു ചിലർ രക്ഷിക്കപ്പെട്ടവരെ മാത്രം സ്നാനപ്പെടുത്തുന്നു. ചിലർ വെള്ളം ഒഴിച്ചോ തളിച്ചോ സ്നാനം നല്കുമ്പോൾ ചിലർ വെള്ളത്തിൽ മുക്കി സ്നാനപ്പെടുത്തുന്നു. ഇമ്മാതിരി വ്യത്യസങ്ങളൊക്കെ ഉണ്ടെങ്കിലും സ്നാനത്തിന്റെ പ്രാധാന്യം ക്രിസ്തീയ സമൂഹം ഏതാണ്ട് ഒന്നടങ്കം സമ്മതിക്കുന്നു.

ആഭരണം ഉപേക്ഷിക്കുവാൻ ബൈബിളിൽ കൂടുതൽ വാക്യങ്ങൾ തേടുന്നവർ, സ്നാനത്തിന് എത്ര വാക്യങ്ങൾ കല്പനാ രൂപത്തിൽ (imperative mood അഭിലാഷികം) പുതിയനിയമത്തിൽ ഉണ്ടെന്നു കൂടെ പരിശോധിക്കുന്നതു നന്നായിരിക്കും.

മത്തായി 28.19,20 ൽ ..*സ്നാനം കഴിപ്പിച്ചും*....എന്ന് മലയാള ത്തിൽ പറഞ്ഞിരിക്കുന്നത് പുതിയനിയമം എഴുതപ്പെട്ട ഗ്രീക്ക് ഭാഷയിൽ ആജ്ഞാരൂപത്തിൽ (Imperative mood) അല്ല. അത് പറ്റുവിന ( participle) ആണ്. ഇംഗ്ളീഷ് ബൈബിളിൽ ......*baptize* them എന്നല്ല ....*bap-*

*tizing* them... എന്ന് മൊഴി പകർത്തിയിരിക്കുന്നത് അതുകൊണ്ടാണ്. *ശിഷ്യരാക്കികൊൾവിൻ* എന്നതാണ് ഈ വാക്യത്തിലെ ആജ്ഞാ (imperative mood അഭിലാഷികം) രൂപത്തിലുള്ള പദം.

മർക്കോസ് 16.16ൽ *വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.* ഈ വാക്യം ഒരു പ്രസ്താവനയാണ്.

അപ്പോസ്തല പ്രവൃത്തികൾ 2.38ൽ സ്നാനപ്പെടുവാൻ കൽപ്പനയുണ്ട്.

അനുസരിക്കുവാൻ മനസ്സ് വയ്ക്കുന്നു എങ്കിൽ സ്നാനപ്പെടുന്നതിന് ഇനിയും ആജ്ഞാവാക്യങ്ങൾ ആവശ്യമില്ലാത്തതു പോലെ ആഭരണം വർജ്ജിക്കുന്നതിനുള്ള ദൈവീക താൽപര്യം അനുസരിക്കുന്നതിന് ഇനിയും ആജ്ഞാവാക്യങ്ങൾ വേണ്ടിയിരിക്കുന്നില്ല അനുസരിച്ചാൽ മാത്രം മതി.

*മത്തായി 5.19* ൽ കർത്താവു പറഞ്ഞു: *ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും. അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും.*

അതുകൊണ്ട് നമുക്കു സൗകര്യമുള്ളവ മാത്രമല്ല, നാം അനുസരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന ആജ്ഞകൾ എല്ലാം അനുസരിക്കാൻ മനസ്സ് വയ്ക്കുകയും നമ്മെത്തന്നെ അതിനായി സമർപ്പിക്കുകയും ചെയ്യാം.

***3. ബൈബിളിൽ സ്നാനത്തെ സംബന്ധിക്കുന്ന വാക്യങ്ങൾ അനവധി ഉണ്ടല്ലോ, എന്നാൽ പൊന്ന് ധരിക്കുന്നതിനെക്കുറിച്ച് ചില വാക്യങ്ങൾ മാത്രമേ പറയുന്നുള്ളൂ എന്നത് അത് അപ്രധാനമായ ഒരു കൽപ്പനയാണ് എന്നല്ലേ സൂചിപ്പിക്കുന്നത്?***

**വിചിന്തനം.** പഴയനിയമവും പുതിയനിയമവും ചേർന്നാൽ, സ്നാനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വാക്യങ്ങളേക്കാൾ കുറവാണ് പൊന്നിനെക്കുറിച്ചു പറയുന്ന വാക്യങ്ങൾ എന്നു പറയുവാനാവില്ല. എത്രയും വ്യക്തമായ ഉപദേശം മനുഷ്യനു സിദ്ധിക്കുന്നതിനു വേണ്ടിയാണ് സ്നാനത്തെക്കുറിച്ച് പറയുവാൻ കൂടുതൽ വാക്യങ്ങൾ പുതിയനിയമ



ത്തിൽ പരിശുദ്ധാത്മാവ് നീക്കിവച്ചിരിക്കുന്നത്. കുറച്ച് വാക്യങ്ങളിൽ മാത്രം ചില ഉപദേശങ്ങൾ നൽകിയിരിക്കുന്നത് അവ അവഗണിക്കാം എന്നതുകൊണ്ടല്ല. സ്നാനത്തെ അപേക്ഷിച്ച്, പുതിയനിയമത്തിൽ ചുരുക്കം വാക്യങ്ങളിൽ പൊന്നണിയുന്നതിനെക്കുറിച്ച് പറയുന്നത്, പുതിയനിയമ വിശ്വാസികൾ വേണമെങ്കിൽ ധരിച്ചു കൊള്ളട്ടെ എന്നു കരുതിയല്ല, ആദിമ സഭയിൽ വിശ്വാസികളുടെ മദ്ധ്യേ ആ പ്രശ്നം വളരെ വിരളമായിരുന്നു എന്നതുകൊണ്ടാണ്.

പുതിയനിയമ ലേഖനങ്ങളിലൂടെ ദൈവീക വെളിപ്പാടുകൾ നല്കിയപ്പോൾ പരിശുദ്ധാത്മാവ് എഴുത്തുകാരുടെയും വായനക്കാരുടെയും സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തിയിട്ടുണ്ടല്ലോ. ന്യായപ്രമാണത്തിലെ കർമ്മാചാരങ്ങൾ വിശ്വാസികൾ ആചരിക്കേണ്ടതില്ല എന്ന് അപ്പോസ്തലപ്രവൃത്തികൾ, ഗലാത്യലേഖനം, റോമാലേഖനം, കൊലോസ്യലേഖനം, എബ്രായലേഖനം തുടങ്ങി കൂടുതൽ വേദഭാഗങ്ങളിൽ കാണുന്നത് അന്ന് വിശ്വാസികളുടെ മദ്ധ്യേ ന്യായപ്രമാണം ആചരിക്കണമെന്ന് പഠിപ്പിച്ചിരുന്നവരുടെ പ്രശ്നം ഉണ്ടായിരുന്നു എന്നതുകൊണ്ടാണ്. ആഭരണം പോലുള്ള വിഷയത്തെക്കുറിച്ച് കൂടുതൽ വാക്യങ്ങൾ കാണാത്തത് വിശ്വാസി ആഭരണം വർജ്ജിക്കണമെന്നത് അപ്രധാനമായതുകൊണ്ടല്ല, അക്കാലത്ത് വിശ്വാസികളുടെ മദ്ധ്യേ ആഭരണഭ്രമം എന്ന പ്രശ്നം അത്ര വളരെ ഇല്ലാതിരുന്നു എന്നതുകൊണ്ടാണ്.

***4. ഈ വാക്യങ്ങൾ അലങ്കാരമായി പൊന്നണിയുന്നതിനെയാണല്ലോ വിലക്കുന്നത്. വിവാഹത്തിന്റെ ചിഹ്നമായി ആഭരണം ധരിക്കുന്നതിനെ വചനം വിലക്കുന്നില്ലല്ലോ?***

**വിചിന്തനം 1:** വിവാഹചിഹ്നമായി ആഭരണം ധരിക്കുന്നു എന്നു പറയുന്നുണ്ടെങ്കിലും പരിഷ്കൃത സമൂഹങ്ങളിലൊക്കെ രേഖയ്ക്കാണ് ആധികാരികത. ചിഹ്നം ധരിച്ച് വിവാഹം കഴിച്ചതാണ് എന്ന് അറിയിക്കുന്നതിന്റെ ആവശ്യമെന്ത്? അങ്ങനെ ഒരാവശ്യം ഉണ്ടാ യാൽ തന്നെ ദൈവവചനത്തോടുള്ള അനുസരണത്തിൽ, ആഭരണം കൂടാതെ, വചന വിരുദ്ധമാകാത്ത മറ്റു മാർഗ്ഗങ്ങളിലൂടെ നമ്മുടെ വൈവാഹികാവസ്ഥ നാം തെളിയിക്കയല്ലേ വേണ്ടത്?

**വിചിന്തനം 2:** അലങ്കാരത്തെയാണ് വേദം വിലക്കുന്നത് എന്നതു

ശരി. എന്നാൽ ആഭരണം ചിഹ്നമായി ഉപയോഗിക്കുന്നു എന്നു പറയുന്നതിന്റെ നിജസ്ഥിതി അന്വേഷിക്കേണ്ടതാണ്.

വിവാഹിതരല്ലാത്തവരും മാലയും മോതിരവും ധരിച്ചു വരുന്ന സ്ഥിതിയ്ക്ക് അവ എപ്രകാരം വിവാഹത്തിന്റെ ചിഹ്നമായി പ്രയോജനപ്പെടും? ഒരു കഥ കേട്ടിട്ടുണ്ട്: ഒരിക്കൽ പ്രഭാതത്തിൽ ഒരു സന്യാസി കുളിക്കുവാൻ നദിയിൽ ഇറങ്ങുകയായിരുന്നു. പക്ഷെ ഒരു പ്രശ്നം, തന്റെ ജലപാത്രം ആരും മോഷ്ടിക്കാതെ എവിടെ സൂക്ഷിക്കും? സന്യാസി പരിഹാരം കണ്ടെത്തി. ജലപാത്രം നദിക്കരയിലെ മണലിൽ കുഴിച്ചിടുക. അപ്പോൾ മറ്റൊരു പ്രശ്നം: വിശാലമായ മണൽ പരപ്പിൽ പാത്രം എവിടെ കുഴിച്ചിട്ടു എന്ന് കുളി കഴിഞ്ഞു കയറി വരുമ്പോൾ എങ്ങനെ തിരിച്ചറിയും. സന്യാസി അതിനും പരിഹാരം കണ്ടെത്തി. പാത്രം സൂക്ഷിക്കുന്നിടത്ത് ഒരു ചെറിയ മണൽക്കൂന ഉണ്ടാക്കുക. മണൽക്കൂനയുണ്ടാക്കിയിട്ട് സന്യാസി കുളിക്കുവാനിറങ്ങുന്നതാണ് പിന്നീട് വന്നവർ കണ്ടത്. ഒട്ടും വൈകിയില്ല, മണൽക്കൂനകളുണ്ടാക്കിയിട്ട് കുളിക്കുവാനിറങ്ങിയാൽ പുണ്യം ഉണ്ടെന്ന് കരുതി അവരും അങ്ങനെ ചെയ്തിട്ട് കുളിക്കുവാനിറങ്ങി. സന്യാസി കുളികഴിഞ്ഞ് കരയിൽ നോക്കിയപ്പോഴാകട്ടെ നദിക്കരയിൽ അനവധി മണൽക്കൂനകൾ! മണൽക്കൂന നോക്കി ജലപാത്രം വച്ച സ്ഥാനം കണ്ടു പിടിക്കുവാൻ സന്യാസിക്കു എളുപ്പം കഴിഞ്ഞില്ലെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

സന്യാസിക്കുണ്ടായ അനുഭവമായിരിക്കും ഇന്ന് ആഭരണം വിവാഹത്തിന് ചിഹ്നമാക്കിയാൽ ഉണ്ടാവുക. വിവാഹിതരും അല്ലാത്തവരും മാലയും മോതിരവും സർവസാധാരണമായി ധരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ ആഭരണത്തെ നോക്കി വിവാഹിതരെ തിരിച്ചറിയുക ക്ഷിപ്ര സാദ്ധ്യമാകയില്ല തന്നെ. വിവാഹിതരും അവിവാഹിതരും ആഭരണങ്ങൾ ധരിക്കുന്നു.

വിവാഹചിഹ്നമായ താലി വിവാഹിതർ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്നു വാദത്തിനായി പറഞ്ഞാൽ, രക്ഷിക്കപ്പെട്ടു വേർപെട്ടവരിൽ ആഭരണം ധരിക്കുന്നവർ വിവാഹത്തിനു താലി ഉപയോഗിക്കുന്നില്ലല്ലോ?.

മാത്രമല്ല, വിവാഹചിഹ്നമായി താലി ധരിക്കാം എന്നു വച്ചാലും എത്രപേർ ചരടിൽ കോർത്ത് താലി മാത്രം ധരിക്കും? ചില വിശ്വാസികൾ ആഭരണം ഉപേക്ഷിക്കാത്തതിന്റെ ഒരു കാരണം ആഭരണം വാങ്ങുവാൻ പ്രാപ്തിയില്ലാത്ത ദരിദ്രരാണ് ഇവർ എന്നു മറ്റുള്ളവർ കരുതും



എന്ന ഭയം ആണല്ലോ? ചരടിൽ കോർത്ത്, വിവാഹചിഹ്നമായി താലി മാത്രം ധരിച്ചാൽ അതേ പ്രശ്നം അവരെ വേട്ടയാടാതിരിക്കയില്ല. ഇവിടെ മാലയിൽ കൊളുത്തി താലി ധരിക്കണം എന്ന ആവശ്യം വരുന്നു. അപ്പോൾ ചിഹ്നം ധരിക്കുവാനുള്ള വ്യഗ്രതയല്ല, അലങ്കാരം തന്നെയാണ് അടിസ്ഥാന പ്രശ്നം എന്ന് വെളിപ്പെടുന്നു. ആഭരണഭ്രമത്തിൽ സ്വപക്ഷം ന്യായീകരിക്കേണ്ടതിന് ചിഹ്നത്തിന്റെ കാര്യം ഉന്നയിക്കാം എന്നല്ലാതെ ആഭരണം ധരിക്കാം എന്നതിന് അടിസ്ഥാനമായി ചിഹ്നം കൊണ്ടുവന്നാൽ അതു ഛിന്നമായി പോവുകയേ ഉള്ളൂ.

**വിചിന്തനം 3:** ചിഹ്നം (symbol) മറ്റൊന്നിനെ അർത്ഥമാക്കുന്നു. ഓരോ സംസ്കാരത്തിലും ധാരാളം ചിഹ്നങ്ങൾ ഉണ്ട്. ഭാഷ പോലും ചിഹ്നങ്ങളുടെ ഒരു സമുച്ചയമാണ്. ഒരു സമൂഹത്തിൽ ഒരു ചിഹ്നത്തിന് നിശ്ചിതമായ ഒരു അർത്ഥമുണ്ട്. എന്നാൽ വത്യസ്ഥ സമൂഹങ്ങളിൽ ഒരു ചിഹ്നത്തിന്റെ തന്നെ അർത്ഥം വത്യസ്ഥമാകാം. സമൂഹമാണ് അർത്ഥം നല്കുന്നത്. ചിഹ്നമായി ആഭരണം ധരിക്കുന്നു എന്നു പറയുമ്പോൾ ഓർക്കേണ്ട കാര്യം അത് ഒരു നിശ്ചിത സമൂഹത്തിന്റെ കൽപ്പനയാണ് സാർവ്വത്രികമല്ല എന്നതത്രേ.

ക്രിസ്തീയ വിശ്വാസം ഒരു സംസ്കാരത്തിലേക്കു കടന്നു വരുമ്പോൾ സമൂഹത്തിൽ നിലവിലുള്ള ചിഹ്നങ്ങൾ എല്ലാം ഉപേക്ഷിക്കേണ്ടതില്ല. എന്നാൽ, ബൈബിളിൽ കാണുന്ന ദൈവീക ആജ്ഞകളും, സമൂഹത്തിലെ സംസ്കാരിക ഘടകങ്ങളും തമ്മിൽ വൈപരീത്യം വരുന്നിടത്ത് സംസ്കാരിക പൈതൃകത്തിനനുസരിച്ച് ബൈബിളിലെ സന്ദേശത്തെ മാറ്റുകയല്ല, ബൈബിളിനനുസരിച്ച് സംസ്കാരിക രീതികളെ പരിവർത്തന വിധേയമാക്കുകയാണ് വേണ്ടത്.

വിശാൽ മംഗൽവാഡിയുടെ നിരീക്ഷണം ശ്രദ്ധിക്കുക: "Obviously, there cannot be one universal christian culture. In each historic setting a christian community must evolve its own culture. Christians must accept all the good that already exist in their context, refine in the fire of the Word of God what is not good in their culture, and add to it the riches drawn from the cross of Christ."(Curruption vs True Spirituality, Francis A Schaeffer and Vishal Mangalwadi, Tyndale House, 1998. p.36)

("വ്യക്തമായും, ഒരു സാർവത്രിക ക്രിസ്തീയ സംസ്കാരം

ഉണ്ടായിരിക്കുക സാദ്ധ്യമല്ല. ഓരോ ചരിത്ര പശ്ചാത്തലത്തിലും ഒരു ക്രിസ്തീയ സമൂഹം തനതായ സംസ്കാരം രൂപപ്പെടുത്തേണ്ടതുണ്ട്. ക്രിസ്ത്യനികൾ അവരുടെ പശ്ചാത്തലത്തിൽ നിലവിലുള്ള നന്മകളെ സ്വീകരിക്കണം, അവരുടെ സംസ്കാരത്തിൽ തീയതായിട്ടുള്ളവ ദൈവ വചനത്തിന്റെ അഗ്നിയിൽ ശുദ്ധം ചെയ്ത്, ക്രിസ്തുവിന്റെ ക്രൂശിൽ നിന്ന് പ്രാപിച്ചിട്ടുള്ള ധനത്തോട് ചേർക്കണം.'')

അതുകൊണ്ട്, ആഭരണം വിവാഹത്തിന് ചിഹ്നമായി നിങ്ങളുടെ സമൂഹത്തിൽ ഉപയോഗിക്കുന്നു എന്നു വന്നാലും, വിശ്വാസിക്ക് ആഭരണം ഉചിതമല്ല എന്ന് ബൈബിൾ പറയുന്നതുകൊണ്ട് നമ്മുടെ ആ പാരമ്പര്യത്തെ ദൈവവചനത്തോടുള്ള വിധേയത്വം മൂലം നാം ഉപേക്ഷിക്കേണ്ടതാണ്.

***5. 1തിമൊ 2.9ലും 1പത്രോസ് 3.3ലും സ്ത്രീകളോട് മാത്രമാണല്ലോ ആഭരണം ധരിക്കരുതെന്നു പറയുന്നുള്ളൂ. ഇതിനർത്ഥം, നാം അക്ഷരികമായി അനുസരിക്കേണ്ട കാര്യമല്ല ആഭരണ വർജ്ജനം എന്നല്ലേ?***

**വിചിന്തനം.** സ്ത്രീകളോട് ഇപ്രകാരം ഒരു ദൈവീക ആജ്ഞ ഉണ്ടെന്നു ബോധ്യം വന്നത് നല്ലത് തന്നെ. പ്രധാന പ്രശ്നം ദൂരീകരിക്കപ്പെട്ടിരിക്കുന്നു. അലങ്കാരം എന്ത് ആയിരിക്കരുത് എന്നത് സ്ത്രീകളോട് മാത്രമാണെങ്കിൽ എന്തിനാൽ അലങ്കരിക്കണം എന്നതും സ്ത്രീകൾക്ക് മാത്രമുള്ളതാണല്ലോ. അപ്പോൾ സൽപ്രവൃത്തികളെക്കൊണ്ട് അലങ്കരിക്കണം എന്ന് 1തിമൊഥെയോസ് 2.10 ൽ പറഞ്ഞിരിക്കുന്നത് സ്ത്രീകൾക്ക് മാത്രമുള്ളതാകും. സൽപ്രവൃത്തി ചെയ്യുവാനുള്ള കൽപ്പന വിശ്വാസികളായ പുരുഷന്മാർക്ക് ബാധകമല്ല എന്നു വരും.

സ്ത്രീകളെപ്പറ്റി, *അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകും വണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രെ അലങ്കരിക്കേണ്ടത് (1 തിമൊ.2.9,10)* എന്ന് പറഞ്ഞിരിക്കുന്നതുകൊണ്ട് *ദൈവഭക്തിയെ സ്വീകരിക്കുന്ന* പുരുഷന്മാർക്ക് *പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം* ഇവ ഉചിതമാണ് എന്നും, അവർ സൽപ്രവൃത്തി



കളെക്കൊണ്ട് സ്വയം അലങ്കരിക്കേണ്ടതില്ല എന്നും വചനം അർത്ഥമാക്കുന്നില്ല.

അതുപോലെ, 1പത്രോസ് 3.3,4ൽ *നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു* എന്ന് പറഞ്ഞിരിക്കുന്നു. ഇവിടെ സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണം വേണമെന്നത് വിശ്വാസികളായ സ്ത്രീകളോടു മാത്രമുള്ള കൽപ്പനയാണെന്നും പുരുഷന്മാർക്ക് അത് ബാധകമല്ല എന്നും അർത്ഥമില്ല. വിശ്വാസികളായ പുരുഷന്മാർക്കും സൗമ്യതയും സാവധാനതയുമുള്ള മനസ്സ് വേണം എന്നാണ് തിരുവെഴുത്ത് ഉദ്ദേശിക്കുന്നത്.

1തിമൊ 2.8 ൽ *ആകയാൽ പുരുഷന്മാർ എല്ലാടത്തും കോപവും വാഗ്വാദവും വിട്ടകന്ന് വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കേണം എന്നു ഞാൻ ആഗ്രഹിക്കുന്നു* എന്നു പറഞ്ഞിരിക്കുന്നു. ഇതിനർത്ഥം, ഇത് പുരുഷന്മാരോടു മാത്രമുള്ള വാക്കുകളാണെന്നും സ്ത്രീകൾക്ക് *കോപത്തോടും വാഗ്വാദത്തോടും* കൂടെ പ്രാർത്ഥിക്കാം എന്നല്ല. ഇവിടെ പരാമർശിക്കപ്പെടുന്ന പ്രശ്നം അന്ന് (ഇന്നും?) വളരെ ബാധിച്ചിരുന്നത് പുരുഷന്മാരെ ആകകൊണ്ട് അവരെ എടുത്തു പറഞ്ഞിരിക്കുന്നു എന്നു മാത്രം. അതുപോലെ, **1തിമൊ 2.9,10ൽ പരാമർശിക്കപ്പെടുന്ന പ്രശ്നം, വളരെ കണ്ടു വന്നത് സ്ത്രീകളിലാകയാൽ അപ്പോസ്തലൻ അവരെ വിശേഷാൽ എടുത്തു പറഞ്ഞിരിക്കുന്നു.**

പുരുഷന്മാരോടുള്ള ആത്മീക പ്രമാണങ്ങൾ വിശ്വാസികൾ എന്ന നിലയിൽ സ്ത്രീകൾക്കും ബാധകമായിരിക്കുന്നു; അതുപോലെ, സ്ത്രീകളോടുള്ള കല്പന പുരുഷന്മാർക്കും ബാധകമാണ്.

ബൈബിളിലെ ഭൂരിഭാഗം പ്രസ്താവനകളും പുല്ലിംഗ പ്രധാനമായിട്ടാണ് കാണുന്നത്. എന്നതുകൊണ്ട് അത് സ്ത്രീകൾക്ക് പ്രസക്തമല്ല എന്ന് അർത്ഥമില്ല. ''*സ്നേഹിക്കാത്തവൻ* ദൈവത്തെ അറിഞ്ഞിട്ടില്ല'' (1 യോഹ 4.8); ''പുത്രനിൽ *വിശ്വസിക്കുന്നവന്* നിത്യജീവനുണ്ട്'' (യോഹ 3.36); ''*ഒരുത്തൻ* ക്രിസ്തുവിലായാൽ *അവൻ* പുതിയ സൃഷ്ടി ആകുന്നു'' (12കൊരിന്ത്യർ 5.17) എന്ന വചനങ്ങൾ സ്നേഹിക്കാത്തവൾ ദൈവത്തെ അറിഞ്ഞിട്ടില്ല, പുത്രനിൽ വിശ്വസിക്കുന്നവൾക്ക് നിത്യ

ജീവൻ ഉണ്ട്, ഒരുത്തി ക്രിസ്തുവിലായാൽ അവൾ പുതിയ സൃഷ്ടി ആകുന്നു എന്നീ ആശയങ്ങളും ഉൾക്കൊള്ളുന്നു.

അതുപോലെ, *സഹോദരന്മാരേ,* എന്നുള്ള സംബോധന മിക്കവാറും ഇടങ്ങളിൽ പുരുഷന്മാരോടു പ്രത്യേകമുള്ള സന്ദേശം നൽകുമ്പോൾ മാത്രമല്ല കാണുന്നത്. ഉദാഹരണങ്ങൾ നോക്കുക: റോമർ1.13; 7.1,4; 8.12; 10.1; 11.25; 12.1; 16.17; 1കൊരിന്ത്യർ 1.10,11,26; 2.1; 3.1; 4.6; 7.24,29; 10.1; 11.33; 12.1; 14.6,20,26,39; 15.1,50,58; 16.15; 2കൊരിന്ത്യർ 1.8; 8.1; 13.11; ഗലാത്യർ 1.11; 3.15; 4.12,28,31; 5.11,13; 6.1,18; എഫെസ്യർ 6.10; ഫിലിപ്പ്യർ 1.12; 3.1,13,17; 4.1,8; 1തെസ്സലോനിക്യർ 1.4; 2.1,9,14,17; 3.7; 4.1,13; 5.1,4,12,14,25; 2തെസ്സലോനിക്യർ 1.3; 2.1,13,15; 3.1,6,13; എബ്രായർ 10.19; 13.22; യാക്കോബ് 1.2,16,19; 2.1,5,14; 3.1,10,12; 4.11; 5.7,9,10,12,19; 2പത്രോസ് 5.10; 1യോഹന്നാൻ 3.13.

ഇതിന് കാരണം, യെഹൂദനും യവനനും, ദാസനും സ്വതന്ത്രനും, ആണും പെണ്ണും എന്നിങ്ങനെയുള്ള വത്യാസം കൂടാതെ ക്രിസ്തുവിൽ എല്ലാവരും ഒന്നായിരിക്കുന്നു എന്നതാണ്. *അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ* (ഗലാത്യർ 3.28). *എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല, സ്ത്രീയെ കൂടാതെ പുരുഷനുമില്ല* (1കൊരിന്ത്യർ 11.11).

ഇപ്പറഞ്ഞതിൽ നിന്നും വിശ്വാസികളായ പുരുഷന്മാരോടും സ്ത്രീകളോടും പ്രത്യേകമായി ബൈബിളിൽ യാതൊന്നും പറഞ്ഞിട്ടില്ല എന്നർത്ഥമില്ല. എന്നാൽ ആ വത്യാസം പുരുഷനേയും സ്ത്രീയേയും പരസ്പരം ബന്ധപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത്. *....ഉപദേശിപ്പാനോ പുരുഷന്റെമേൽ അധികാരം നടത്തുന്നതിനോ, ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല* എന്ന് 1തിമൊഥെയോസ് 2.12ൽ അപ്പോസ്തലൻ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ഇവിടെ സ്ത്രീകൾക്കു പ്രത്യേകമായുള്ള വചനം, പുരുഷനുമായുള്ള ബന്ധത്തിലാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ, *ഭാര്യമാരേ, കർത്താവിന് എന്ന പോലെ സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ* എഫെസ്യർ 5.22; *ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കർത്താവിൽ ഉചിതമാകുംവണ്ണം കീഴടങ്ങുവിൻ.* കൊലോസ്യർ 3.18 മുതലായ വാക്യങ്ങളിലും വിശ്വാസികളായ സ്ത്രീകളോട് പറഞ്ഞിരിക്കുന്നത് കാണാം.

1 പത്രോസ് 3.8ൽ പുരുഷന്മാരോടു പ്രത്യേകമായി നൽകിയിരിക്കുന്ന വചനങ്ങൾ സ്ത്രീകളോടുള്ള ബന്ധത്തിലാണ് പറഞ്ഞിരിക്കുന്നത്. *അങ്ങനെ തന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കം വരാതിരിക്കേണ്ടതിന് വിവേകത്തോടെ ഭാര്യമാരോടു കൂടെ വസിച്ച്, സ്ത്രീ ജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപയ്ക്ക് കൂട്ടവകാശികൾ എന്നും ഓർത്ത് അവർക്ക് ബഹുമാനം കൊടുപ്പിൻ.* കൂടാതെ, *ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹപ്പിൻ* (കൊലൊസ്യർ 3.19); *ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതു പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ* (എഫെസ്യർ 5.25) മുതലായ വാക്യങ്ങളിലും പുരുഷന്മാരോടു പ്രത്യേകമായ കൽപ്പന കാണുന്നു. അവയും സ്ത്രീകളോടു ബന്ധപ്പെടുത്തി നൽകിയിരിക്കുന്നു.

സ്ത്രീയോടുള്ള ബന്ധത്തിലല്ലാതെ പുരുഷനോട് മാത്രമായിട്ടോ, പുരുഷനോടുള്ള ബന്ധത്തിലല്ലാതെ സ്ത്രീയോടു മാത്രമായിട്ടോ എന്തെങ്കിലും ബൈബിളിൽ പറഞ്ഞിട്ടുണ്ടെങ്കിൽ ആ കാര്യങ്ങൾ വിശ്വാസിയായ പുരുഷനും സ്ത്രീയ്ക്കും പ്രസക്തമായുള്ളതാണ്.

ബൈബിളിലെ സന്ദേശം ലിംഗഭേദ അതീതമാണ് എന്നുമാത്രമല്ല, മറ്റു പലതരം പരിമിതിക്കൾക്കും അതീതമാണ്. പുതിയ നിയമത്തിൽ വ്യക്തികൾക്ക് എഴുതിയ പല ലേഖനങ്ങളും ഉണ്ട്. എന്നാൽ അവ നമുക്കു കൂടി വേണ്ടി എഴുതപ്പെട്ടിരിക്കുന്നു; തിരുവെഴുത്തിൽ നിശ്ചിത സഭകൾക്ക് എഴുതിയ ലേഖനങ്ങളിലെ ആജ്ഞകൾ നമ്മുടെ ആത്മിക സുസ്ഥിതിയ്ക്കും അനുഗ്രഹത്തിനും കൂടി വേണ്ടിയുള്ളതാണ്. തിരുവെഴുത്തിലെ സന്ദേശം സ്ഥലകാല പരിമിതിക്ക് അതീതമായിരിക്കുന്നതുപോലെ എല്ലാവിധ ജാതി, വർഗ, വർണ, ലിംഗ ഭേദങ്ങൾക്കും ഉപരിയായുള്ളതാണ്.

***6. പൊന്ന്, മുത്ത് ഇവകൊണ്ടുള്ള ആഭരണത്തെയാണല്ലോ ഈ വാക്യങ്ങൾ വിലക്കുന്നത്. അപ്പോൾ വിശ്വാസികൾ കുപ്പിവളകളും, പൊന്നുകൊണ്ടല്ലാത്ത സ്വർണവർണ ആഭരണങ്ങളും ഉപയോഗിക്കുന്നതിൽ തെറ്റുണ്ടോ?***

**വിചിന്തനം.** *1പത്രോസ് 3.3 നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും ഇങ്ങനെ* ***പുറമെയുള്ളതല്ല,***

*1പത്രോസ് 3.4 സൗമ്യതയും സാവാധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ* ***ഗൂഢ****മനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു.*

ഈ വാക്യങ്ങൾ രണ്ടു തരത്തിലുള്ള അലങ്കാരങ്ങളെക്കുറിച്ച് പറയുന്നു–*പുറമെയുള്ളതും ഗൂഢമായതും*.1 പത്രോസ് 3.3 ൽ, നമ്മുടെ അലങ്കാരം *പുറമെയുള്ളത്* ആയിരിക്കരുതെന്നും 1 പത്രോസ് 3.4 ൽ *ഗൂഢമായത്* ആയിരിക്കണം എന്നുമാണ് പറഞ്ഞിരിക്കുന്നത്.

"സൗമ്യതയുള്ള, സാവാധാനതയുമുള്ള മനസ്സ് എന്ന ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ" എന്ന അക്ഷയഭൂഷണമായിരിക്കണം വിശ്വാസിയുടെ അലങ്കാരം. ഇതിനോളം ശ്രേഷ്ഠമായ ഒരു അലങ്കാരം ഇതുവരെ മനുഷ്യൻ കണ്ടെത്തിയിട്ടില്ല; അവന്റെ ബുദ്ധി മൂശയിൽ രൂപകല്പന ചെയ്തിട്ടില്ല; ഒരു സമ്പന്നനും വില കൊടുത്തു വാങ്ങിയിട്ടില്ല. *വിലയേറിയതാകുന്നു* എങ്കിലും ഏതു ദരിദ്രനും സ്വന്തമാക്കാവുന്നതാണിത്. *അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു* എന്നതുകൊണ്ട് അതിനേക്കാൾ വിലകുറഞ്ഞ യാതൊന്നും മഹാസമ്പന്നനായ ദൈവം തമ്പുരാൻ തന്റെ കുമാരീകുമാരന്മാർ അണിയുവാൻ ആഗ്രഹിക്കുന്നില്ല.

*നിങ്ങളുടെ അലങ്കാരം ...... ....... ...... ഇങ്ങനെ പുറമെയുള്ളതല്ല* (1 പത്രോസ് 3.3) എന്നിങ്ങനെ **ബാഹ്യമായ അലങ്കാരങ്ങളെ തിരുവെഴുത്ത് വിലക്കു**ന്നതുകൊണ്ട് കുപ്പിവളകൾ, മുതലായ ബാഹ്യാലങ്കാരങ്ങൾ വിശ്വാസികൾ വർജ്ജിക്കേണം എന്നു തന്നെയാണ് തിരുവെഴുത്തിന്റെ സന്ദേശം.

*********

## അദ്ധ്യായം 6

# പുതിയനിയമവും വെളിപ്പാടുകളുടെ പൂർത്തീകരണവും

ദൈവീക വെളിപ്പാടുകൾ മനഷ്യന് ദൈവം നൽകിയത് ഭാഗം ഭാഗമായും വർദ്ധമാനമായ നിലയിലും ആയിരുന്നു. പുതിയനിയമത്തിലാണ് ദൈവീക വെളിപ്പാടിന്റെ പൂർത്തീകരണം കാണുന്നത്. *ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിചെയ്തിരിക്കുന്നു (എബ്രായർ 1.1).* വിവിധ വിഷയങ്ങളെ സംബന്ധിച്ച് പൂർണമായ ദൈവീക വെളിപ്പാട് ദൈവം നൽകുന്നത് പുതിയനിയമത്തിലാണ്.

യേശുക്രിസ്തുവിന്റെ അപ്പോസ്തലന്മാരും പ്രവാചകന്മാരും മുഖേന പുതിയനിയമ വിശ്വാസികൾക്ക് ദൈവം ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തി. പഴയനിയമ കാലത്ത് മർമ്മമായിരുന്ന കാര്യങ്ങളും ദൈവം അവരിലൂടെ വെളിപ്പെടുത്തിയിരിക്കുന്നു. ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകുന്നതിനെക്കുറിച്ച് പറയുന്നത് *ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പോസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവകാലങ്ങളിൽ മനുഷ്യർക്ക് അറിവായി വന്നിരുന്നില്ല (എഫെസ്യർ 3.5)* എന്നാണ്.

കൊലോസ്സ്യർ 1.25 ൽ *നിങ്ങൾക്കു വേണ്ടി ദൈവം എനിക്കു നൽകിയിരിക്കുന്ന ഉദ്യോഗപ്രകാരം ദൈവവചനഘോഷണം നിവർത്തി*

*ക്കേണ്ടതിന് ഞാൻ സഭയുടെ ശുശ്രൂഷനായിരിക്കുന്നു* എന്ന പൗലോസിന്റെ വാക്കുകളിൽ നിന്നും അപ്പൊസ്തോലിക ശുശ്രൂഷയുമായി ബന്ധപ്പെട്ടതായിരുന്നു ദൈവവചനത്തിന്റെ പൂർത്തീകരണം എന്ന് ഗ്രഹിക്കാവുന്നതാണ്.

മലയാള പരിഭാഷയിൽ *ദൈവവചനഘോഷണം നിവർത്തിക്കേണ്ടതിന്* എന്ന് കാണുന്നു എങ്കിലും *വചനം നിവർത്തിക്കേണ്ടതിന്* എന്നാണ് മൂലഭാഷയിൽ. ഇംഗ്ലീഷിൽ "Whereof I am made a minister, according to the dispensation of God which is given to me for you, to **fulfil the word of God**;" എന്നാണ്. ഇവിടെ നിവർത്തിക്കുക എന്നതിന് ഉപയോഗിച്ചിരിക്കുന്ന *പ്ലേറോ* എന്ന ഗ്രീക്കു പദം തന്നെയാണ് *തീർക്കുക* (ലൂക്കോസ് 7.1), *തികയുക* (ലൂക്കോസ് 21.24; അപ്പൊസ്തല പ്രവൃത്തികൾ 13.25), *പൂർണമാകുക* (യോഹന്നാൻ 15.11; 16:24; 17.13; ഫിലിപ്പ്യർ 2.2; കൊലോസ്യർ 2.10; 2തിമൊഥെയോസ് 1.3; 1യോഹന്നാൻ 1.4; 2യോഹന്നാൻ 12) എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

അതായത്, അപ്പൊസ്തോല ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ട പൗലോസിന് ***ദൈവവചനം പൂർത്തിയാക്കുക*** എന്ന ശുശ്രൂഷയ്ക്കായി ദൈവീക വെളിപ്പാടുകൾ ലഭിച്ചു. *ഞാൻ മീതെ ചുരുക്കത്തിൽ എഴുതിയിരുന്നതു പോലെ വെളിപ്പാടിനാൽ എനിക്ക് ഒരു മർമ്മം അറിവായി വന്നു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ (എഫെസ്യർ 3.3).* ഈ ദൈവീക വെളിപ്പാട് അപ്പൊസ്തലിക ശുശ്രൂഷയുമായി ബന്ധപ്പെട്ടതാണെന്ന് തുടർന്നുള്ള വാക്യങ്ങളിൽ കാണുന്നു. *ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പോസ്തലന്മാർക്കും* പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് അറിവായി വന്നിരുന്നില്ല (എഫെസ്യർ 3.5).* (* പൗലോസ് മാത്രമല്ല, ക്രിസ്തുവിന്റെ മറ്റ് അപ്പോസ്തോലന്മാരും വെളിപ്പാടു ലഭിച്ചതിനാൽ ഈ ശുശ്രൂഷ ചെയ്തു എന്ന് ഇവിടെ സൂചന ഉണ്ട്.)

പൗലോസ് എഴുതിയത് തിരുവെഴുത്തായിരുന്നു എന്ന് പത്രോസ് സാക്ഷിക്കുന്നു. 2പത്രോസ് 3. 15,16 *പ്രീയ സഹോദരനായ* ***പൗലോസും*** *തനിക്കു ലഭിച്ച ജ്ഞാനത്തിന്നു തക്കവണ്ണം നിങ്ങൾക്കും ഇതിനേക്കുറിച്ച് എഴുതിയിട്ടുണ്ടല്ലോ. അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ള ചിലത് ഉണ്ട്. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ* ***ശേഷം തിരുവെഴുത്തുകളെപ്പോലെ അതും*** *തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു.*

*2കൊരിന്ത്യർ 4.1,2 അതുകൊണ്ട് ഞങ്ങൾക്ക് കരുണ ലഭിച്ചിട്ട്* ***ഈ ശുശ്രൂഷ*** *ഉണ്ടാകയാൽ ഞങ്ങൾ അധൈര്യപ്പെടാതെ ലജ്ജാകരമായ രഹസ്യങ്ങളെ ത്യജിച്ച് ഉപായം പ്രയോഗിക്കാതെയും* ***ദൈവവചനത്തിൽ*** *കൂട്ടു ചേർക്കാതെയും സത്യം* ***വെളിപ്പെടുത്തുന്നതിനാൽ*****.....**എന്ന് പറയുന്നതിൽ അപ്പോസ്തലിക ശുശ്രൂഷയുമായി ബന്ധപ്പെട്ടിരിക്കുന്നതാണ് വചനത്തിന്റെ വെളിപ്പാട് എന്ന് കാണാം.



1തിമൊഥെയോസ് 2.7 ൽ *തക്കസമയത്ത് അറിയിക്കേണ്ടതിന്നായി ഞാൻ പ്രസംഗിയും അപ്പൊസ്തലനുമായി .......ജാതികളെ വിശ്വാസവും സത്യവും ഉപദേശിപ്പാൻ നിയമിക്കപ്പെട്ടിരിക്കുന്നു* എന്ന് പൗലോസ് പറയുന്നു. കൂടാതെ, 2തിമൊഥെയോസ് 1.11ൽ *ആ സുവിശേഷത്തിന് ഞാൻ പ്രസംഗിയും അപ്പോസ്തലനും ഉപദേഷ്ടാവുമായി നിയമിക്കപ്പെട്ടിരിക്കുന്നു* എന്നും കാണുന്നു. (ഒത്തുനോക്കുക: റോമർ 1.2; 1കൊരിന്ത്യർ 1.1; ഗലാത്യർ 1.1; 1തിമൊഥെയോസ് 1.11.)

ഇപ്രകാരം, അപ്പൊസ്തലന്മാരും പ്രവാചകന്മാരും മുഖാന്തരം പൂർണ്ണമായി നൽകപ്പെട്ട വചനം സഭയ്ക്ക് അടിസ്ഥാനമായിരിക്കുന്നു. *ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു (എഫെസ്യർ 2.20)* എന്ന് പറഞ്ഞിരിക്കുന്നത് അതുകൊണ്ടാണ്.

യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും മുഖേന ദൈവീക വെളിപ്പാടുകൾ പൂർണരൂപത്തിൽ നമുക്ക് ലഭിച്ചിരിക്കുന്നു. പുതിയനിയമ വിശ്വാസികൾക്കുള്ള ഉപദേശത്തിന്, അഥവാ പുതിയനിയമ സഭയുടെ, ആധാരം പുതിയനിയമമാണ്.

*********

## അദ്ധ്യായം 7

# ചില പഴയനിയമ വാക്യങ്ങളുടെ വിചിന്തനം

ക്രിസ്തു സഭയുടെ ഉപദേശങ്ങൾക്ക് ആധാരം പുതിയനിയമം ആണ് എങ്കിലും, പൊന്ന് അണിയുന്നതിന് ആധാരമായി പഴയനിയമത്തിലെ പല വാക്യങ്ങളും ചുണ്ടിക്കാണിക്കാറുണ്ട്. അവയെ ഈ അദ്ധ്യായത്തിൽ വിചിന്തനം ചെയ്യാം.

***1. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. (ഉൽപ്പത്തി 1.1) യഹോവ ഭൂമിയും അവയിലുള്ളതൊക്കെയും ഉണ്ടാക്കി (പുറപ്പാട് 20.11). എന്നു തിരുവെഴുത്തു പറയുന്നു. ഇതിൽ പൊന്നും വെള്ളിയും വൈഢൂര്യവും ഗോമേദകവും (ഉൽപ്പത്തി 2.11,12) ഉൾപ്പെടുന്നുണ്ടല്ലോ?***

**വിചിന്തനം:** പൊന്നും വെള്ളിയും വൈഢൂര്യവും ഗോമേദകവും മറ്റും ദൈവസൃഷ്ടിയിൽ ഉൾപ്പെടുന്നില്ല എന്ന ധാരണ കൊണ്ടല്ല വിശ്വാസികൾ ആഭരണം വർജ്ജിക്കണമെന്ന് ബൈബിൾ പറയുന്നതായി പഠിപ്പിക്കുന്നത്. ബൈബിളിലെ വ്യക്തമായ കല്പനയെ ആധാരമാക്കിയാണ്.

പൊന്ന്, വെള്ളി തുടങ്ങിയ ലോഹങ്ങളും വൈഢൂര്യം, ഗോമേദകം മുതലായ പദാർത്ഥങ്ങളും സൃഷ്ടിച്ചത് ദൈവമാണ്. അവ അതിൽ തന്നെ നന്മയോ തിന്മയോ അല്ല.

എന്നാൽ, മനുഷ്യഹൃദയത്തിന്റെ സൂക്ഷ്മഭാവങ്ങളെ അറിയുന്നവനായ ദൈവം, ആഭരണധാരണത്തിനു പിന്നിൽ ഒളിഞ്ഞിരിക്കുന്നതും ജഢികദൃഷ്ടികൾക്ക് അഗോചരവുമായ ചതിക്കുഴികൾ, മനുഷ്യന്റെ ആരോഗ്യകരമായ ആത്മീക ജീവിതത്തിന് വിനയാണ് എന്ന് അറിയുന്നതു കൊണ്ട് പൊന്ന്, മുത്ത് മുതലായവയെ ബാഹ്യാലങ്കാരത്തിനായി ഉപയോഗിക്കരുത് എന്നു വിലക്കിയിരിക്കുന്നു. ഒരു വസ്തു ദൈവസൃഷ്ടിയിൽ ഉൾപ്പെടുന്നു എന്നത് അതിന്റെ ദുരുപയോഗത്തെ സാധൂകരിക്കുന്നില്ല.



അതുകൊണ്ട്, സർവ്വവും സൃഷ്ടിച്ചത് ദൈവമാണ് എന്ന വാദത്തിന്റെ മറവിൽ നിന്നുകൊണ്ട് നാം ആഭരണം ധരിപ്പാൻ പാടില്ല.

***2. ഉല്പത്തി 24.10,22,35,53 തുടങ്ങിയ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ അബ്രഹാമിന് ധാരാളം പൊന്നും വെള്ളിയും ഉണ്ടായിരുന്നു എന്നു കരുതരുതോ? മാതൃകയായി പറഞ്ഞിട്ടുള്ള സാറയും ആഭരണം ധരിച്ചിരുന്നു എന്നു വേണ്ടേ അനുമാനിക്കുവാൻ? (1പത്രോസ് 3.6)***

**വിചിന്തനം:** ദൈവീക വെളിപ്പാടുകളുടെ പൂർണത പുതിയനിയമത്തിൽ ക്രിസ്തുവിലൂടെ ലഭിക്കുന്നതിനു മുൻപ് മനുഷ്യ സമൂഹത്തിൽ ദൈവം അനുവദിച്ചിട്ടുള്ള പല കാര്യങ്ങളും ഇക്കാലത്ത് ജീവിക്കുന്ന ക്രിസ്തു വിശ്വാസികൾക്ക് മാതൃകയായിട്ടല്ല. പഴയനിയമ കാലത്തെ പിതാക്കന്മാരുടെ കാലത്ത് ബഹുഭാര്യത്വം ദൈവം അനുവദിച്ചിരുന്നു. പക്ഷേ, ഇന്ന് നാം അത് മാതൃകയാക്കിക്കൂടാ. ദേശത്തു ക്ഷാമം വന്നപ്പോൾ വിശ്വാസികളുടെ പിതാവായ അബ്രഹാം കനാൻ ദേശം വിട്ട് മിസ്രയീമിലേക്കു പോയതും (ഉല്പത്തി 12.10) നമുക്കു മാതൃകയല്ല. അബ്രഹാമിന്റെ ദാസി ഹാഗാർ മിസ്രയീമ്യ സ്ത്രീ (ഉല്പത്തി 16.3) ആയിരുന്നു. അവളുടെ സാന്നിധ്യം അബ്രഹാമിനെയും പിൻതലമുറകളെയും എപ്രകാരം ബാധിച്ചിരിക്കുന്നു എന്നു പറയേണ്ടതില്ലല്ലോ.

ഇനിയും അബ്രഹാമിന്റെ കാര്യം പരിഗണിച്ചാൽ, ക്ഷാമം നിമിത്തം കനാൻ ദേശം വിട്ട് മിസ്രയീമിൽ എത്താറായപ്പോൾ അബ്രഹാം സാറായിയോട് പറയുന്നത് ശ്രദ്ധിക്കുക: *നീ എന്റെ സഹോദരി എന്നു പറയേണം. എന്നാൽ നിന്റെ നിമിത്തം എനിക്കു നന്മ വരികയും ഞാൻ ജീവിച്ചിരിക്കയും ചെയ്യും*(ഉല്പത്തി 12.13). തുടർന്ന് നാം വായിക്കുന്നത്: *സ്ത്രീ ഫറവോന്റെ അരമനയിൽ പോകേണ്ടി വന്നു*(12.15). *അവളുടെ നിമിത്തം അവൻ അബ്രാമിന്നു നന്മ ചെയ്തു; അവന്നു ആടു*

*മാടുകളും ആൺകഴുതകളും ദാസന്മാരും ദാസിമാരും പെൺകഴുതകളും ഒട്ടകങ്ങളും ഉണ്ടായിരുന്നു* (12.16). ഫറവോൻ സാറായിയെ ഭാര്യയായി എടുത്തതിനാൽ ദൈവം അവനെ ദണ്ഡിപ്പിച്ചപ്പോൾ ഫറവോൻ പറയുന്നു: *അവൾ എന്റെ സഹോദരി എന്ന് എന്തിന് പറഞ്ഞു? ഞാൻ അവളെ ഭാര്യയായി എടുപ്പാൻ സംഗതി വന്നു പോയല്ലോ;*(12.19). ...*അവർ അവനെയും അവന്റെ ഭാര്യയെയും അവനുള്ള സകലവുമായി പറഞ്ഞയച്ചു.*(12.20). വാഗ്ദത്ത ദേശമായ കനാൻ ദേശം വിട്ട് മിസ്രയീമിലേക്കു പോയതു മാത്രമല്ല, അബ്രഹാമിന്റെ ലജ്ജാകരമായ ഈ ചെയ്തിയും ഇന്നുള്ള വിശ്വാസികൾ മാതൃകയാക്കരുത്.

ഇനി അബ്രഹാമിന്റെ പൊന്നിനെയും, വെള്ളിയേയും കുറിച്ച് പരിശോധിക്കാം. അബ്രഹാമിന് ഇവ ധാരാളം ഉണ്ടായിരുന്നു എന്ന് ഒന്നാമത് പറഞ്ഞിരിക്കുന്നത് ഉല്പത്തി 13.2 ൽ ആണ്. ഇത് അബ്രഹാമും ശ്രീമതിയും മിസ്രയീം ചുറ്റൽ കഴിഞ്ഞ് വരുമ്പോഴുള്ള സ്ഥിതിയാണ്(ഉല്പത്തി 13.1 നോക്കുക). *അവന്നു ആടുമാടുകളും ആൺകഴുതകളും ദാസന്മാരും ദാസിമാരും പെൺകഴുതകളും ഒട്ടകങ്ങളും ഉണ്ടായിരുന്നു* എന്ന് ഉല്പത്തി 12.16–ൽ അബ്രഹാമിന്റെ വസ്തുവകകളെക്കുറിച്ച് പറഞ്ഞിരിക്കുന്നിടത്ത് പൊന്ന്, വെള്ളി ഇവയുടെ കാര്യം പറഞ്ഞിട്ടില്ലെന്നോർക്കുക! ഈ പൊന്നും വെള്ളിയും ഫറവോന്റെ പാരിതോഷികമാണെന്നു ചിന്തിക്കാവുന്നതാണ്.

ക്ഷാമകാലത്ത് യഹോവയിൽ വിശ്വാസിക്കുന്നതിനു പകരം മിസ്രയീമിലേക്ക് പോയി അവിടുത്തെ *നന്മ* പ്രതീക്ഷിച്ച് ഭാര്യയെ ഫറവോന്റെ അടുക്കലേക്ക് അയയ്ക്കുവാൻ മനസ്സുവച്ച അബ്രഹാമിനേപ്പോലെ, വിശ്വാസവും ദർശനവും നഷ്ടപ്പെട്ട് ലോകത്തിലേക്ക് ഇറങ്ങിപ്പോകുന്ന ഒരു വിശ്വാസിക്കു മാത്രമേ പുതിയനിയമത്തിലെ ദൈവീക കല്പന ഗ്രഹിച്ച ശേഷവും പൊന്നിലും വെള്ളിയിലും കണ്ണു വയ്ക്കുവാൻ കഴിയൂ.

അതുകൊണ്ട്, വിശ്വാസികളുടെ പിതാവായ അബ്രഹാമിന് ധാരാളം പൊന്നും വെള്ളിയും ഉണ്ടായിരുന്നു എന്ന് പറഞ്ഞും സാറ ആഭരണം ധരിച്ചിരുന്നു എന്ന് അനുമാനിച്ചും പുതിയനിയമ വിശ്വാസികൾ ഇക്കാര്യത്തിൽ അവരെ മാതൃകയാക്കുവാൻ ധൃതിപ്പെടേണ്ടതില്ല. അവരേക്കാൾ *ദൈവം നമുക്കുവേണ്ടി ഏറ്റവും നല്ലതൊന്നു മുൻകരുതിയിരുന്നു* (എബ്രായർ 11.8–19, 40 നോക്കുക) എങ്കിൽ നമ്മിൽ നിന്നും ഏറ്റവും ശ്രേഷ്ഠമായത് ദൈവം പ്രതീക്ഷിക്കുന്നു.



***3. യഹോവ എന്റെ യജമാനനെ ഏറ്റവും അനുഗ്രഹിച്ച് അവൻ മഹാനായിതീർന്നു; അവൻ അവന്നു ആട്, മാട്, പൊന്ന്, വെള്ളി, ദാസീദാസന്മാർ, ഒട്ടകങ്ങൾ, കഴുതകൾ എന്നിവയൊക്കെയും കൊടുത്തിരിക്കുന്നു (ഉല്പത്തി 24.35). ഇവിടെ പൊന്നും വെള്ളിയും യഹോവയുടെ അനുഗ്രഹമാണെന്നു പറഞ്ഞിരിക്കുന്നുവല്ലോ.***

**വിചിന്തനം:** യജമാനൻ അബ്രഹാം വെള്ളിയും പൊന്നും നേടി എങ്കിൽ, ദാസന് സമാനമായ കാഴ്ചപ്പാട് ഉണ്ടാവുക സ്വാഭാവികമാണല്ലോ; ആ ഭൃത്യനെ കുറ്റം പറയുന്നതെങ്ങനെ? ദൈവീക അനുഗ്രഹം എന്നാൽ സാമ്പത്തിക ഭദ്രതയും, ഭൗതീക നേട്ടങ്ങളും ആണെന്ന് ഇന്നും അനേകർ കരുതുന്നുണ്ട്. പല ക്രൂസേഡുകളുടെയും *തീം* പോലും ഇതൊക്കെ തന്നെയല്ലേ!

പുതിയനിയമ കാലത്ത് ജീവിക്കുന്നവരായ നാം ദൈവാനുഗ്രഹം എന്നാൽ പൊന്ന്, വെള്ളി, മുതലായവയുടെ സമൃദ്ധിയാണെന്ന് കരുതുവാൻ പാടില്ല. അവയെക്കാൾ ശ്രേഷ്ഠമായ ആത്മീക അനുഗ്രഹങ്ങളാൽ ക്രിസ്തുയേശുവിൽ സമ്പന്നരാണ് നാം (എഫെസ്യർ 1.3). 1പത്രോസ് 1.7, 18, മുതലായ വാക്യങ്ങളിൽ പൊന്നിനെ തുച്ഛീകരിച്ചു പറഞ്ഞിരിക്കുന്നതു കാണാം. ആഭരണം എന്ന നിലയിൽ പൊന്നിനെ സമീപിക്കുമ്പോൾ വചനത്തിലെ കല്പന നാം അനുസരിക്കേണ്ടതാണ്. പൊന്ന്, മുത്ത് മുതലായവ നമ്മുടെ അലങ്കാരമായിരിക്കരുതെന്ന് തിരുവെഴുത്തു പറയുന്നു.

***4. യേശുവിന്റെ ഗോത്രത്തിന്റെ പിതാവായിരുന്ന യഹൂദാ മുദ്രാമോതിരവും മോതിരച്ചരടും ധരിച്ചിരുന്നുവല്ലോ (ഉൽപ്പത്തി 38.18)***

യേശു പിറന്ന ഗോത്രത്തിന്റെ പിതാവായിരുന്നെങ്കിലും യഹൂദയുടെ ജീവിതം അപ്പടി പുതിയനിയമ വിശ്വാസികൾക്ക് മാതൃകയാക്കാവതല്ല എന്ന് പ്രസ്തുത അദ്ധ്യായം വെളിപ്പെടുത്തുന്നുണ്ടല്ലോ. അന്നത്തെ രീതി അനുസരിച്ച് മുദ്രയും അത് ബന്ധിച്ചിരുന്ന ചരടും യഹൂദയ്ക്ക് ഉണ്ടായിരുന്നു എന്നതുകൊണ്ട് പൊന്ന്, മുത്ത് മുതലായ അലങ്കാരങ്ങൾ പാടില്ല എന്ന ദൈവീക ആജ്ഞ നാം ലംഘിക്കുവാൻ പാടില്ല.

***5. കർത്താവായ യേശുവിനെ സാദൃശ്യപ്പെടുത്തിയിരിക്കുന്ന പഴയനിയമ കഥാപാത്രങ്ങളിൽ യോസേഫിനോളം ശ്രേഷ്ഠനാരുമില്ല. താൻ മുദ്രാമോതിരവും സരപ്പളിയും ധരിച്ചിരുന്നുവല്ലോ (ഉൽപ്പത്തി 41.42).***

**വിചിന്തനം:** യോസേഫ് യേശുവിന്റെ സാദൃശ്യമായിരുന്നു എങ്കിൽ അത് യേശു പൊന്നണിയുന്നതിനെയല്ലേ സാധൂകരിക്കുന്നുള്ളൂ. പക്ഷേ, യേശു അപ്രകാരം ചെയ്തതായി വേദം വെളിപ്പെടുത്തുന്നില്ല. മാത്രമല്ല, നിഴലായി പഴയനിയമത്തിൽ കാണുന്നവയും പുതിയനിയമത്തിലെ പൊരുളും തമ്മിൽ പൂർണ്ണ സമാനത കാണണമെന്നില്ല. യേശുവും യോസേഫും എല്ലാ വിധത്തിലും തുല്യരല്ല. അതുകൊണ്ട്, യോസേഫിനുണ്ടായിരുന്നതുപോലെ ഐഹികജീവിത കാലത്ത് യേശുവും മോതിരവും സരപ്പളി ധരിച്ചിരുന്നു എന്നു കരുതുവാൻ പൊരുളിനേക്കാൾ നിഴലിനെ അനുഗമിക്കുന്നവർക്കേ കഴിയൂ. യേശു ധരിച്ചിരുന്നു എന്നു ശഠിച്ചാലും അലങ്കാരമായി പൊന്നണിയുന്നതിനെ സംബന്ധിച്ച് വ്യക്തമായ ആജ്ഞ വിശ്വാസിയോട് ഉള്ളതിനാൽ വിശ്വാസി അതാണ് അനുസരിക്കേണ്ടത്.

***6. പുറപ്പാട് 11.2 ൽ വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളും മിസ്രയീമ്യരോട് ചോദിച്ചു വാങ്ങുവാൻ യഹോവ കല്പിച്ചു. ആഭരണം ചോദിച്ചു വാങ്ങി നിങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും ധരിപ്പിക്കയും വേണം എന്ന് യഹോവ കല്പിച്ചിരുന്നുവല്ലോ (പുറപ്പാട് 3.22; 12.35). മാല, കൈവള, മോതിരം, കുണുക്ക്, കടകം എന്നിങ്ങനെ എന്തെന്ത് ആഭരണങ്ങൾ യിസ്രയേലിൽ നിലവിലിരുന്നു (സംഖ്യാ 31.50).***

**വിചിന്തനം:** ആഭരണം ചോദിച്ചു വാങ്ങുവാനുള്ള യഹോവയുടെ നിർദ്ദേശം അടിമകളായി പാർത്ത യിസ്രയേൽ ജനത്തിന് ആഭരണം സർവ്വ സാധാരണമായിരുന്നു എന്നല്ല, പ്രത്യുത, ഇല്ലായിരുന്നു എന്നാണ് തെളിയിക്കുന്നത്. യിസ്രായേൽ ജനത്തിന് ആഭരണം ധാരാളമായി ഉണ്ടായിരുന്നു എങ്കിൽ മിസ്രയീമ്യരോട് ചോദിക്കുന്നതിനോ, മിസ്രയീമ്യർ അവർക്ക് ആഭരണം കൊടുക്കുവാൻ കൃപ തോന്നുന്നതിനോ അവസരമില്ല തന്നെ.

പല നൂറ്റാണ്ടുകൾ യിസ്രയേൽ ജനം അടിമവേല ചെയ്ത് മിസ്രയീമ്യരെ സമ്പന്നരാക്കിയതിന്റെ അർഹമായ ഓഹരി യിസ്രയേൽ ജനത്തിന് നല്കുവാൻ നീതിമാനായ ദൈവം ആലോചിച്ച രക്തരൂക്ഷിതമല്ലാത്ത മാർഗ്ഗമായിരുന്നു ഈ ആഭരണം ചോദിച്ചു വാങ്ങൽ. ഇക്കാര്യം നൂറ്റാണ്ടുകൾക്ക് മുൻപ് അബ്രാഹാമിന് യഹോവ വെളിപ്പെടുത്തിയിരുന്നു. *നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്ത് നാനൂറ് സംവത്സരം പ്രവാസികളായിരുന്ന് ആ ദേശക്കാരെ സേവിക്കും........അതിന്റെ ശേഷം അവർ വളരെ സമ്പത്തോടു കൂടെ പുറപ്പെട്ടു പോരും (ഉൽപ്പത്തി 15.13,14).*



മരുഭൂമിയിലൂടെയുള്ള ദീർഘയാത്രയിൽ മൃഗസമ്പത്തായി അവരുടെ ധനം കൊണ്ടുപോകുന്നതിനേക്കാൾ സുരക്ഷിതവും സൗകര്യവും മിസ്രയീമ്യ ആഭരണ രൂപത്തിൽ കൊണ്ടുപോകുന്നതാണ് എന്നു യഹോവ നിശ്ചയിച്ചതു ഇക്കാലത്ത് ആഭരണ ഭ്രമമുള്ളവർക്ക് അത് മറയാക്കാൻ വേണ്ടിയാണെന്ന് കരുതുക വയ്യാ. കൂടാതെ, മിസ്രയീമിൽ നിന്നു പുറപ്പെട്ടതിന്റെ ഏതാനും ചില മാസങ്ങൾ കൂടി കഴിഞ്ഞ് ദൈവം വെളിപ്പെടുത്തുവാനിരുന്ന സാമാഗമന കൂടാര നിർമിതിക്കും വെള്ളി, പൊന്ന് മുതലായ ലോഹങ്ങൾ കൂടെ ദൈവം ഉദ്ദേശിച്ചിരുന്നു. ഇക്കാരണം കൊണ്ടും, ജനം ആഭരണരൂപത്തിൽ മിസ്രയീമിൽ നിന്നും ധനം കൊണ്ടു പോകുവാൻ ദൈവം ആഗ്രഹിച്ചു.

യിസ്രയേൽ മക്കൾ കുണുക്കും മറ്റും അണിഞ്ഞു മരുഭൂമിയിലൂടെ നടക്കുന്നതു കാണുവാനുള്ള യഹോവയുടെ താല്പര്യം കാരണമല്ല, മിസ്രയീമ്യരിൽ നിന്ന് ആഭരണം ലഭിച്ചശേഷം തന്നെയും അവർ ധരിക്കുവാൻ സാദ്ധ്യതയില്ല എന്നതുകൊണ്ടാണ് മക്കളെ ആഭരണം **ധരിപ്പിക്കുവാൻ** പറയുന്നത്. ദീർഘമായ മരുഭൂയാത്രയിലേക്ക് ഇറങ്ങുന്ന ജനം അവരുടെ ആഭരണരൂപത്തിലുള്ള ധനം ഭാണ്ഡത്തിൽ കൊണ്ടുപോകുന്നതിലും, സുരക്ഷിതവും സൗകര്യവും ശരീരത്തിൽ സൂക്ഷിക്കുന്നതു തന്നെയാണ്. അതുകൊണ്ട് യഹോവ അപ്രകാരം അരുളിചെയ്തു.

സംഖ്യാ പുസ്തകം 31.50 ൽ യിസ്രയേൽ ജനത്തിന്റെ കുണുക്കിനെയും, കടകത്തെയും മറ്റും പറ്റിയല്ല പറയുന്നത്, മിദ്യാന്യരുടേതാണ്. യുദ്ധത്തിൽ ജയിച്ച യിസ്രയേൽ ജനം അത് യഹോവയ്ക്ക് സമർപ്പിക്കുകയും, മോശെയും എലെയാസാരും ആ പൊന്നു വാങ്ങി സമാഗമന കൂടാരത്തിൽ കൊണ്ടുപോകയും ചെയ്തു (സംഖ്യ 31.54). ജനം യുദ്ധത്തിൽ പിടിച്ചെടുത്ത മൃഗസമ്പത്തിൽ അഞ്ഞൂറിൽ ഒരു ഭാഗം മാത്രം യഹോവയ്ക്കു ഓഹരി നല്കിയപ്പോൾ (സംഖ്യ 31.28 etc...) ഓരോരുത്തനു കിട്ടിയ പൊന്നാഭരണങ്ങൾ യഹോവയ്ക്കു സമർപ്പി

ച്ചു എന്ന വസ്തുത, ആഭരണം ധരിക്കുന്നതിന് ആധാരമാക്കുന്നതിലും യോജിക്കുന്നത് ആഭരണം വർജിക്കുന്നതിനാണ്.

***7. സമാഗമനകൂടാരത്തിൽ ഉപകരണങ്ങൾ പലതും തങ്കം കൊണ്ടുള്ളതായിരുന്നുവല്ലോ. കൂടാതെ പുരോഹിത വസ്ത്രങ്ങളിൽ പൊന്ന് ഉപയോഗിക്കുവാൻ യഹോവ കല്പിച്ചുവല്ലോ?***

**വിചിന്തനം.** ആഭരണം സംബന്ധിച്ച നമ്മുടെ വിചിന്തനത്തിൽ മുഖ്യമായും പുതിയ നിയമത്തിലെ വാക്യങ്ങളാണ് നാം ആധാരമായി ചിന്തിച്ചത്. അതിന് ഒരു കാരണം, പഴയനിയമ വാക്യങ്ങൾ പുതിയനിയമ സഭയ്ക്കുള്ള പുതിയനിയമ ഉപദേശങ്ങളായി പരിഗണിക്കുവാൻ പറ്റുകയില്ല എന്ന ആക്ഷേപം ഉയർന്നേക്കാം എന്നതിനാലാണ്. പഴയനിയമത്തിലെ ഈ ഭാഗം ആഭരണം ധരിക്കുന്നതിന് തെളിവായി എടുത്താൽ പഴയനിയമ വാക്യങ്ങളെ ആധാരം ആക്കി പുതിയനിയമ സഭ അനുസരിക്കേണ്ട ഉപദേശങ്ങൾ സ്ഥാപിക്കാം എന്നു വരും. അങ്ങനെ നോക്കിയാൽ പുതിയനിയമത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ വാക്യങ്ങൾ ആഭരണം ഉപേക്ഷിക്കുന്നതിന് പ്രേരകമായി പഴയനിയമത്തിൽ ഉണ്ടെന്നു കാണാം. ഉദാ.പുറപ്പാട് 33.4–6., യിരെമ്യാവ് 4.30., യെഹസ്കേൽ 7.19,20., 16.17., 23.39,40,47–49., ന്യായാധിപന്മാർ 8.24–27.

ബൈബിളിൽ സ്വർണ്ണത്തെപ്പറ്റി പറഞ്ഞിരിക്കുന്ന ഏതു ഭാഗം കണ്ടാലും വിശ്വാസി ആഭരണം ധരിക്കാം എന്നതിന്റെ തെളിവായി കരുതുവാൻ പാടില്ല. ആ വാക്യം പുതിയനിയമ സഭ അനുസരിക്കേണ്ട കല്പനയാണോ എന്ന് നാം പരിശോധിക്കേണ്ടതാണ്. പഴയനിയമത്തിൽ പൊന്നിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭൂരിഭാഗം വാക്യങ്ങളും ആഭരണമായി പൊന്ന് ഉപയോഗിക്കുന്നതിനെക്കുറിച്ചല്ല പ്രത്യുത, പൊന്നും വെള്ളിയും ധനം എന്ന നിലയിലാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ആഭരണത്തേക്കുറിച്ചു പറയുന്ന പഴയനിയമവാക്യങ്ങളും ഉണ്ട്.

ബൈബിൾ പല ഭാഗത്തും പലരെയും നിഗ്രഹിക്കുന്നതിനെപറ്റി പറയുന്നുണ്ട്. ദൈവം അതിന് അനുവദിക്കുന്നതായും ആജ്ഞാപിക്കുന്നതായും കാണുന്നു. യോശുവയുടെ പുസ്തകത്തിൽ ആഖാനെയും അവനുള്ള സകലത്തെയും തീയിലിട്ടു ചുട്ടുകളയുവാനായിരുന്നു യഹോവയുടെ കല്പന. ശമുവേലിന്റെ ഒന്നാം പുസ്തകത്തിൽ അമാലേക്യരെയും അവർക്കുള്ളതിനെയും നിർമൂലമാക്കികളയുവാൻ



യഹോവ കല്പിച്ചു. യഹോവ ഇപ്രകാരം കല്പിച്ചതായി തിരുവെഴുത്തിൽ നാം വായിക്കുന്നു എങ്കിലും അനുദിന ജീവിതത്തിൽ *കുലചെയ്യുവാൻ* സ്വാതന്ത്ര്യം ഈ വചനങ്ങൾ നമുക്ക് നല്കുന്നില്ല. ഇവിടെ *കുലചെയ്യരുത്* എന്ന കല്പനയാണ് നാം പൂർണ ഹൃദയത്തോടെ അനുസരിക്കേണ്ടത്. ദൈവകല്പന സ്പഷ്ടമായി നല്കിയിരിക്കുന്ന ഒരു വിഷയം സംബന്ധിച്ച് എല്ലാ സംശയ നിവാരണത്തിനും നാം ആധാരം ആക്കേണ്ടത് ആ കല്പന തന്നെയാണ്. പ്രസ്തുത വിഷയം പരാമർശിക്കുന്ന ഇതര വാക്യങ്ങളെ ആ വ്യക്തമായ കല്പനയോടു ചേർത്തു നമുക്കു പഠിക്കാം. അല്ലാത്ത പക്ഷം വിശ്വാസി കുലചെയ്യുവാൻ ബൈബിൾ അനുവദിക്കുന്നു എന്ന ഉപദേശവും ഉണ്ടാക്കുവാൻ കഴിയും.

പിന്നെ എന്തുകൊണ്ട് ദൈവം കുലചെയ്യുവാനും പൊന്നും തങ്കവും ഉപയോഗിക്കുവാനും കല്പിച്ചു എന്നു ചോദിച്ചാൽ അത് ദൈവത്തിന്റെ സർവ്വജ്ഞാനത്തിൻ പ്രകാരമാണ് എന്നേ കരുതാനാവൂ. പക്ഷേ, സ്വർഗ്ഗീയ കൂടാരത്തിന്റെ *ദൃഷ്ടാന്തവും നിഴലുമായ* (എബ്രായർ 8.5., 9.23,24) സമാഗമന കൂടാരത്തിന്റെ മഹത്വം മനുഷ്യ കീടങ്ങളായ യിസ്രയേൽ ജനം മനസ്സിലാക്കേണ്ടതിന് ആ ജനത്തിന്റെ ദൃഷ്ടിയിൽ വിലയേറിയ സ്വർണ്ണവും തങ്കവും ഉപയോഗിക്കാൻ കല്പിച്ചു എന്നു വരാവുന്നതാണ്. പൊന്ന് വെള്ളി മുതലായവയെ ദൈവം വിലയേറിയതായി ഗണിക്കുന്നില്ല എന്ന് 1പത്രോസ് 1.7, 18., 3.3,4 മുതലായ വാക്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്.

സമാഗമനകൂടാരം എന്ന പൊതു സ്ഥാപനത്തിൽ പണിയ്ക്ക് പൊന്ന് ഉപയോഗിച്ചാൽ, വ്യക്തികൾ അലങ്കാരത്തിനു വേണ്ടി ആഭരണം അണിയുമ്പോഴുള്ള ഡംഭം (യെഹസ്കേൽ 7.19,20) മുതലായ ദൂഷ്യങ്ങൾ വ്യക്തികൾക്ക് ഉണ്ടാകുന്നില്ല എന്നു കൂടി സർവ്വജ്ഞാനിയായ ദൈവം കണ്ടിരിക്കാം.

***8. ദൈവത്തിന്റെ ഹൃദയ പ്രകാരമുള്ള ദാവീദ് വേണ്ടുവോളം പൊന്നും രത്നങ്ങളും സംഭരിച്ചിരുന്നു (2ശമുവേൽ 8.10,12; 12.30; 1ദിനവൃത്താന്തം 22.14; 20.2; 1രാജാക്കന്മാർ 7.51).***

**വിചിന്തനം:** ബൈബിളിൽ പൊന്ന്, വെള്ളി മുതലായവ ആഭരണമായി മാത്രമല്ല, ധനമായും പറഞ്ഞിട്ടുണ്ട്. ദാവീദിനുണ്ടായിരുന്ന

പൊന്നും രത്നങ്ങളും മുഴുവൻ അവൻ അണിയുകയായിരുന്നു എന്നർത്ഥമില്ല. അവ ദേവാലയ നിർമ്മിതിക്കു വേണ്ടി ദാവീദ് സ്വരൂപിച്ചിരുന്നു (1ദിനവൃത്താന്തം 22.14; 2ശമുവേൽ 8.10,12; 1രാജാക്കന്മാർ 7.51). ആഭരണം അണിയുമ്പോൾ വ്യക്തികൾക്കുണ്ടാകുന്ന നിഗളം ഇത്യാദി ദോഷങ്ങൾ ഒരു പൊതു സ്ഥാപനത്തിൽ ദൈവകൽപ്പന പ്രകാരം പൊന്നുപയോഗിക്കുന്നതിനാൽ ഉണ്ടാകുന്നില്ല എന്നു വേണം കരുതാൻ. ദാവീദ് ആഭരണമായി അവ അണിഞ്ഞിരുന്നു എന്നു വന്നാലും അതു മാതൃകയാക്കി നാം ആഭരണം ധരിക്കുന്നത്, പുതിയനിയമത്തിൽ നമ്മോടുള്ള ദൈവ കല്പനയുടെ ലംഘനമാണ്.

***9. ശലോമോന് പൊന്ന് പലരും കൊടുത്തയച്ചിരുന്നുവല്ലോ? (1രാജാക്കന്മാർ 9.14; 10.2,10; 2ദിന. 9.9; 1രാജാക്കന്മാർ 10.14–18)***

**വിചിന്തനം:** ശലോമോന്റെ ജീവിതത്തിലെ മറ്റ് അനേക കാര്യങ്ങൾ വിശ്വാസികൾക്ക് മാതൃക ആക്കാവുന്നത് അല്ലാതിരിക്കുന്നതുപോലെ, പൊന്നിനോടുള്ള തന്റെ ഭ്രമവും ക്രിസ്തു വിശ്വാസി മാതൃക ആക്കികൂടാ. കാരണം, ഇക്കാര്യത്തിൽ വിശ്വാസി ശലോമോനെ മാതൃകയാക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ലെന്ന് പുതിയനിയമത്തിൽ അലങ്കാരത്തിനായി പൊന്ന് ഉപയോഗിക്കരുതെന്ന് ആജ്ഞാപിച്ചിരിക്കുന്നതിനാൽ മനസ്സിലാക്കാം. 2ദിന 1:15 ൽ കാണുന്ന പ്രകാരം പൊന്നും വെള്ളിയും കല്ലു പോലെ പരിഗണിക്കുവാൻ ശലോമോന് യഥാർത്ഥമായി കഴിഞ്ഞിരുന്നു എങ്കിൽ അത് നാം മാതൃകയാക്കുന്നതിൽ തെറ്റില്ല.

***10. നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്ന ഇയ്യോബിന് ആഗതർ പൊൻനാണ്യവും പൊൻമോതിരവും നല്കി (ഇയ്യോബ് 41.11) എന്നു കാണുന്നല്ലോ?***

**വിചിന്തനം:** ഇയ്യോബ് ആഭരണഭ്രമി ആയിരുന്നു എന്നും, പുതിയനിയമ വിശ്വാസികൾ അത് തുടരണമെന്നും വേദം പഠിപ്പിക്കുന്നില്ല. ഇയ്യോബിന്റെ സകല സഹോദരന്മാരും സഹോദരിമാരും മുമ്പെ അവനു പരിചയമുള്ളവരൊക്കെയും അവന്റെ അടുക്കൽ വന്ന് അവന് ധനം



പൊന്നിന്റെ രൂപത്തിൽ നല്കി. അതുകൊണ്ട്, ക്രിസ്തീയ സഭയ്ക്ക് അലങ്കാരമായി പൊന്ന് ഉപയോഗിക്കാം എന്ന് വരുന്നില്ല. കാരണം, പൂർണമായ ദൈവീക വെളിപ്പാട് യേശുക്രിസ്തുവിലൂടെ ലഭിച്ച പുതിയനിയമ വിശ്വാസികൾ ആഭരണം സംബന്ധിച്ച് പുതിയനിയമത്തിൽ നല്കിയിരിക്കുന്ന ദൈവീക ആജ്ഞ അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

***11. സങ്കീർത്തനം 45.13; യെശയ്യാവ് 61.10 തുടങ്ങിയ ഭാഗങ്ങളിൽ യിസ്രായേലിലെ കന്യകമാരും മണവാട്ടിമാരും പൊന്നാഭരണം ധരിച്ചിരുന്നതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.***

**വിചിന്തനം:** ഈ ഭാഗങ്ങളിൽ തങ്കത്തെക്കുറിച്ചും ആഭരണത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. എന്നാൽ പുതിയനിയമ വിശ്വാസികൾ ആഭരണം ധരിക്കാം എന്ന് ഈ ഭാഗങ്ങൾ തെളിയിക്കുന്നില്ല. യെശയ്യാവ് പറയുന്നത് രക്ഷാവസ്ത്രത്തെക്കുറിച്ചും നീതി എന്ന അങ്കിയെക്കുറിച്ചുമാണ്. രക്ഷയെക്കുറിച്ചും നീതിയെക്കുറിച്ചും ഇവിടെ പറയുന്നു. മണവാളനും മണവാട്ടിയും അലങ്കാരങ്ങൾ അണിയുന്നതിനോട് ചേർത്തു പറഞ്ഞ് രക്ഷയും നീതീയും നല്കുന്ന ആനന്ദത്തെ വെളിപ്പെടുത്തിയിരിക്കുന്നു. പഴയനിയമത്തിലെ ഒരു വാക്യത്തിൽ ഏതെങ്കിലും ഒരു കാര്യത്തെ ആഭരണം അണിയുന്നതിനോട് സാദൃശ്യപ്പെടുത്തിപ്പറഞ്ഞു എന്നതുകൊണ്ട് ആഭരണം ധരിക്കുന്നതിനുള്ള ആധാരമായി ആ വാക്യത്തെ പുതിയനിയമ വിശ്വാസികൾ കരുതുവാൻ പാടില്ല. ഈ വചനങ്ങൾ, ആഭരണധാരണം സംബന്ധിച്ച് പുതിയനിയമത്തിൽ നല്കിയിട്ടുള്ള സ്പഷ്ടമായ കല്പന നാം ലംഘിക്കുന്നതിന് പ്രമാണമല്ല.

***12. ദൈവസഭയുടെ നിഴലായി വ്യാഖാനിച്ചുപോരുന്ന ശൂലമിയെ ക്കുറിച്ചുള്ള വർണ്ണനയിൽ "നിന്റെ കവിൾത്തടങ്ങൾ രത്നാവലികൊണ്ടും നിന്റെ കഴുത്ത് മുത്തുമാലകൊണ്ടും ശോഭിച്ചിരിക്കുന്നു" (ഉത്തമഗീതം 1.10) എന്നു പറയുന്നുണ്ടല്ലോ.***

**വിചിന്തനം:** പറയുന്നുണ്ട്. നിഴലിൽ കാണുന്ന ആഭരണവും നിഴലാകാനേ നിവൃത്തിയുള്ളൂ. രത്നാവലിയും മുത്തുമാലയും നിഴലാണെങ്കിൽ അതിന്റെ പൊരുൾ മറ്റെന്തോ അല്ലാതെ ശൂലമിയുടെ പൊരുളിൽ

(ദൈവസഭയിൽ) നിഴലിലെ രത്നാവലിയും മുത്തുമാലയും അപ്പടി കാണുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് പുതിയനിയമത്തിൽ അവ വിലക്കിയിരിക്കുന്നു.

***13. ഉത്തമഗീതം 5.11 ൽ ശൂലമി തന്റെ പ്രിയതമന്റെ ശിരസ്സിനെ അതിവിശേഷമായ തങ്കം എന്നാണല്ലോ വർണിച്ചിരിക്കുന്നത്.***

**വിചിന്തനം:** ഇത് ശിരസ്സിനെക്കുറിച്ചുള്ള അവളുടെ വർണ്ണനയാണല്ലോ. അല്ലാതെ, അവന്റെ തല തങ്കമായിരുന്നു എന്നർത്ഥമില്ല. ദൈവീക വെളിപ്പാടുകളുടെ പൂർത്തീകരണം യേശുക്രിസ്തുവിലൂടെ പ്രാപിച്ച പുതിയനിയമ വിശ്വാസികൾ ആഭരണം ധരിക്കണമെന്നൊരു ദൈവീക താല്പര്യം വെളിപ്പെടുത്തിയിരിക്കുന്നതല്ല ഇവിടെ.

***14. ഒരു കന്യക തന്റെ ആഭരണങ്ങളും ഒരു മണവാട്ടി തൻെറ അരക്കച്ചയും മറക്കുമോ? എന്നാൽ എന്റെ ജനം എണ്ണമില്ലാത്ത നാളായി എന്നെ മറന്നിരിക്കുന്നു (യിരെമ്യാവ് 2.32) എന്ന വാക്യം ദൈവം ആഭരണധാരണത്തെ അനുവദിക്കുന്നു എന്നല്ലേ വെളിപ്പെടുത്തുന്നത്?***

**വിചിന്തനം:** ജനം യഹോവയെ മറന്നതിനെക്കുറിച്ചാണ് ഈ വാക്യത്തിൽ പറയുന്നത്. തന്റെ ജനം ആഭരണം ധരിക്കണമെന്ന ദൈവത്തിന്റെ ഹിതമല്ല ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. യഹോവയെ മറന്നു കളഞ്ഞ ജനത്തോട് സംസാരിക്കുമ്പോൾ, അവരുടെ ഇടയിൽ കന്യകമാർ മറക്കാതെ ആഭരണം ധരിക്കുന്നവരായിരുന്നു എന്നത് കണ്ടിട്ട് അത്ര പോലും യഹോവയെ അവർ ഓർക്കാതെ മറന്നിരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം.

യഹോവയെ മറന്നു കളഞ്ഞ ജനത്തെ പുതിയനിയമ വിശ്വാസികൾക്ക് മാതൃകയാക്കി ജീവിക്കാം എങ്കിൽ മാത്രമേ അവരെ മാതൃകയാക്കി നമുക്ക് ആഭരണം ധരിക്കാം എന്നു വരുന്നുള്ളൂ.

***15. ദൈവം യിസ്രയേലിനെ, ആഭരണം അണിയിച്ചു. കൈക്കു വളയും കഴുത്തിൽ മാലയും മൂക്കിനു മൂക്കുത്തിയും കാതിൽ കുണുക്കും ഇട്ടു. തലയിൽ ഭംഗിയുള്ളോരു കിരീടവും വെച്ചു. ഇങ്ങനെ യിസ്രയേൽ പൊന്നും വെള്ളിയും അണിഞ്ഞു (യെഹെസ്കേൽ 16.11-13). ഈ ഭാഗം യഹോവ ആഭരണ ധാരണത്തെ അനുവദിക്കുന്നു എന്നല്ലേ വ്യക്തമാക്കുന്നത്?***



**വിചിന്തനം:** ഇവിടെ പൊന്നും വെള്ളിയും അക്ഷരികമല്ലെന്ന് ഉറപ്പുണ്ടെങ്കിൽ അക്ഷരികമായ പൊന്നും വെള്ളിയും അണിയുന്നതിന് ഈ വേദഭാഗം എങ്ങനെ ആധാരമാകും?

യഥാർത്ഥത്തിൽ ഈ വേദഭാഗം യിസ്രയേലിനെക്കുറിച്ചല്ല, യരുശലേമിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതാണ്. ***യെഹെസ്കേൽ*** 16.3 നോക്കുക. യരുശലേമിനെ ഒരു വ്യക്തിയായി ചിത്രീകരിച്ച് ശൈശവം, വളർച്ച, യൗവ്വനം എന്നീ ദശകളിലെ അവളുടെ വിവിധ അവസ്ഥകൾ ഇവിടെ പറഞ്ഞിരിക്കുന്നു. അല്ലാതെ യരുശലേം അക്ഷരികമായി കൈയ്യും, കഴുത്തും, മൂക്കും, കാതും, തലയും ഉള്ള ലോകത്തിലെ ഒരു പട്ടണമാണ് എന്ന് വേദം അർത്ഥമാക്കുന്നില്ല. കൈയ്യും, കഴുത്തും, മൂക്കും, കാതും, തലയും അക്ഷരികമല്ല എന്നു വരികിൽ അവയിൽ അണിയിച്ച വളയും, മാലയും, മൂക്കുത്തിയും, കുണുക്കും, കിരീടവും അക്ഷരികമാകുന്നതെങ്ങനെ?

അപ്പോൾ പിന്നെ അക്ഷരികമല്ലാത്ത കയ്യിലും, കഴുത്തിലും, മൂക്കിലും, കാതിലും, തലയിലും അക്ഷരികമല്ലാത്ത വളയും, മാലയും, മൂക്കുത്തിയും, കുണുക്കും, കിരീടവും ധരിപ്പിച്ചു എന്നു പറഞ്ഞിരിക്കുന്ന വാക്യം, അക്ഷരികമായ കയ്യിലും, കഴുത്തിലും, മൂക്കിലും, കാതിലും, തലയിലും പൊന്നണിയുന്നതിന് ആധാരമാകുന്നതല്ല.

പൊന്നിന്റെയും വെള്ളിയുടെയും വൈശിഷ്ട്യം വ്യക്തമാക്കുക മാത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ എങ്കിൽ, ദൈവത്തെ മറന്ന് ജീവിക്കുന്ന ജനത്തോടാണ് അത് പറയുന്നത് എന്നോർക്കുക.

***16. ദാനിയേൽ ദൈവത്തിന്റെ പ്രീയപുരുഷനായിരുന്നു. ആ ദൈവമനുഷ്യനെ പൊൻമാല ധരിപ്പിച്ചു (ദാനിയേൽ 5.29).***

**വിചിന്തനം:** വീഞ്ഞ് കുടിച്ച്, പൊന്നും വെള്ളിയും താമ്രവും ഇരുമ്പും മരവും കല്ലും കൊണ്ടുള്ള ദേവന്മാരെ സ്തുതിച്ച (ദാനി 5.4) ബേൽശസ്സർ എന്ന ജാതീയ രാജാവ്, ചുവരിന്മേൽ തെളിഞ്ഞ ദർശനത്തിൽ പരവശനായിരിക്കുമ്പോൾ, ചുവരെഴുത്തു വായിച്ച് അർത്ഥം

പറയുന്ന പക്ഷം അടിമയായ ദാനിയേലിന് കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തതാണ് ഇപ്പറഞ്ഞ പൊന്മാലയും പദവിയും (ദാനി 5.7,16). ദാനിയേലിന്റെ പ്രതികരണം എന്തായിരുന്നു? *ദാനങ്ങൾ തിരുമേനിക്കു തന്നേ ഇരിക്കട്ടെ; സമ്മാനങ്ങൾ മറ്റൊരുത്തന് കൊടുത്താലും; എഴുത്ത് ഞാൻ രാജാവിനെ വായിച്ചു കേൾപ്പിച്ചു അർത്ഥം ബോധിപ്പിക്കാം* (ദാനി 5.17). പൊന്നിനോടും പദവിയോടും ഭ്രമമുള്ള വ്യക്തിയല്ലായിരുന്നു ദാനിയേൽ എന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. അല്ല, ദാനിയേൽ ആഭരണത്തോട് ഭ്രമമുള്ള വ്യക്തി ആയിരുന്നെങ്കിൽ തന്നെ എന്ത്, പുതിയനിയമ വിശ്വാസികൾക്ക് ദൈവം കൽപ്പന നൽകിയിരിക്കേ അതാണല്ലോ നാം അനുസരിക്കേണ്ടത്. ദാനിയേൽ സ്നാനപ്പെട്ടില്ല എന്ന കാരണം പറഞ്ഞ് ഇന്ന് ക്രിസ്ത്യനികൾ സ്നാനം വേണ്ടെന്ന് വയ്ക്കുമോ? പുതിയനിയമ കൽപ്പനയല്ലേ ഈ വിഷയത്തിൽ നാം പ്രമാണിക്കൂ.

***17. "യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ:....അവരോട് നീ വെള്ളിയും പൊന്നും വാങ്ങി കിരീടം ഉണ്ടാക്കി മഹാപുരോഹിതനായി യെഹോസാദാക്കിന്റെ മകനായ യോശുവയുടെ തലയിൽ വെച്ച് പറയേണ്ടതെന്തെന്നാൽ:...." (സെഖര്യാവ് 6.9,11). ഇവിടെ പൊന്നുകൊണ്ട് കിരീടമുണ്ടാക്കി അണിയിക്കുവാൻ യഹോവ പറയുന്നുണ്ടല്ലോ?***

**വിചിന്തനം:** ഇവിടെ മാത്രമല്ല, അഹരോനെയും അണിയിക്കുവാൻ പറയുന്നുണ്ട്. മഹാപുരോഹിതന്റെ വസ്ത്രങ്ങളിൽ ഒന്നായിരുന്നു വിശുദ്ധ കിരീടമായ പൊൻപട്ടം (ലേവ്യപുസ്തകം 8.9). ഒരു പദവിയുടെ അലങ്കാരമായി ശുശ്രൂഷാ സമയത്ത് ദൈവകൽപ്പന പ്രകാരം അത് ധരിക്കുമ്പോൾ, വ്യക്തികൾ സ്വയം അലങ്കരിക്കേണ്ടതിന് പൊന്നും മറ്റും അണിയുമ്പോഴുള്ള ദൂഷ്യഫലങ്ങൾ ഉണ്ടാകയില്ല എന്നാണ് മഹാപുരോഹിത ശുശ്രൂഷയോട് ബന്ധപ്പെടുത്തി പൊന്ന് ഉപയോഗിക്കുവാൻ പറയുന്നതിൽ നിന്ന് മനസ്സിലാക്കേണ്ടത്.

സെഖര്യാവ് 6.9,11 പരിഗണിച്ചാൽ, ഒരു പ്രവചനത്തിന്റെ സാധന പാഠം എന്ന നിലയിലാണ് കിരീടമുണ്ടാക്കി അണിയിക്കുവാൻ പറയുന്നത്. മുള എന്ന് പേരുള്ള പുരുഷൻ വന്ന് ദേവാലയ പുനഃസ്ഥാപനം നടത്തുന്നതിനെക്കുറിച്ചത്രെ പ്രവചനം (സെഖര്യാവ് 6.12,13).

ഇതുപോലെ പ്രവചനത്തിന് സാധനപാഠമായി മറ്റു കാര്യങ്ങളും



പ്രവചന പുസ്തകങ്ങളിൽ കാണുന്നുണ്ട്. ഉദാഹരണമായി, നഗ്നനായി നടക്കുവാൻ യെശയ്യാവിന് യഹോവയുടെ അരുളപ്പാടുണ്ടായി (യെശയ്യാവ് 20.2,3,4). യഹോവ അപ്രകാരം അന്ന് പറഞ്ഞതുകൊണ്ട് പുതിയ നിയമ വിശ്വാസികൾ നഗ്നരായി നടക്കണം എന്ന് യഹോവയ്ക്ക് ഉദ്ദേശ്യമില്ല. യോഗ്യമായ വസ്ത്രം ധരിച്ച് തങ്ങളെ തന്നെ അലങ്കരിക്കേണം എന്നാണല്ലോ പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നത് (1തിമൊഥെയോസ് 2.9).

ഒരു പ്രവചനത്തിന്റെ സാധനപാഠമായി യെഹെസ്കേൽ പ്രവാചകനോട് യഹോവ അരുളിച്ചെയ്തത് കോതമ്പും, യവവും, അമരയും, ചെറുപയറും, തിനയും, ചോളവും എടുത്ത് ഒരു പാത്രത്തിലിട്ട് അവയെക്കൊണ്ട് അപ്പം ഉണ്ടാക്കി ഭക്ഷിക്കുവാനാണ് (യെഹെസ്കേൽ 4.9). *നീ അത് യവദോശ പോലെ തിന്നേണം; അവർ കാൺകെ നീ മാനുഷമലമായ കാഷ്ഠം കത്തിച്ച് അതു ചുടേണം* (യെഹെസ്കേൽ 4.9) എന്നും യഹോവ അരുളിച്ചെയ്തു. ഇതും പുതിയനിയമ വിശ്വാസികൾ വേണമെങ്കിൽ ചെയ്തുകൊള്ളട്ടെ എന്ന് യഹോവ കരുതുന്നു എന്ന് തോന്നുന്നില്ല.

*********

# അദ്ധ്യായം 8

# ചില പുതിയനിയമ വാക്യങ്ങളുടെ വിചിന്തനം

ആഭരണാലങ്കാരങ്ങൾ വിശ്വാസിക്ക് ഉചിതമോ എന്നതിന് പുതിയനിയമത്തിലെ വ്യക്തമായ ആജ്ഞ നാം കണ്ടുകഴിഞ്ഞു. എങ്കിലും പല പുതിയനിയമ വാക്യങ്ങളും ആഭരണം വിശിഷ്യാ, പൊന്ന് അണിയുന്നതിന് ആധാരമായി ചിലർ ചൂണ്ടിക്കാണിക്കാറുണ്ട്. അലങ്കാരങ്ങളെക്കുറിച്ച് പുതിയനിയമത്തിലെ വ്യക്തമായ ആജ്ഞയുടെ വെളിച്ചത്തിലാണ് പൊന്നിനെക്കുറിച്ചും മറ്റ് അലങ്കാരങ്ങളെക്കുറിച്ചും പരാമർശമുള്ള വാക്യങ്ങളെ നാം പഠിക്കേണ്ടത്. അല്ലാതെ ദിവ്യാജ്ഞകളെ മറച്ചുവയ്ക്കുവാൻ അവയെ ഉപയോഗിച്ചാൽ തിരുവെഴുത്തിലെ ഏത് ആജ്ഞകളെയും മറ്റൊരു വേദവാക്യം ഉപയോഗിച്ച് കുഴിച്ചു മൂടാം. പൊന്നും അലങ്കാരങ്ങളും അണിയുന്നതിന് ആധാരമായി ചൂണ്ടിക്കാണിക്കപ്പെടാറുള്ള പുതിയനിയമ വാക്യങ്ങളുടെ വിചിന്തനം പ്രസ്തുത വിഷയം സംബന്ധിച്ച് ബൈബിളിന്റെ സന്ദേശം എന്ത് എന്ന് വ്യക്തമാകുന്നതിന് സഹായകരമാണ്.

***1. ഉണ്ണിയേശുവിന് കാഴ്ച വച്ച വസ്തുക്കളിൽ ഒന്നാമത് പൊന്നിനെപ്പറ്റി പറഞ്ഞിരിക്കുന്നുവല്ലോ? (മത്തായി 2.11)***

**വിചിന്തനം:** യേശുവിന് കാഴ്ച വച്ച വസ്തുക്കളിൽ പൊന്ന് ഉണ്ടായിരുന്നു എന്നത്, വിശ്വാസികൾ ആഭരണം ധരിക്കുന്നതിന് ആധാരമായി ചൂണ്ടിക്കാണിക്കാറുണ്ട്. ഈ സംഭവം വിശ്വാസി പൊന്നണിയുന്ന



തിനെ അനുവദിക്കുന്നുണ്ടോ? യേശുവിന്റെ അടുക്കൽ വന്നവർക്കല്ല, യേശുവിന് പൊന്ന് നൽകി എന്നത്രേ ഇവിടെ പറഞ്ഞിരിക്കുന്നത്.

വിദ്വാന്മാർ യേശുവിന് പൊന്ന് കാഴ്ച വച്ചു എന്ന സംഗതി വിശ്വാസികൾക്ക് പൊന്നാഭരണം ധരിക്കാം എന്ന് പഠിപ്പിക്കുന്നില്ല. മറിച്ച്, യേശുവിന്റെ അടുക്കൽ വന്നവർ പൊന്ന് കർത്താവിന് സമർപ്പിച്ചു എന്നതുകൊണ്ട്, വിശ്വാസികൾ യേശുവിന്റെ അടുക്കൽ വന്നവർ എന്ന നിലയ്ക്ക്, പൊന്ന് അവന്റെ സന്നിധിയിൽ ഉപേക്ഷിക്കയാണ് വേണ്ടത്. അപ്പോൾ വിദ്വാന്മാർ യേശുവിന് പൊന്ന് കാഴ്ച നല്കിയ സംഭവം തിരുവെഴുത്തിൽ കാണുന്നത് വിശ്വാസി പൊന്നണിയുന്നതിനല്ല പൊന്ന് ഉപേക്ഷിക്കുന്നതിനത്രെ ആധാരമാകുന്നത്. ആ പാഠം നമുക്ക് അനുസരിക്കാം.

ഏതായാലും, യേശുവിന് കാഴ്ചയായി ലഭിച്ച പൊന്ന് പിൽക്കാലത്ത് ആഭരണമാക്കി യേശു ധരിച്ചിരുന്നു എന്ന് ആരും ശഠിക്കാതിരുന്നതിൽ ആശ്വസിക്കാം.

***2. ലൂക്കോസ് 15ൽ പറഞ്ഞിരിക്കുന്ന ഇളയ പുത്രൻ ഭവനത്തിൽ മടങ്ങി വന്നപ്പോൾ പിതാവ് അവനെ മോതിരം അണിയിച്ചുവല്ലോ?***

**വിചിന്തനം:** ഇവിടെ വിവരിക്കുന്ന കാര്യങ്ങൾ പിൽക്കാല വിശ്വാസികൾ അക്ഷരം പ്രതി അനുസരിക്കേണ്ടതാണോ എന്നതാണ് അന്വേഷിക്കേണ്ട കാര്യം. യേശുവിന്റെ ഉപമകളിൽ പറയുന്ന കാര്യങ്ങൾ എല്ലാം പുതിയനിയമ വിശ്വാസികൾ അക്ഷരാർത്ഥത്തിൽ പിൻതുടരേണ്ടതാണോ?

*ലൂക്കോസ് 15.22 ൽ* മൂന്നു വസ്തുക്കൾ– മേൽത്തരമായ അങ്കി, കൈക്ക് മോതിരം, കാലിന് ചെരുപ്പ് ഇവ– മകനെ അണിയിക്കുവാൻ ആ പിതാവ് ആജ്ഞാപിച്ചിരിക്കുന്നു. ഇതിൽ നിന്ന് ആഭരണം ധരിക്കാം എന്ന ഉപദേശം സ്ഥാപിക്കുവാൻ കഴിയുമോ?

സ്വർഗ്ഗീയ പിതാവിനെ വിട്ടലയുന്ന പാപിയെക്കുറിച്ചും സ്വർഗ്ഗീയ പിതാവിന്റെ മഹാസ്നേഹത്തെക്കുറിച്ചും വെളിപ്പെടുത്തുകയാണല്ലോ ഈ വിവരണത്തിലൂടെ യേശു ചെയ്യുന്നത്. കർത്താവ് ഈ സംഭവം പറയുന്നതിന്റെ ഉദ്ദേശ്യവുമായി ചേർത്തു, പിതാവിന്റെ ആജ്ഞയെ അക്ഷരികമായി ചിന്തിച്ചാൽ, ആത്മീക ജീവിതത്തിലേക്കു വരുന്ന എല്ലാ വ്യക്തികളെയും മേൽപ്പടി വസ്തുക്കൾ അണിയിക്കേണം എന്ന് പിതാ

വിന്റെ കൽപന ഉള്ളതായി വരും. മാനസാന്തരപ്പെട്ട് പിതാവിന്റെ ഭവന ത്തിലേക്കു വന്നവർ വേണമെങ്കിൽ ധരിച്ചുകൊള്ളട്ടെ എന്നല്ല, ധരിപ്പി ക്കണം എന്നതാണ് പിതാവിന്റെ ആജ്ഞ. ധരിപ്പിക്കാതിരിക്കുന്നത് ആജ്ഞാ ലംഘനവുമാണ്.

ആഭരണം ധരിക്കുന്ന വിശ്വാസികൾ തന്നെയും ദൈവഭവന ത്തിലേക്ക് വന്നവരെ മോതിരവും ചെരുപ്പും അങ്കിയും അക്ഷരാർത്ഥ ത്തിൽ ധരിപ്പിക്കണം എന്ന ഉപദേശം പിൻതുടരുന്നതായി കാണുന്നി ല്ല. ഇതിനർത്ഥം, കർത്താവ് ആ സംഭവം പറഞ്ഞത് ചില ആത്മീക സത്യങ്ങൾ വെളിപ്പെടുത്തുവാനല്ലാതെ, അന്ന് അവിടെ ചെയ്ത കാര്യ ങ്ങളൊക്കെ പിൽക്കാല വിശ്വാസികൾ അക്ഷരം പ്രതി ചെയ്തുവരണ ം എന്ന് ഉദ്ദേശിച്ചല്ല എന്നത്രെ.

പിന്നെ കർത്താവ് ഉപമയിൽ എന്തിന് പൊന്നണിയിച്ച കാര്യം പറഞ്ഞു എന്നു ചോദിച്ചാൽ, അതൊരു സംഭവം തന്നെ ആയിരുന്നിരി ക്കണം. നടന്ന സംഭവത്തെ വിവരിക്കുമ്പോൾ മാറ്റം വരുത്തേണ്ട കാര്യം ഇല്ലല്ലോ. കൂടാതെ, സ്വർഗ്ഗീയ പിതാവിന്റെ സ്വഭാവത്തെ ഇവിടെ വെളി പ്പെടുത്തുമ്പോൾ, പിതാവിന്റെ നിസ്വാർത്ഥ സ്നേഹത്തെ കേൾവി ക്കാർക്ക് മനസിലാക്കുവാൻ അവരുടെ ചിന്താമണ്ഡലത്തിലും ഗ്രഹണ പരിധിയിലും ഉള്ള കാര്യങ്ങൾ തന്നെ പറയണമായിരുന്നു. ആ കേൾവിക്കാരുടെ സംസ്കാരിക പശ്ചാത്തലത്തിൽ പൊന്നിന് വിലയും മഹത്വവും കല്പിച്ചിരുന്നതുകൊണ്ട് പൊന്നിനേക്കുറിച്ച് പറഞ്ഞു എന്ന ല്ലാതെ, പിൽക്കാലത്ത് തന്നിൽ വിശ്വസിക്കുന്നവർ വേണമെങ്കിൽ സ്വർണാഭരണം ധരിച്ചു കൊള്ളട്ടെ എന്ന ഗൂഢലക്ഷ്യത്തോടു കൂടെ യല്ല യേശു കർത്താവ് ഈ സംഭവ വിവരണം നടത്തുന്നത്.

***3. (നിങ്ങളിൽ) ആരുടെയെങ്കിലും പൊന്നോ വസ്ത്രമോ ഞാൻ മോഹി ച്ചിട്ടില്ല(അപ്പോ.20.33). അതായത് ആദിമ വിശ്വാസികൾക്ക് പൊന്നാഭ രണം/പൊന്ന് ഉണ്ടായിരുന്നു. പൗലോസ് അതൊന്നും മോഹിച്ചിട്ടില്ല; എന്നല്ലേ മനസ്സിലാക്കേണ്ടത്?***

**വിചിന്തനം:** ഈ വാദം നിലനില്ക്കുന്നത് ബ്രാക്കറ്റിൽ ചേർത്തിരി ക്കുന്ന *നിങ്ങളിൽ* എന്ന പദത്തിന്മേലാണല്ലോ. ബൈബിളിൽ ഈ പദം ഇല്ല! ഇനി അപ്പോ.20.33ൽ *നിങ്ങളിൽ* എന്ന പദം ഉണ്ടെന്ന് സങ്കല്പിക്കു ക. അപ്പോൾ ആ വാക്യം അർത്ഥമാക്കുന്നതെന്തായിരിക്കും? *നിങ്ങ ളിൽ ആരുടെയെങ്കിലും പൊന്നോ വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല* എന്നു പറഞ്ഞാൽ പൗലോസ് മറ്റുള്ളവരുടെ പൊന്നും വസ്ത്രവും മോഹിച്ചു എന്നല്ലേ? അപ്രകാരം സംഭവിച്ചിട്ടില്ലായ്കയാൽ മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യം ആദിമ വിശ്വാസികൾ ആഭരണം ധരിച്ചവരാ യിരുന്നു എന്ന് തെളിയിക്കുന്നില്ല.



***4. യാക്കോബ് 2.2ൽ നിന്ന് തെളിയുന്നത് അക്കാലത്തെ വിശ്വാസികൾ ആഭരണം ധരിച്ച് പള്ളിയിൽ വന്നിരുന്നു എന്നല്ലേ? യാക്കോബ് 5.1,2 വാക്യങ്ങളിലും ഈ സൂചന ഉണ്ടല്ലോ?***

**വിചിന്തനം:** നാം യാക്കോബിന്റെ ലേഖനത്തിൽ ഇങ്ങനെ വായി ക്കുന്നു: *നിങ്ങളുടെ പള്ളിയിൽ പൊന്മോതിരം ഇട്ടും കൊണ്ട് ഒരു ത്തനും മുഷിഞ്ഞ വസ്ത്രം ധരിച്ചോരു ദരിദ്രനും വന്നാൽ നിങ്ങൾ മോടിയുള്ള വസ്ത്രം ധരിച്ചവനെ നോക്കി: ഇവിടെ സുഖേന ഇരു ന്നാലും എന്നും ദരിദ്രനോട്: നീ അവിടെ നില്ക്ക; അല്ലെങ്കിൽ എന്റെ പാദപീഠത്തിങ്കൽ ഇരിക്ക എന്നും പറയുന്നു എങ്കിൽ നിങ്ങൾ ഉള്ളിൽ പ്രമാണമില്ലാതെ ന്യായരഹിതമായി വിധിക്കുന്നവരായില്ലയോ? (യാക്കോ ബ്. 2.3).*

മുഖപക്ഷം കാണിക്കരുത് എന്നതാണ് ഇവിടെ വിഷയം (വാക്യം.1). മുഖപക്ഷം കാണിക്കുന്നതിന് ഒരു ദൃഷ്ടാന്തം ചൂണ്ടിക്കാ ണിക്കുകയാണ് വാക്യം 3-ൽ. ഈ വാക്യത്തിൽ *വന്നാൽ, എങ്കിൽ* എന്നീ പ്രയോഗങ്ങൾ സൂചിപ്പിക്കുന്നത് അപ്പോസ്തലൻ ഒരു സാദ്ധ്യതയെ പരാമർശിക്കുന്നു എന്നല്ലാതെ അത് സർവ്വ സാധാരണമായിരുന്നു എന്ന് വെളിപ്പെടുത്തുന്നില്ല.

കൂടാതെ, അന്നത്തെ വായനക്കാർ ഉത്തരം പറയേണ്ട ഒന്നാ യിട്ടല്ലല്ലോ വാക്യം 3 ലെ ചോദ്യം ഇരിക്കുന്നത്. വായനക്കാർ കൂടി അപ്പോസ്തലന്റെ അഭിപ്രായത്തോട് നിർവ്വിശങ്കം യോജിക്കുന്നു എന്നാ ണ് വാക്യം 3-ലെ ചോദ്യരൂപം (rhetoric question) വ്യക്തമാക്കുന്നത്. ഇതിനർത്ഥം, ഇത്തരം ചെയ്തികൾ സർവസാധാരണമല്ലായിരുന്നു എന്നാണ്.

പുതിയ നിയമത്തിലെ ലേഖനങ്ങളെല്ലാം സഭാംഗങ്ങൾക്കാ ണെന്നു പറഞ്ഞാൽ അതിൽ പറയുന്നതെല്ലാം വിശ്വാസികളെക്കുറിച്ചാ ണെന്ന ധാരണയിലാണ് ഈ വാദം. ഇവിടെ പള്ളി എന്നു പറഞ്ഞിരി

ക്കുന്നത് യഹൂദ സിന്നഗോഗിനെ* ഉദ്ദേശിച്ചാണ്. ക്രിസ്ത്യാനികൾക്ക് ഒന്നാം നൂറ്റാണ്ടിന്റെ പൂർവഘട്ടത്തിൽ പള്ളി ഉണ്ടായിരുന്നു എന്ന് വേദം പറയുന്നില്ല. യാക്കോബ് 1.1ൽ ചിതറിപ്പാർക്കുന്ന പന്ത്രണ്ട് ഗോത്രങ്ങൾക്കും വന്ദനം പറയുന്നതും ഈ പള്ളി യഹൂദപ്പള്ളിയാണെന്നു തെളിയിക്കുന്നു. ക്രിസ്ത്യാനികൾക്കെവിടെ ഗോത്രം!

(* പുതിയനിയമത്തിന്റെ മൂലഭാഷയായ ഗ്രീക്കിൽ *സിന്നഗോഗ്* എന്ന പദം തന്നെയാണ് കാണുന്നത്.)

പുതിയ നിയമ ഗ്രന്ഥങ്ങളിൽ ആദ്യസമയത്ത് എഴുതപ്പെട്ട യാക്കോബിന്റെ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഒരു തെറ്റായ മാതൃകയെ ആധാരമാക്കി നമുക്ക് ആഭരണം ധരിക്കാം എന്നു പറയുന്നെങ്കിൽ ഏതു തെറ്റിനും വേദാധാരം ഉണ്ടാക്കുവാൻ കഴിയും.

***5. യേശുക്രിസ്തു ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ പൊൻനിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവനായി നിൽക്കുന്നതായി വെളിപ്പാട് 1.13 ൽ പറയുന്നുണ്ടല്ലോ?***

**വിചിന്തനം:** ഇവിടെ യേശുവാണ് വിശ്വാസിയല്ല ധരിച്ചിരിക്കുന്നതെന്നു ശ്രദ്ധിക്കണം. യേശുക്രിസ്തുവിനെ മാറത്തു പൊൻകച്ച കെട്ടിയവനായി യോഹന്നാൻ അപ്പോസ്തലന് ദർശനം ഉണ്ടായതുകൊണ്ട്, വിശ്വാസികൾ പൊന്ന് അലങ്കാരത്തിനായി ഉപയോഗിക്കരുതെന്ന ദൈവീക ആജ്ഞ ലംഘിക്കാം എന്നു വരുന്നില്ല. വിശ്വാസിയല്ല, കർത്താവാണ് ഇവിടെ പൊന്ന് ധരിച്ചിരിക്കുന്നത്.

പൊന്നാഭരണം അണിയുമ്പോൾ, തേജസ്കരിക്കപ്പെടാത്ത ശരീരത്തിൽ ജീവിക്കുന്ന വിശ്വാസികൾക്ക് ഉണ്ടാകാവുന്ന ആത്മീക ദോഷങ്ങൾക്ക് അതീതനാണ് ദൈവപുത്രൻ എന്ന് ഇത് വ്യക്തമാക്കുന്നുണ്ട്. മാത്രമല്ല, വിശ്വാസി ആഭരണം ധരിക്കാം എന്ന് ഇത് തെളിയിക്കുന്നു എന്നു വന്നാൽ തന്നെ, പുനഃരുത്ഥാന ശേഷം തേജസ്കരിക്കപ്പെട്ട ശരീരത്തിൽ വിശ്വാസി ആയിരിക്കുമ്പോൾ പൊന്നണിയാം എന്നേ തെളിയുന്നുള്ളു.

എന്നാൽ, പാപപങ്കിലമായ ഈ ലോകത്തിൽ, ഇനിയും വീണ്ടെടുക്കപ്പെട്ടിട്ടില്ലാത്ത ശരീരത്തിൽ ജീവിക്കുന്ന വിശ്വാസികൾ പൊന്ന് അലങ്കാരത്തിനായി ഉപയോഗിക്കുന്നതിൽ അപകടം പതിയിരിപ്പുണ്ട് എന്ന് കണ്ട് ദൈവം അതിനെ വിലക്കിയത് തന്റെ സർവ്വജ്ഞാനത്തിൻ



പ്രകാരമാണെന്നേ കരുതാനാകൂ. പൊന്നിന് ശ്രേഷ്ഠത കൽപ്പിക്കുന്ന വെളിപ്പാടു പുസ്തക വായനക്കാർ ദൈവപുത്രന്റെ മഹത്വം മനസ്സിലാക്കേണ്ടതിനു കൂടി വേണ്ടിയാണ് ഈ *പൊന്നിന്റെ പൂരം* എന്ന് വേണം കരുതുവാൻ.

***6. ലവോദിക്യാ സഭയ്ക്കുള്ള ദൂതിൽ സമ്പന്നൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്ന് വിലയ്ക്കു വാങ്ങുവാൻ കർത്താവ് അരുൾ ചെയ്തിട്ടുണ്ടല്ലോ? (വെളിപ്പാട് 3.18)***

**വിചിന്തനം:** ലവോദിക്യ സഭയെ ഒരു വ്യക്തിയായി ചിത്രീകരിച്ച് കർത്താവ് നൽകുന്ന സന്ദേശമാണിത്. ആ വ്യക്തി നിർഭാഗ്യവാനും, അരിഷ്ടനും, കുരുടനും, നഗ്നനും ആണ്. ഇത് ആ സഭയുടെ ആത്മീക അവസ്ഥയെ കാണിക്കുന്നു. ആത്മീക നഗ്നത മറയ്ക്കുന്ന അക്ഷരീക ഉടുപ്പും, ആത്മീക അന്ധത മാറ്റുന്ന അക്ഷരീക ലേപവും, ആത്മീകമായി സമ്പന്നനാക്കുന്ന തീയിൽ ഊതിക്കഴിച്ച അക്ഷരീക പൊന്നും ഇല്ല എന്ന് ഓർക്കേണ്ടതാണ്. അപ്പോൾ അക്ഷരീകമല്ലാത്ത പൊന്നിനെപ്പറ്റി പറഞ്ഞിരിക്കുന്ന വചനങ്ങൾ, അക്ഷരീകമായ പൊന്നണിയുന്നതിന് എങ്ങനെ ആധാരമാകും.

പിന്നെ എന്തിന് ഈ പൊന്നിനെ ഇടയ്ക്ക് കൊണ്ടു വന്നിരിക്കുന്നു എന്നു ചോദിച്ചാൽ ഇപ്രകാരം ആത്മീക ദൗർഭാഗ്യവും, അരിഷ്ടതയും, അന്ധതയും, നഗ്നതയും ബാധിച്ച ഒരു സഭയുടെ ശ്രദ്ധ ക്ഷണിക്കുവാൻ ഇതേ മാർഗ്ഗമുള്ളൂ. ഇന്നും അനേകരുടെ സവിശേഷ ശ്രദ്ധയെ, ഈ വാക്യത്തിലെ പൊന്നിനെക്കുറിച്ചുള്ള പ്രതിപാദനം ആകർഷിക്കുന്നുണ്ടല്ലോ! ലവോദിക്യാ സഭയോടുള്ള സന്ദേശം വായിച്ച് പൊന്നു വിലയ്ക്കു വാങ്ങുവാൻ മുതിരുന്നതിന് മുൻപ്, ആ സഭയുടെ മേൽപ്പറഞ്ഞ ആത്മീക അവസ്ഥയിൽ പോലും ഈ വാക്യങ്ങൾ ആഭരണധാരണത്തിന് ആധാരമായി അവർ ചിന്തിച്ചിട്ടുണ്ടാവില്ല എന്ന് ഓർക്കുക.

***7. "വെള്ളയുടുപ്പ് ധരിച്ചുംകൊണ്ട് സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തിനാല് മൂപ്പന്മാർ; അവരുടെ തലയിൽ പൊൻകിരീടം..." (വെളിപ്പാട് 4.4) കാണുന്നുണ്ടല്ലോ?***

**വിചിന്തനം:** സ്വർഗ്ഗത്തിലെക്കാര്യമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

വിശ്വാസി പൊന്നണിയുന്നതിന് ഈ വാക്യം ആധാരമാകുന്നെങ്കിൽ അത് വിശ്വാസിയുടെ സ്വർഗ്ഗപ്രാപ്തിക്കു ശേഷം പൊന്നണിയുന്നതിനു മാത്രമേ ആധാരമാകുന്നുള്ളു. വിശ്വാസി പൊന്നണിയുന്നതുകൊണ്ട് ഇന്ന് ഉണ്ടാകാവുന്ന ദൂഷ്യം, ഈ താഴ്ചയുള്ള ശരീരം വീണ്ടെടുക്കപ്പെട്ട ശേഷം പൊന്നണിയുന്നതുകൊണ്ട് ഭവിക്കയില്ല എന്ന് കരുതാം.

സ്വർഗ്ഗത്തിലും വിശ്വാസി പൊന്നണിഞ്ഞുകൊണ്ടിരിക്കുവാൻ പോകുന്നില്ല എന്നാണ് മൂപ്പന്മാരുടെ ചെയ്തി സൂചിപ്പിക്കുന്നത്: *കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞുംകൊണ്ട് തങ്ങളുടെ* ***കിരീടങ്ങളെ സിംഹാസനത്തിന്മുമ്പിൽ ഇടും*** *(വെളിപ്പാട് 4.11).*

***8. വെളിപ്പാടു പുസ്തകത്തിൽ പുതിയ യരുശലേമിലെ വീഥികൾ തങ്കം കൊണ്ടുള്ളതാണെന്ന് പറഞ്ഞിരിക്കുന്ന സ്ഥിതിയ്ക്ക് പൊന്ന് അത്ര വെറുക്കേണ്ട വസ്തുവാണോ?***

**വിചിന്തനം:** പുതിയ യരുശലേമിലെ വീഥികൾ തങ്കം കൊണ്ടുള്ളതാണെന്നു പറഞ്ഞിരിക്കുന്നു എന്നതു ശരി. പക്ഷേ, ആ വാക്യം ആഭരണം ധരിക്കുന്നതിന് തെളിവാകുന്നതെങ്ങനെ? പുതിയ യരുശലേമിൽ വീഥികൾ തങ്കം കൊണ്ടുള്ളതാകയാൽ ഇവിടെയും വീഥികൾ തങ്കം കൊണ്ടുള്ളതാക്കണം എന്ന ഉപദേശം കൊണ്ടുവന്നാൽ അതിലെ യുക്തി മനസിലാക്കാം. അല്ലാതെ, പുതിയ യരുശലേമിൽ വീഥികൾ തങ്കം കൊണ്ടുള്ളതാകകൊണ്ട് ഇവിടെ നമുക്ക് ആഭരണം ധരിക്കാം എന്നു വരുന്നതെങ്ങനെയാണ്? അതും തിരുവെഴുത്തിൽ ആഭരണം സംബന്ധിച്ച ദൈവഹിതം സ്പഷ്ടമാക്കിയിട്ടുള്ള സ്ഥിതിക്ക്.

ഒരു പട്ടണത്തിന്റെ (വിശേഷിച്ച് പുതിയ യരുശലേമിന്റെ) വീഥി പൊന്നുകൊണ്ട് ഉള്ളതായിരിക്കുന്നു എന്നത് ഈ ഭൂമിയിൽ ജീവിക്കുന്ന ഒരു വിശ്വാസിയുടെ ആത്മീക ജീവിതത്തെ ഒരു വിധത്തിലും പ്രതികൂലമായി ബാധിക്കുകയില്ല; എന്നാൽ, വ്യക്തിപരമായി ഒരു വിശ്വാസി (വീണ്ടെടുക്കപ്പെട്ടിട്ടില്ലാത്ത ശരീരത്തിൽ) ആഭരണം ധരിക്കുമ്പോൾ അത് ആത്മീക ജീവിതത്തിന് ദോഷം ചെയ്യും എന്ന് ദൈവം മനസ്സിലാക്കുന്നു എന്നാണ് പൊന്നുകൊണ്ട് അലങ്കരിക്കരുത് എന്ന ആജ്ഞ വെളിവാക്കുന്നത്.



സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരുവാനുള്ള പുതിയ യരുശലേം നഗരവും വീഥികളും തങ്കം ആയിരിക്കുന്നത് ഏതെങ്കിലും വിധത്തിൽ ഭൂവാസികളായ നമ്മുടെ ആത്മീക ജീവിതത്തെ പ്രതികൂലമായി ബാധിക്കുമായിരുന്നെങ്കിൽ, സ്നേഹനിധിയായ ദൈവം തന്റെ സ്വന്തപുത്രന്റെ രക്തത്താൽ വീണ്ടെടുത്ത നമ്മെ കരുതി, അവിടെ തങ്കം ഉപയോഗിക്കയില്ലായിരുന്നു. എന്നാൽ ഇക്കാലത്ത്, പൊന്ന് അലങ്കാരമായി ശരീരത്തിൽ അണിയുന്നത് നന്നല്ല എന്നതുകൊണ്ട് ദൈവം വിലക്കിയിരിക്കുന്നു; നമുക്കത് അനുസരിക്കാം.

*********

# അദ്ധ്യായം 9

## ഇതര സംശയങ്ങളുടെ വിചിന്തനം

ആഭരണം വർജ്ജിക്കുന്നതിന് നാം ആധാരമാക്കുന്നത് തിരുവെഴുത്തിലെ കൽപ്പനയാണ്. എന്നാൽ, ആഭരണം ധരിക്കുന്നതിന് ഉപോൽബലകമായിട്ടോ, അല്ലാതെയോ പല സംശയങ്ങളും ചിന്തകളും വിശ്വാസികളുടെ മനസ്സിൽ ഉണ്ടാകാറുണ്ട്. പൊന്ന്, മുത്ത്, പിന്നിയ തലമുടി, വിലയേറിയ വസ്ത്രം മുതലായ ബാഹ്യാലങ്കാരങ്ങൾ വിശ്വാസികൾ അണിയുന്നതിനെ ദൈവം വിലക്കിയിരിക്കുന്നു എന്ന് ബോധ്യപ്പെട്ടാൽ പല സംശയങ്ങളും പ്രസക്തമല്ലാത്തതാകുന്നു. എന്നിരുന്നാലും, ആഭരണം വർജ്ജിക്കുന്നതിനുള്ള ദൈവകൽപ്പന അനുസരിക്കുന്നതിന് തടസ്സമായി അവ നിൽക്കാതിരിക്കേണ്ടതിന് പ്രസ്തുത വിഷയങ്ങളെ നമുക്ക് പരിശോധിക്കാം.

***1. സമുദായങ്ങളിൽ നിന്ന് വിശ്വാസത്തിലേക്കു വരുന്നവർ ആഭരണം ഉപേക്ഷിക്കുന്നതിനോട് അവിശ്വാസികളായ കുടുംബാംഗങ്ങൾക്ക് എതിർപ്പുണ്ടാകുമ്പോൾ ആഭരണം ഉപേക്ഷിക്കാത്ത കാരണത്താൽ സ്നാനപ്പെടുത്താതിരിക്കുന്നത് ശരിയാണോ?***

**വിചിന്തനം:** എതിർപ്പു ഭയന്ന് ആഭരണം ഉപേക്ഷിക്കാതിരിക്കുന്നത് ഒരു കാര്യം, ബൈബിളിന്റെ അടിസ്ഥാനത്തിൽ ആഭരണം ഉപേക്ഷിക്കേണ്ടതില്ല എന്നു പറയുന്നത് മറ്റൊരു കാര്യം. സ്വന്ത സാഹചര്യങ്ങളാൽ ആഭരണം ഉപേക്ഷിക്കാതിരുന്നെന്ന് വരാം. പക്ഷേ, ബൈബിൾ അതിനെ വിലക്കുന്നില്ല എന്നു പറയുന്നതെങ്ങനെ?



***2. വി. തിരുവെഴുത്തിൽ ദൈവവചനത്തെയും (സങ്കീ 19.10, 119.127) വിശുദ്ധിയെയും (ഇയ്യോ 23.10, വിലാ 4.1, വെളി 21.18) ജ്ഞാനത്തെയും (സദൃ 3.14) നിലനില്ക്കുന്ന സൽപ്രവൃത്തികളേയും (1കൊരി 3.12) പൊന്നിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.***

**വിചിന്തനം:** സാദൃശ്യം എന്നാൽ തുല്യത, സാമ്യം എന്നാണല്ലോ അർത്ഥം. *സങ്കീ 19.10, 119.127* എന്നീ ഭാഗങ്ങൾ ദൈവവചനത്തെ പൊന്നിനോട് തുല്യപ്പെടുത്തിയാണോ പറഞ്ഞിരിക്കുന്നത് എന്നു നോക്കുക! തുല്യപ്പെടുത്തിയല്ല, വചനം പൊന്നിനേക്കാൾ ശ്രേഷ്ഠമാണെന്നത്രെ ഇവിടെ പറയുന്നത്.

*ഇയ്യോ 23.10, വിലാ 4.1, വെളി 21.18* എന്നീ വചനങ്ങളിൽ വിശുദ്ധിയെയും പൊന്നിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു എന്ന് പറയുവാൻ കഴികയില്ല. *വെളി 21.18ൽ മതിലിന്റെ പണി സൂര്യകാന്തവും നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കവും ആയിരുന്നു* എന്ന് പറഞ്ഞിരിക്കുന്നത് വിശുദ്ധിയെ പൊന്നിനോട് സാദൃശ്യപ്പെടുത്തി കാണിക്കുന്നതേ ഉള്ളൂ എങ്കിൽ പുതിയ യരുശലേമിന്റെ മതിലിന്റെ പണിയും വിശുദ്ധികൊണ്ടായിരുന്നു എന്നല്ലേ അർത്ഥമുള്ളൂ. പുതിയ യരുശലേമിൽ പൊന്നുണ്ടെന്നു പറഞ്ഞ് വിശ്വാസിക്ക് ആഭരണം ധരിക്കാം എന്നു പറയുന്നതെങ്ങനെ?

ജ്ഞാനത്തെ പൊന്നിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു എന്ന് തെളിയിക്കുവാൻ സദൃ3.14 കാണിച്ചിരിക്കുന്നു. *അതിന്റെ സമ്പാദനം വെള്ളിയുടെ സമ്പാദനത്തിലും അതിന്റെ ലാഭം തങ്കത്തിലും നല്ലത്.* ഇവിടെ ജ്ഞാനത്തെ തങ്കത്തോട് തുല്യപ്പെടുത്തിയിട്ടുണ്ടോ എന്നു നോക്കുക! യഥാർത്ഥത്തിൽ തുല്യപ്പെടുത്തിയല്ല, ജ്ഞാനം അവയെക്കാൾ ശ്രേഷ്ഠമാണെന്നത്രെ വചനം പറയുന്നത്.

*1കൊരി 3.12 ൽ* സൽപ്രവൃത്തികളെയാണ് പൊന്നിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നതെങ്കിൽ വിശ്വാസിക്ക് വേണ്ടത് അക്ഷരികമായ പൊന്നല്ല സൽപ്രവൃത്തിയാണ് എന്നത് സ്പഷ്ടമല്ലേ?

***3. ഒന്നാം നൂറ്റാണ്ടിൽ അപ്പോസ്തലന്മാരുടെ പ്രസംഗം ശ്രവിച്ച് രക്ഷിക്കപ്പെട്ടു വന്നവരെ, അന്നേരം തന്നെ സ്നാനപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ –ഇതിനിടയിൽ– ആഭരണം വർജ്ജിച്ചിരിന്നുവെന്നതിന്, വേദാധാരമോ സാഹചര്യത്തെളിവുകളോ ഇല്ല തന്നെ.***

**വിചിന്തനം:** എന്നൊക്കെ ശഠിക്കുന്നത് വചനത്തോട് വിശ്വസ്തത പുലർത്തുന്നതല്ല, വാദം ജയിക്കുവാനുള്ള തത്രപ്പാടായേ കരുതാനാവൂ. ഇങ്ങനെ ഒക്കെ ഉപദേശം സ്ഥാപിക്കാൻ തുടങ്ങിയാൽ രക്ഷിക്കപ്പെട്ട ഉടൻ സ്നാനപ്പെടുത്തി എന്നതുകൊണ്ട് പെന്തക്കോസ്തു നാളിൽ വെള്ളത്തിനടുത്തേക്കു പോകുവാൻ സമയം ലഭിക്കാതെ ഫ്രാൻസിസ് സേവ്യർ ചെയ്തതു പോലെ പീച്ചാങ്കുഴൽ ഉപയോഗിച്ച് തളിപ്പു സ്നാനമായിരുന്നു നടത്തിയത് എന്ന് വാദിച്ചാൽ നാം എന്തു പറയും?

അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ട് വന്നവർ വസ്തുവകകൾ സകലവും വിറ്റ് കൂട്ടായ്മയിലേക്ക് വരുവാൻ മനസ്സുള്ളവരായിരുന്നു (അപ്പോ. പ്രവൃത്തികൾ 2.44). അവർ സ്നാനപ്പെടുന്നതിന് മുൻപ് ആഭരണം ഉപേക്ഷിക്കുവാൻ പ്രത്യേകം സമയം കണ്ടെത്തിയെന്നതിന് സാഹചര്യത്തെളിവ് അന്വേഷിക്കേണ്ടതില്ല. വിശ്വാസികൾ അനുസരിക്കുവാൻ വ്യക്തമായ കല്പന ബൈബിളിൽ ഉള്ളതുകൊണ്ട്, അതനുസരിച്ച് നാം ആഭരണം ഉപേക്ഷിക്കയാണ് വേണ്ടത്.

ബൈബിളിൽ നമ്മുടെ ഉപദേശം കുത്തിനിറയ്ക്കുവാൻ ശ്രമിക്കരുത്, ബൈബിളിന്റെ സന്ദേശം നാം തുറന്ന ഹൃദയത്തോടെ സ്വീകരിക്കയാണ് വേണ്ടത്.

***4. യിരെമ്യാവ് 11:20; 17:10; 1ശമുവേൽ 16.7 മുതലായ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ ദൈവം ഹൃദയത്തിന്റെ അവസ്ഥയാണല്ലോ നോക്കുന്നത്; അപ്പോൾ ഹൃദയം ദൈവമുമ്പാകെ നേരുള്ളതാണെങ്കിൽ ബാഹ്യാലങ്കാരങ്ങളോ ആഭരണങ്ങളോ ധരിക്കുന്നതിൽ അപാകത എന്ത്?***

ദൈവം ഹൃദയത്തിന്റെ അവസ്ഥ അറിയുന്നവനാണ്. അനുതാപഹൃദയത്തോടെ ദൈവസന്നിധിയിൽ വന്ന് അവനിൽ വിശ്വസിക്കുന്ന വ്യക്തിയുടെ ഹൃദയത്തിന്റെ ഭാവങ്ങളെ അവിടുന്ന് അറിയുന്നു. എന്നാൽ ആന്തരികമായ മാറ്റം ബാഹ്യമായി വെളിപ്പെടുന്നതാണെന്ന് തിരുവെഴുത്ത് വ്യക്തമാക്കുന്നു. നാം രക്ഷിക്കപ്പെടുന്നത് വിശ്വാസത്താലാണ്; വിശ്വാസം പ്രവൃത്തിയിലൂടെ വെളിപ്പെടുന്നില്ലെങ്കിൽ ആ വിശ്വാസം നിർജ്ജീവമാണെന്ന് യാക്കോബിന്റെ ലേഖനത്തിൽ പറയുന്നു. *അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്ത തായാൽ സ്വതവേ നിർജ്ജീവമാകുന്നു (യാക്കോബ് 2.17).* ആത്മീക ജീവിതം ആന്തരികവും വ്യക്തി



പരവുമാണെങ്കിലും അത് യാതൊരു വിധത്തിലും വെളിപ്പെടാത്തതോ വെളിപ്പെടേണ്ടാത്തതോ ആണെന്ന് ബൈബിൾ പറയുന്നില്ല.

*അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു (ഫിലിപ്പ്യർ 2.15); വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിന് സകലത്തിലും നിന്നെത്തന്നേ സൽപ്രവൃത്തികൾക്ക് മാതൃകയാക്കി കാണിക്ക (തീത്തോസ് 2.7); ...ജാതികൾ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്ന് ദുഷിക്കുന്തോറും നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ട് സന്ദർശന ദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന് അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പ് നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു (1പത്രോസ് 2.12); ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്ത പക്ഷം ഭയത്തോടു കൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പ് കണ്ടറിഞ്ഞ് വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നു വരുവാൻ ഇടയാകും (1പത്രോസ് 3.1)* മുതലായ വാക്യങ്ങൾ എല്ലാം വ്യക്തമാക്കുന്നത് നമ്മുടെ ഹൃദയത്തിലെ മാറ്റം വെളിപ്പെടേണം എന്ന് ദൈവം ആഗ്രഹിക്കുന്നു എന്നാണ്.

ബാഹ്യാലങ്കാരങ്ങൾ ഒരു വ്യക്തിയുടെ ആത്മീക ജീവിതത്തെ ബാധിക്കുന്നതാകകൊണ്ട് ദൈവം അത് വിലക്കിയിരിക്കുന്നു. അത് നാം അനുസരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

***5. ഇത് ഒരു ഉത്തമ മാതൃകയാണെങ്കിലും അടിസ്ഥാന ഉപദേശമല്ല. അതുകൊണ്ട് ആഭരണം ധരിക്കരുത് എന്നു ഉറപ്പിച്ച് പറയുകയോ പഠിപ്പിക്കുകയോ ചെയ്യുവാൻ പറ്റുകയില്ല.***

**വിചിന്തനം:** *അടിസ്ഥാന ഉപദേശം* എന്ന പ്രയോഗംകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്ന് നാം ഒന്നാമത് വ്യക്തമാക്കേണ്ടതുണ്ട്. ആ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ മുകളിലെ പ്രസ്താവന സ്വീകാര്യമാണോ എന്നു തീരുമാനിക്കുവാൻ കഴിയൂ.

ചില നിർവ്വചനങ്ങൾ പരിശോധിക്കാം.

നിർവ്വചനം 1.

*അടിസ്ഥാന ഉപദേശം* എന്നാൽ അടിസ്ഥാനമുള്ള ഉപദേശ

മെന്നും *അടിസ്ഥാന ഉപദേശമല്ല* എന്നു പറയുമ്പോൾ അടിസ്ഥാനമില്ലാത്ത ഉപദേശം എന്നും ആണ് അർത്ഥം.

**വിചിന്തനം:** അടിസ്ഥാന ഉപദേശം എന്നതിന്റെ അർത്ഥം ഇപ്രകാരമാണെങ്കിൽ, ആഭരണം വർജ്ജിക്കേണം എന്നുള്ളത് ബൈബിളിൽ ഉണ്ടല്ലോ. അപ്പോൾ ഈ നിർവ്വചനപ്രകാരം, ബൈബിളിൽ അടിസ്ഥാനമുള്ളതുകൊണ്ട് ആഭരണം വർജ്ജിക്കേണം എന്നതും അടിസ്ഥാന ഉപദേശമാണ്, നാം അനുസരിക്കേണ്ടതുമാണ് എന്ന് സ്പഷ്ടം.

നിർവ്വചനം 2.

*അടിസ്ഥാന ഉപദേശം* എന്നാൽ അടിസ്ഥാനമാക്കേണ്ട ഉപദേശമെന്നും *അടിസ്ഥാന ഉപദേശമല്ല* എന്നു പറയുമ്പോൾ അടിസ്ഥാനമാക്കേണ്ടതല്ലാത്ത ഉപദേശം എന്നും ആണ് അർത്ഥം.

**വിചിന്തനം1:** ഈ നിർവചനത്തിൻ പ്രകാരം, *അടിസ്ഥാന ഉപദേശം* അനുസരിക്കേണ്ടവയും *അടിസ്ഥാന ഉപദേശമല്ലാത്തവ* അനുസരിക്കേണ്ടാത്തവയും ആണെന്നുവരുന്നു. അപ്പോൾ ഇപ്പറഞ്ഞ ഉപദേശം അടിസ്ഥാന ഉപദേശമാണോ എന്ന പ്രശ്നം ഉന്നയിക്കപ്പെടാതിരിക്കയില്ല.

*നിങ്ങളെ അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു* എന്ന് എഫെസ്യർ 2.21 ൽ പറയുന്നു. അപ്പോസ്തലന്മാരും പ്രവാചകന്മാരും മുഖാന്തരം നല്കപ്പെട്ട ഉപദേശത്തിന്മേലും വചനത്തിന്മേലും ആണ് നാം (സഭ) അടിസ്ഥാനപ്പെട്ടിരിക്കുന്നതെങ്കിൽ, അടിസ്ഥാനമല്ലാത്ത, അഥവാ അടിസ്ഥാനമാക്കേണ്ടതല്ലാത്ത അപ്പോസ്തോലിക ഉപദേശങ്ങളെന്നും അടിസ്ഥാനമാക്കേണ്ട അപ്പോസ്തലിക ഉപദേശങ്ങൾ എന്നും രണ്ടു തരം അപ്പോസ്തലിക ഉപദേശങ്ങൾ ബൈബിളിൽ ഉണ്ടോ? രണ്ടുതരം അപ്പോസ്തലിക ഉപദേശം ഉണ്ടെന്നു ശഠിച്ചാൽ എന്തടിസ്ഥാനത്തിൽ അങ്ങനെ വിഭജിച്ചിരിക്കുന്നു എന്ന പ്രശ്നം ഉദിക്കും. അതിന് ഒരു വാക്യം കാണിച്ചാൽ തന്നെ, ആ അപ്പോസ്തലിക/പ്രവാചക വാക്യം അടിസ്ഥാനമാക്കാവുന്നതാണോ അല്ലാത്തതാണോ എന്ന ചോദ്യം ഉയരും. കാരണം, അതാണല്ലോ തർക്കവിഷയം.

അപ്പോൾ ഒന്നുകിൽ അപ്പൊസ്തലിക/പ്രവാചക ഉപദേശങ്ങൾ പൂർണമായും സഭയുടെ അടിസ്ഥാനമാണ്, നാം അനുസരിക്കേണ്ടതു



മാണ്. അല്ലെങ്കിൽ അപ്പോസ്തലിക/പ്രവാചക ഉപദേശങ്ങൾ ഒന്നും അടിസ്ഥാന ഉപദേശമല്ല, ഓരോരുത്തർക്കും സൗകര്യപ്രകാരം താല്പര്യമുള്ളവ അനുസരിക്കാം, അല്ലാത്തവ അവഗണിക്കാം. പക്ഷേ, അങ്ങനെ സൗകര്യത്തെ മുൻനിറുത്തി അവഗണിക്കാവുന്നതാണോ അപ്പോസ്തലിക ഉപദേശം?

സ്നേഹസമ്പന്നനായ ദൈവം തന്റെ സർവ്വജ്ഞാനത്തിൽ പ്രകാരം, നമ്മുടെ നന്മയ്ക്കു വേണ്ടി അപ്പോസ്തലന്മാർ മുഖാന്തരം നല്കിയിരിക്കുന്ന എല്ലാ ഉപദേശങ്ങളും നമ്മുടെ ജീവിതത്തിന് അടിസ്ഥാനമാക്കേണ്ടതാണ് എന്ന് നിസ്സംശയം ഉറയ്ക്കാം.

**വിചിന്തനം2:** ബൈബിളിലെ ഉപദേശങ്ങൾ നാം അടിസ്ഥാനമാക്കേണ്ടാത്തവ എന്നും അടിസ്ഥാനമാക്കേണ്ടവ എന്നും രണ്ടു തരമുണ്ടോ? മനുഷ്യൻ അനുസരിക്കുവാൻ വേണ്ടി ദൈവം തന്നിട്ടുള്ള പ്രമാണങ്ങൾ എല്ലാം അടിസ്ഥാന ഉപദേശങ്ങൾ തന്നെ അല്ലേ?

ബൈബിളിന്റെ ഭാഗിക ദൈവനിശ്വസ്തത വിശ്വസിക്കുന്നവർ കരുതുന്നത് ബൈബിളിലെ എല്ലാ ഭാഗങ്ങളും ദൈവനിശ്വസ്തമല്ല എന്നാണ്. നിശ്വാസ്യമല്ലാത്ത ആ ഭാഗങ്ങൾ തന്നെയും പല നല്ല മാതൃകകളും ഉൾക്കൊള്ളുന്നു എന്നവർ കരുതുന്നു.

അടിസ്ഥാന ഉപദേശങ്ങൾ എന്നും *അല്ലാത്തവ* എന്നും തിരിക്കയും അടിസ്ഥാന ഉപദേശങ്ങളല്ലാത്തവ ഉത്തമ മാതൃകകളാണ് എന്ന് പറയുകയും ചെയ്യുമ്പോൾ നമ്മുടെ സ്വരവും വേദത്തിന്റെ പൂർണമായ ദൈവനിശ്വാസ്യത നിഷേധിക്കുന്നവരുടെ സ്വരവും ഒന്നായി ലയിക്കുകയാണ്.

അതുകൊണ്ട്, ഉപദേശങ്ങളുടെ ഇപ്രകാരമുള്ള വിഭജനത്തിന്റെ സാധുത തന്നെ നാം സൂക്ഷിക്കേണ്ടതാണ്.

നിർവ്വചനം 3.

*അടിസ്ഥാന ഉപദേശം* എന്നാൽ രക്ഷിക്കപ്പെടുന്നതിന് ആവശ്യം ഉള്ള ഉപദേശമെന്നും *അടിസ്ഥാന ഉപദേശമല്ല* എന്നു പറയുമ്പോൾ രക്ഷയ്ക്ക് ആവശ്യമില്ലാത്ത ഉപദേശം എന്നും ആണ് അർത്ഥം.

**വിചിന്തനം:** രക്ഷിക്കപ്പെടുന്നതിന് വേണ്ട ഉപദേശങ്ങൾ മാത്രമല്ല, മനുഷ്യന്റെ നന്മയ്ക്കും ആത്മീകവർദ്ധനയ്ക്കും ആവശ്യമായ ഉപദേശ

ങ്ങളും ദൈവം തന്റെ അപ്പോസ്തലന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും ബൈബിളിൽ നല്കിയിട്ടുണ്ട്. അവയും നാം അനുസരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. രക്ഷയുടെ ഉപദേശം മാത്രമേ അനുസരിക്കേണ്ടതുള്ളൂ എന്ന് വരികിൽ സ്നാനം, കർതൃമേശ മുതലായവ അടിസ്ഥാന ഉപദേശങ്ങൾ അല്ല, അവ നിർബന്ധമായി അനുസരിക്കേണ്ടതുമല്ല എന്ന് വരും.

നിർവ്വചനം 4.

ഇവിടെ പറഞ്ഞ അർത്ഥം ഒന്നുമല്ല *അടിസ്ഥാന ഉപദേശങ്ങൾ* എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത് എങ്കിൽ? എന്തു തന്നെ ആയിരുന്നാലും വിശ്വാസികൾ ആഭരണം വർജ്ജിക്കണമെന്നുള്ള സ്പഷ്ടമായ ദൈവീക കൽപ്പന തിരുവെഴുത്തിൽ വെളിപ്പെട്ടിരിക്കുന്നത് മൂടിവയ്ക്കുവാനോ തുച്ഛീകരിക്കുവാനോ അത് പ്രയോഗിക്കുന്നതിന് യാതൊരു ന്യായീകരണവുമില്ല. ആഭരണധാരണം സംബന്ധിച്ച ദൈവഹിതം അത്ര സ്പഷ്ടമായി തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. ദൈവശാസ്ത്ര മണ്ഡലത്തിലെ ചില സാങ്കേതിക പദപ്രയോഗങ്ങളുടെ മറവിൽ നാം എന്തിന് ദൈവ കൽപ്പന ലംഘിക്കുന്നു?

***6. പല സഭാ വിഭാഗങ്ങളിലും കേരളത്തിലുള്ള വിശ്വാസികൾ മാത്രമാണല്ലോ ആഭരണം വർജ്ജിക്കുന്നുള്ളൂ? കേരളത്തിനു പുറത്ത് അതേ സഭാ വിഭാഗങ്ങളിൽ ഉള്ള വിശ്വാസികൾ ആഭരണം ഉപയോഗിക്കുന്നുണ്ടല്ലോ?***

**വിചിന്തനം:** കേരളത്തിനു പുറത്തുള്ളവർ അനുസരിക്കുന്നുണ്ടോ എന്നതാകരുത് തിരുവചനം അനുസരിക്കുന്നതിന് നമ്മുടെ മാനദണ്ഡം. ഭൂരിപക്ഷത്തെയും നാം നോക്കേണ്ടതില്ല. തിരുവെഴുത്തിലെ സത്യത്തിനു വേണ്ടി, നാം ജീവിക്കുന്ന സമൂഹത്തിൽ തന്നെ ഒറ്റയ്ക്ക് നില്ക്കേണ്ടി വന്നേക്കാം. അറിഞ്ഞ വചന സത്യം അനുസരിക്കുവാനും പിൻതുടരുവാനുമുള്ള സമർപ്പണം നാം പുലർത്തുവാൻ ദൈവം ആഗ്രഹിക്കുന്നു.

കേരളത്തിനു പുറത്തുള്ള വിശ്വാസികൾ ആഭരണം ധരിക്കുന്നതിന്* പല കാരണങ്ങൾ കണ്ടേക്കാം. ഒരു പക്ഷേ നിങ്ങൾക്ക് ലഭിച്ച അത്ര ബൈബിൾ പരിജ്ഞാനം അവർക്കു സിദ്ധിച്ചില്ലായിരിക്കാം. അവരുടെ അജ്ഞത ബൈബിളിലെ ദൈവീക ആജ്ഞകളെ യാതൊരു വിധത്തിലും ലഘൂകരിക്കുന്നില്ല. അവരുടെ അറിവില്ലായ്മയെ മറയാക്കാതെ ബൈബിൾ അനുസരിക്കുവാൻ നാം തയ്യാറാവുകയാണ് വേണ്ടത്. ബൈബിൾ ആഭരണം വിലക്കുന്നു എന്നു ബോധ്യം ഉണ്ടെങ്കിൽ ആര് അനുസരിച്ചാലും ഇല്ലെങ്കിലും ആഭരണം ധരിക്കാതിരിപ്പാൻ വിശ്വാസികളായ നാം ബാദ്ധ്യസ്ഥരാണ്.



ചില വിശ്വാസികളുടെ അജ്ഞത നമ്മെ സ്വാധീനിക്കുവാനും നാം വചനം അനുസരിക്കാതിരിപ്പാനും പാടില്ല. നേരെ മറിച്ച്, നമുക്കു ലഭിച്ച വചനപരിജ്ഞാന പ്രകാരം നാം അനുസരിക്കയും ആ പരിജ്ഞാനം അവർക്ക് പകർന്നു നൽകയുമാണ് വേണ്ടത്. വിശ്വാസി ആഭരണം ധരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ലെന്ന് തിരുവെഴുത്തിൽ നിന്നു ബോധ്യപ്പെട്ടു എങ്കിൽ അത് അനുസരിക്കയും, മറ്റുള്ളവർക്കു മാതൃകയായി തീരേണ്ടതുമാണ്. ആ നല്ല മാതൃക നമുക്ക് അവരെ സ്നേഹത്തിൽ ഉപദേശിക്കാം.

(* കേരളത്തിനു പുറത്ത് ആഭരണം ധരിക്കാത്ത വിശ്വാസികൾ ഇല്ല എന്ന് ലേഖകൻ കരുതുന്നതായി ഇതിനർത്ഥമില്ല. വടക്കേന്ത്യയിൽ തദ്ദേശീയരായ വിശ്വാസികൾ കൂടുന്ന ധാരാളം സഭകൾ ഈ ഉപദേശത്തിൽ നിശ്ചയം പ്രാപിച്ച് അത് പിൻതുടരുന്നതായുണ്ട്. വേദത്തിൽ നിന്ന് പഠിക്കുവാൻ അവസരം ലഭിക്കുന്നില്ല എന്നതാണ് അവിടെയുള്ള സഭകളിലെ ഒരു പ്രധാന പ്രശ്നം.)

*********

## അദ്ധ്യായം 10

# ആഭരണം വർജ്ജിക്കുന്നതിനുള്ള ഇതര ന്യായങ്ങൾ

തിരുവെഴുത്തിലെ സ്പഷ്ടമായ ആജ്ഞയെ കൂടാതെ, ആഭരണം വർജ്ജിക്കുന്നതിന് വിശ്വാസികളെ പ്രേരിപ്പിക്കുന്ന ഇതര ന്യായങ്ങൾ തിരുവെഴുത്തിലെ സന്ദേശത്തിൽ നമുക്ക് കാണുവാൻ കഴിയും. അവ നമുക്ക് ഇവിടെ ചിന്തിക്കാം.

## 1. പഴയനിയമത്തിൽ നിന്നുള്ള പാഠം

പൊന്ന് ഒരു ലോഹമാണ്. ധാർമികമായി അത് നല്ലതോ തീയതോ അല്ല. സാധാരണ പറയാറുള്ള ഉദാഹരണം പോലെ പേനാക്കത്തിയായാലും അണുവിസ്ഫോടനമായാലും അവ സ്വയമേവ നന്മയോ തിന്മയോ അല്ല. തെറ്റായ ഉപയോഗം നിമിത്തം ഏതു വസ്തുവും തിന്മക്കു കാരണമാകാം. പൊന്ന് എപ്രകാരം ഉപയോഗിക്കുന്നു എന്നത്, ഉപയോഗിക്കുന്ന വ്യക്തിയുടെ മനസ്സിനെ ബാധിക്കുന്നുണ്ട് എന്ന് ബൈബിൾ വ്യക്തമാക്കുന്നു. ആഭരണമായി പൊന്ന് ഉപയോഗിക്കുന്നത് വ്യക്തിയുടെ ആത്മീക സുസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുന്നവയാണ് പഴയനിയമത്തിൽ പൊന്നിനെക്കുറിച്ച് പറയുന്ന മിക്കവാറും ഭാഗങ്ങൾ. ചില വേദഭാഗങ്ങൾ പരിശോധിക്കാം.



**(1) ഉൽപ്പത്തി 35.4 *അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു; യാക്കോബ് അവയെ ശേഖേമിന്നരികെയുള്ള കരുവേലകത്തിന്റെ കീഴിൽ കുഴിച്ചിട്ടു.***

*അനന്തരം യഹോവ യാക്കോബിനോട്: നീ പുറപ്പെട്ട് ബെഥേലിൽ ചെന്ന് പാർക്ക; നിന്റെ സഹോദരനായ ഏശാവിന്റെ മുമ്പിൽ നിന്ന് നീ ഓടിപ്പോകുമ്പോൾ നിനക്കു പ്രത്യക്ഷനായ ദൈവത്തിന് അവിടെ ഒരു യാഗപീഠം ഉണ്ടാക്കുക എന്നു കല്പിച്ചു*(35.1). ബെഥേലിൽ ചെന്ന് പാർക്കുവാനും ദൈവത്തിന് യാഗം അർപ്പിക്കുവാനും കല്പന ലഭിച്ചപ്പോൾ, അന്യദേവന്മാരെയും കാതിലെ കുണുക്കുകളെയും നീക്കം ചെയ്യണമെന്ന് യാക്കോബിന് ബോധ്യപ്പെടുകയും അവ ഉപേക്ഷിച്ച് കുഴിച്ചിടുകയും ചെയ്തു. ആഭരണം അവരുടെ ജീവിതത്തിൽ ദൈവവുമായുള്ള നേരായ ബന്ധത്തിന് ഹാനികരമായതാണെന്ന ധാരണ യാക്കോബിന് ഉണ്ടായി എന്ന് നമുക്ക് ഗ്രഹിക്കാം.

***(2) പുറപ്പാട് 33.4-6 ദോഷകരമായ ഈ വചനം കേട്ടപ്പോൾ ജനം ദുഃഖിച്ചു; ആരും തന്റെ ആഭരണം ധരിച്ചതുമില്ല (വാക്യം 4). .....അതുകൊണ്ട് ഞാൻ നിന്നോട് എന്തു ചെയ്യേണം എന്ന് അറിയേണ്ടതിന് നീ നിന്റെ ആഭരണം നീക്കിക്കളക എന്നിങ്ങനെ യിസ്രായേൽ മക്കളോട് പറക എന്ന് യഹോവ മോശെയോട് കൽപ്പിച്ചിരുന്നു(വാക്യം 5). അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽ മക്കൾ ആഭരണം ധരിച്ചില്ല (വാക്യം 6).***

ചിലർ കരുതുന്നത് അന്യദേവന്മാരുടെ രൂപങ്ങൾ ഉള്ള ആഭരണങ്ങൾ മാത്രമാണ് യിസ്രയേൽ ജനം വർജ്ജിച്ചത് എന്നത്രെ. അപ്രകാരം വേദം പറഞ്ഞിട്ടില്ല. ദേവന്മാരുടെ രൂപങ്ങൾ ഉള്ള ആഭരണമാണ് അതെങ്കിൽ വിഗ്രഹാരാധന കടന്നു വരുവാൻ ഒരു പൊഴുതായി ദൈവം കണ്ടതുകൊണ്ടായിരിക്കണം ആഭരണം നീക്കിക്കളവാൻ ആജ്ഞാപിച്ചത്. ആഭരണം അക്കാലത്തും ദൈവവുമായുള്ള ഉത്തമ ബന്ധത്തെ അപകടപ്പെടുത്തുവാൻ സാദ്ധ്യതയുള്ളതായിരുന്നു എന്ന് വെളിപ്പെടുന്നുണ്ട്.

ജനം ദുഃഖിച്ചപ്പോൾ ദുഃഖസൂചകമായി തൽക്കാലത്തേക്ക് ആഭരണം ഊരി വച്ചതാണ് എന്നും അവർ അഭിപ്രായപ്പെടുന്നു. ഇതിനർത്ഥം ദുഃഖം കഴിഞ്ഞപ്പോൾ ആഭരണങ്ങൾ അവർ അണിഞ്ഞു

എന്നാണല്ലോ. ദുഃഖിച്ചപ്പോൾ അന്യദേവന്മാരുടെ മുദ്രയുള്ള ആഭരണങ്ങൾ ഊരി വച്ചിട്ട് ദുഃഖം മാറിയപ്പോൾ അവ അണിഞ്ഞു എന്നു വന്നാലും ദൈവത്തിന് അതു പ്രസാദമല്ല എന്നു വ്യക്തമാണല്ലോ.

അല്ലാ, ദേവന്മാരുടെ ചിഹ്നം ഇല്ലാത്ത ആഭരണം മാത്രമേ പിന്നീട് അണിഞ്ഞുള്ളൂ എന്നു വരികിൽ ആഭരണം ഊരിയതെന്തിന്? അന്യദേവന്മാരുടെ രൂപങ്ങൾ ഉള്ള ആഭരണങ്ങൾ മാത്രം ഊരിയാൽ മതിയായിരുന്നുവല്ലോ. *ആഭരണം നീക്കിക്കളക* എന്നും യഹോവ പറയേണ്ടിയിരുന്നില്ല. ആഭരണത്തിലെ അന്യദേവന്മാരുടെ രൂപങ്ങൾ നീക്കികളക എന്നോ, അന്യദേവന്മാരുടെ രൂപങ്ങൾ ഉള്ള ആഭരണങ്ങൾ മാത്രം നീക്കികളക എന്നോ, പറഞ്ഞാൽ മതിയായിരുന്നു. അങ്ങനെ പറയാതെ *ആഭരണം നീക്കിക്കളക* എന്ന് പറഞ്ഞത്, അവരുടെ ശരിയായ ആത്മീക ചിന്താഗതികളെ വിട്ട് തെറ്റിപ്പോകുവാൻ ആഭരണം ഇടയാക്കി എന്നതു കൊണ്ടാണ്. ആഭരണങ്ങളിൽ നിന്ന് ജാതീയ ദേവന്മാരുടെ ചിഹ്നം നീക്കികളഞ്ഞ് തൃപ്തിപ്പെടുവാനുമല്ല ജനം ശ്രമിച്ചത്; അവർ ആഭരണം ഉപേക്ഷിക്കുകയാണുണ്ടായത്.

അതുകൊണ്ട്, പുതിയനിയമ വിശ്വാസികളും അന്യദേവന്മാരുടെ മുദ്രയില്ലാതെ സൂക്ഷിച്ചാൽ ആഭരണം ധരിക്കാം എന്നു നിനയ്ക്കാതെ, ആഭരണം തന്നെ ഉപേക്ഷിക്കയാണു വേണ്ടത്.

വളരെ സൂക്ഷ്മമായ നിലയിൽ ഇന്നും നമ്മുടെ ആത്മീക ചിന്താഗതികളെ ആഭരണം സ്വാധീനിക്കുന്നതുകൊണ്ടായിരിക്കണം ആഭരണം കൊണ്ടുള്ള അലങ്കാരം ദൈവം പുതിയനിയമത്തിൽ വിലക്കിയിരിക്കുന്നത്. ദൈവത്തിന്റെ സർവ്വജ്ഞാനത്തെയും പരമാധികാരത്തെയും അംഗീകരിച്ച് അവിടുത്തെ ആജ്ഞകൾ അനുസരിക്കുന്നതാണ് നമ്മുടെ ആത്മീയ സുസ്ഥിതിയ്ക്ക് നല്ലത്.

ആഭരണധാരണം അനുവദിക്കുന്ന സഭകളിലെ തന്നെ ആത്മികരായ വിശ്വാസികളിൽ ലേഖകന് വ്യക്തിപരമായി പരിചയമുള്ളവർ ആഭരണം അശേഷം ധരിക്കാത്തവരോ വളരെക്കുറച്ച് മാത്രം ഉപയോഗിക്കുന്നവരോ ആണ്. ആ അൽപ്പം കൂടി ഉപേക്ഷിക്കുവാൻ കർത്താവ് ബോധ്യപ്പെടുത്തട്ടെ.

***(3) യെശയ്യാവ് 3.16–23 സീയോൻ പുത്രിമാർ നിഗളിച്ച് കഴുത്തു നീട്ടിയും എറികണ്ണിട്ടുംകൊണ്ട് സഞ്ചരിക്കയും തത്തി തത്തി നടക്കയും കാൽകൊണ്ട് ചിലമ്പൊലി കേൾപ്പിക്കുകയും ചെയ്യുന്നു(വാക്യം3.16).***



സീയോൻ പുത്രിമാരുടെ ഈ സ്ഥിതിക്കു ദൈവം ചെയ്യുന്നത് എന്തെന്ന് ശ്രദ്ധിക്കുക: കാൽചിലമ്പുകളുടെ അലങ്കാരം, നെറ്റിപ്പട്ടം, ചന്ദ്രക്കല, കാതില, കടകം, കവണി, തലപ്പാവ്, കാൽത്തള, പട്ടുകച്ച, പരിമളപ്പെട്ടി, തകിട്ടുകൂട്, മോതിരം, മൂക്കുത്തി, ഉത്സവവസ്ത്രം, മേലാട, ശാൽവ, ചെറുസഞ്ചി, ദർപ്പണം, ക്ഷോമപടം, കല്ലാവ്, മൂടുപടം എന്നിങ്ങനെ അവരുടെ ഇരുപത്തൊന്ന് കൂട്ടം അലങ്കാരവസ്തുക്കൾ യഹോവ നീക്കികളയും എന്ന് പറഞ്ഞിരിക്കുന്നു(വാക്യം18–23).

സീയോൻ പുത്രിമാരുടെ വിപുലമായ ബാഹ്യാലങ്കാര സഞ്ചയം നിഗളത്തിനും മറ്റും കാരണമായി തീർന്നു എന്ന് ഈ ഭാഗം വ്യക്തമാക്കുന്നുണ്ട്. സീയോൻ പുത്രിമാർ നിഗളിച്ച് കഴുത്തു നീട്ടിയും എറികണ്ണിട്ടും കൊണ്ട് സഞ്ചരിക്കയും തത്തി തത്തി നടക്കയും കാൽ കൊണ്ട് ചിലമ്പൊലി കേൾപ്പിക്കുകയും ചെയ്യുന്നതിന് പരിഹാരമായി യഹോവ കണ്ടത് ആഭരണാലങ്കാരങ്ങൾ നീക്കുക എന്നതാണ്.

ആഭരണ ധാരണത്തെ യഹോവ വെറുക്കുന്നു എന്നല്ല, സീയോൻ പുത്രിമാരുടെ പാപത്തിനെതിരായ ശിക്ഷയാണ് ഇവിടെ പറഞ്ഞിരിക്കുന്നത് എന്നത്രേ ചിലർ കരുതുന്നത്. പാപത്തിന് ശിക്ഷ ആഭരണം നീക്കുന്നത് മാത്രമാണെങ്കിൽ എന്ത് ഭയപ്പെടാനിരിക്കുന്നു! വളരെ ഗൗരതരങ്ങളായ ന്യായവിധിയുടെ വാക്കുകൾ ആ വേദഭാഗത്ത് താഴെ ഉച്ചരിക്കപ്പെടുന്നുണ്ട്. 3.25,26 വാക്യങ്ങൾ നോക്കുക: *നിന്റെ പുരുഷന്മാർ വാളിനാലും നിന്റെ വീരന്മാർ യുദ്ധത്തിലും വീഴും. അതിന്റെ വാതിലുകൾ വിലപിച്ചു ദുഃഖിക്കും; അതു ശൂന്യമായി നിലത്തു കിടക്കും.* ശിക്ഷയായിട്ടാണ് ആഭരണം നീക്കികളയും എന്ന് യഹോവ പറയുന്നത് എന്ന് ചിന്തിച്ചാലും അത് ആഭരണധാരണത്തെ സാധൂകരിക്കുന്നില്ല. യഹോവ ശിക്ഷിച്ച് നീക്കിക്കളയേണ്ടിവരുന്ന അവസ്ഥ വരുന്നതിന് മുൻപ് ദൈവകല്പനയ്ക്ക് വിധേയപ്പെട്ട് നാം സ്വയം നീക്കുന്നതല്ലേ നല്ലത്?

മനുഷ്യഹൃദയത്തിൽ ആഭരണത്തിന്റെ സൂക്ഷ്മമായ പ്രവർത്തനത്തെ സ്ഥിരീകരിക്കുന്നതും, മനോഭാവത്തിന് ഭേദം വരുത്തി അത് തിന്മയിലേക്ക് നയിക്കുന്നു എന്ന് സൂചന നല്കുന്നതും ആണ് ഈ വേദഭാഗം.

***(4) യെഹെസ്കേൽ 7.19,20 അവർ അവരുടെ വെള്ളി വീഥികളിൽ എറിഞ്ഞു കളയും; പൊന്ന് അവർക്ക് മലമായി തോന്നും; അവരുടെ***

***വെള്ളിക്കും പൊന്നിനും യഹോവയുടെ കോപദിവസത്തിൽ അവരെ വിടുവിപ്പാൻ കഴികയില്ല; അതിനാൽ അവരുടെ വിശപ്പടങ്ങുകയില്ല, അവരുടെ വയറു നിറകയുമില്ല; അത് അവർക്ക് അകൃത്യഹേതു ആയി രുന്നുവല്ലോ. അതുകൊണ്ടുള്ള ആഭരണങ്ങളുടെ ഭംഗി അവർ ഡംഭ ത്തിനായി പ്രയോഗിച്ചു; അതുകൊണ്ട് അവർ തങ്ങൾക്ക് മ്ലേച്ഛവിഗ്രഹ ങ്ങളേയും മലിന ബിംബങ്ങളേയും ഉണ്ടാക്കി; ആകയാൽ ഞാൻ അത് അവർക്ക് മലമാക്കിയിരിക്കുന്നു.***

പൊന്നിന്റെയും വെള്ളിയുടെയും സ്വാധീനത്തെയും ദുരുപ യോഗത്തെയും ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു. *അതിനാൽ അവ രുടെ വിശപ്പടങ്ങുകയില്ല (വാക്യം 19)* എന്നതിന്റെ കൃത്യമായ പരിഭാഷ *അവ അവരുടെ ദേഹിയെ തൃപ്തിപ്പെടുത്തുകയില്ല* എന്നാണ്. ചില ഇംഗ്ലീഷ് ഭാഷാന്തരങ്ങൾ നോക്കുക: *.......they shall not satisfy their souls* (King James Version, American Standard Version(1901), Darby's Translation, World English Bible, Literal Translation of the Holy Bible, Webster Bible(1833)). വെള്ളി, പൊന്ന്, ആഭരണങ്ങൾ ഇവയ്ക്ക് ഒരി ക്കലും തൃപ്തി നല്കുവാൻ കഴികയില്ല.

അത് അവർക്ക് *അകൃത്യഹേതു* ആയിരുന്നു (Ezekiel 7.19 *....be- cause it has been the cause of their falling into sin.* Bible in Basic English). ദൈവം തിരഞ്ഞെടുത്തിരുന്ന അക്കാലത്തെ ജനത്തിന് അകൃ ത്യഹേതു ആയിരുന്നു എങ്കിൽ ഇക്കാലത്ത് ജീവിക്കുന്ന വിശ്വാസി കൾക്കും അവ ദോഷകാരണമാകാം എന്ന് സർവ്വജ്ഞാനിയായ ദൈവം അറിയുന്നു. എത്ര ക്രൂരതകൾക്ക് പൊന്നും വെള്ളിയും ആഭരണങ്ങളും ഇന്ന് കാരണമാകുന്നു എന്നതിന് നമ്മുടെ ദിനപ്പത്രങ്ങൾ സാക്ഷി നിൽക്കുന്നു. അകൃത്യകാരണമായി തീരുന്നു എന്നതും അത് വർജ്ജി ക്കുന്നതിന് നമ്മെ പ്രേരിപ്പിക്കേണ്ടതാണ്.

ആഭരണ ധാരണത്തിനു പിന്നിൽ ഒളിഞ്ഞിരിക്കുന്ന മറ്റൊരു അപായമാണ് ഡംഭം. (Ezekiel 7.20 *Their beautiful ornament they used for vainglory,* .......Revised Standard Version ). ആഭരണം ഡംഭ ത്തിന് കാരണമാകുന്നതാണ്. സ്വയത്തിന് മഹത്വവും പ്രശംസയും നല്കുന്നതിൽ ആഭരണത്തിന്റെ പങ്ക് എടുത്തു പറയേണ്ടതുണ്ടോ? അതിന്റെ ഉദ്ദേശ്യം തന്നെ മറ്റൊന്നല്ലല്ലോ!

ആഭരണം മനുഷ്യന്റെ മനോഭാവത്തെ നിയന്ത്രിക്കുന്നുണ്ട്; അത് ആത്മീക ജീവിതത്തെ പ്രതികൂലമായി ബാധിക്കും. ചിലർ കരുതുന്നത്



ആഭരണം അവരുടെ മനോഭാവത്തെ നിയന്ത്രിക്കുന്നില്ല എന്നാണ്. എന്നാൽ നിങ്ങളുടെ മനസ്സ് എത്രത്തോളം ആഭരണത്തിൽ ബന്ധിതമാ ണെന്നറിയുവാൻ ഒരു വിവാഹചടങ്ങിലോ, ഒരു വിശേഷ ദിവസത്തിലോ ആഭരണം ഇല്ലാതെ പങ്കെടുക്കുവാനും, മറ്റുള്ളവരുമായി ഇടപഴകു വാനും, യാത്ര ചെയ്യുവാനും തീരുമാനിച്ചു നോക്കൂ. എന്നിട്ട് നിങ്ങ ളുടെ സംസാരത്തേയും, മറ്റുള്ളവരുമായി ഇടപെടുന്ന രീതിയേയും, നിങ്ങളുടെ മനോഗതങ്ങളെയും സ്വയം നിരീക്ഷിക്കുക; വത്യാസം മന സ്സിലാകും. ആഭരണം വർജ്ജിച്ചിരുന്നവർ അത് ധരിക്കുവാൻ ആരംഭി ച്ചപ്പോഴും ഒരു തരം സമ്മിശ്ര ഭാവം പ്രകടിപ്പിക്കുന്നതായി കണ്ടിട്ടുണ്ട്.

ആഭരണം മനുഷ്യന്റെ മനോഭാവത്തെ നിയന്ത്രിക്കുന്നുണ്ട് എന്ന് മുകളിൽ പറഞ്ഞ വേദവാക്യത്തിന്റെ അടിസ്ഥാനത്തിൽ ശരിയായി ഗ്രഹിക്കുന്നു എങ്കിൽ ആഭരണധാരണത്തിന്റെ അപകടം വളരെ ഗൗര വതരമാണ് എന്ന് മനസ്സിലാകും.

മറ്റൊരു സന്ദർഭത്തെപ്പറ്റി ചിന്തിച്ചു നോക്കുക: ആഭരണങ്ങളും വിലയേറിയ വസ്ത്രവും ധരിക്കുന്ന വ്യക്തിയാണ് നിങ്ങൾ എങ്കിൽ ഇനി അവ വർജിക്കുവാൻ തീരുമാനിക്കൂ. തീർച്ചയായും അത് നിങ്ങ ളുടെ ചിന്താഗതികളെയും തുടർന്നുള്ള ജീവിതത്തെയും ബാധിക്കും. നമ്മുടെ ചിന്താമണ്ഡലത്തെ ആഭരണം സ്വാധീനിക്കുന്നു എന്ന് സർവ്വ ജ്ഞാനിയായ ദൈവം അറിയുന്നതുകൊണ്ടാണ് അവിടുന്ന് അത് തന്റെ ജനത്തിന് വിലക്കിയിരിക്കുന്നത്.

## 2. ആഭരണം സ്വയത്തെ കേന്ദ്ര ബിന്ദു ആക്കുന്നു.

ആഭരണത്തിന്റെ ഉദ്ദേശ്യം ബാഹ്യമായി സ്വയം അലങ്കരിക്കുക എന്നതാണല്ലോ. എന്തിന്? മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കയും സ്വയം മഹത്വം എടുക്കുകയുമാണ് ബാഹ്യാലങ്കാരങ്ങളുടെ ഏക ഉദ്ദേശ്യം. ക്രിസ്തു വിശ്വാസികൾ അല്ലെങ്കിലും, നമ്മുടെ സാംസ്കാരിക നായക രിൽ ചിലരൊക്കെ ആഭരണ ഭ്രമത്തെ തുച്ഛീകരിച്ച് സംസാരിക്കുന്നത് തസ്കരശല്യം കാരണം മാത്രമല്ല, അതിൽ മറഞ്ഞിരിക്കുന്ന പൊള്ള ത്തരം ഗ്രഹിച്ചതു കൊണ്ടുകൂടെയാണ്.

ബാഹ്യമായത് ആയിരിക്കരുത് വിശ്വാസികളുടെ അലങ്കാരം (1പത്രോസ് 3.3). പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു

(2കൊരിന്ത്യർ 4.16) എന്ന അപ്പൊസ്തല വചനങ്ങൾ നമ്മിലും യാഥാർത്ഥ്യമായി തീരേണ്ടതാണ്. ആഭരണവും മനോഭാവവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന കാര്യങ്ങളാണെന്ന് വേദം വെളിപ്പെടുത്തുന്നു. ആഭരണം കാരണമാകുന്ന ഡംഭം (യെഹസ്കേൽ 7.20), നിഗളം (യെശയ്യാവ് 3.16) മുതലായ ഭാവങ്ങൾ ആത്മീക ജീവിതത്തിന്റെ അധഃപതനത്തിലേക്കു നയിക്കും.

## 3. *കോസ്മോസ്* എന്ന ഗ്രീക്കു പദം

1പത്രോസ് 3.3ൽ *നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ള തല്ല,* എന്ന വാക്യത്തിൽ *അലങ്കാരം* എന്നതിന് ***കോസ്മോസ്*** എന്ന പദമാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. ലോകം എന്നതിനും പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന ഒരു പദം ഇത് തന്നെയാണ്. താഴെ കാണുന്ന വാക്യങ്ങളിലെല്ലാം ലോകം എന്നതിന് ഈ പദം തന്നെയാണ് കാണുന്നത്.

ഗലാ.6.14 *എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്; അവനാൽ **ലോകം** എനിക്കും ഞാൻ **ലോക**ത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു.*

എഫെസ്യർ 2.2 *നിങ്ങൾ മുമ്പെ ഈ **ലോക**ത്തിന്റെ കാലഗതിയേയും ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായവനെയും അനുസരിച്ചു നടന്നു.*

യാക്കോബ് 1.27 *പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായ ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതും **ലോക**ത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു.*

യാക്കോബ് 4.4 ***ലോക**സ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ **ലോക**ത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു.*

2പത്രോസ് 2.20 *കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ*



*പരിജ്ഞാനത്താൽ **ലോക**ത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റു പോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ അധികം വഷളായിപ്പോയി.*

1യോഹന്നാൻ 2.15 ***ലോക**ത്തെയും **ലോക**ത്തിലുള്ളതിനേയും സ്നേഹിക്കരുത്. ഒരുവൻ **ലോക**ത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല.*

1യോഹന്നാൻ 2.16 *ജഢമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ **ലോക**ത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല, **ലോക**ത്തിൽ നിന്നത്രേ ആകുന്നു.*

1യോഹന്നാൻ 2.17 ***ലോകവും** അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു.*

1യോഹ 5.4 *ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും **ലോക**ത്തെ ജയിക്കുന്നു; **ലോക**ത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ.*

***കോസ്മോസ്*** എന്ന പദത്തിന് *ലോകം* എന്നും *അലങ്കാരം* എന്നും രണ്ട് അർത്ഥങ്ങൾ ഉണ്ട്. എന്നാൽ ലോകം എന്നർത്ഥമുള്ള അതേ പദം അലങ്കാരം എന്നതിന് 1പത്രോസ് 3.3ൽ പരിശുദ്ധാത്മാവ് ഉപയോഗിക്കുന്നു, എന്നത് ലോകമയത്വവും ആഭരണവും ബന്ധപ്പെട്ടാണ് ഇരിക്കുന്നത് എന്ന് സൂചന നല്കുന്നു. വിശ്വാസിയിൽ ലോകം നിറയുമ്പോൾ ദൈവം വിലക്കിയിരിക്കുന്ന ബാഹ്യാലങ്കാരങ്ങൾ വിശ്വാസിയിൽ കണ്ടു തുടങ്ങുന്നു.

## 4. ആഭരണധാരണം സാമ്പത്തിക വീക്ഷണത്തിൽ

വിശ്വാസിയുടെ കാര്യവിചാരകത്വത്തിൽ ദൈവം ഭരമേൽപ്പിച്ചിരിക്കുന്ന വകയാണ് വിശ്വാസിക്ക് സമ്പത്ത്. അത് ഏറ്റവും ഉചിതമായി ചിലവിടുവാൻ ഒരു വിശ്വാസിയേക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നു. നിത്യതയെ മുൻകണ്ടു കൊണ്ട് വേണം സമ്പത്ത് വിനിയോഗിക്കുവാൻ എന്ന് ദൈവം ആഗ്രഹിക്കുന്നു.

1തിമൊഥെയോസ് 6.17–19 നോക്കുക: *ഈ ലോകത്തിലെ ധനവാന്മാരോട് ഉന്നതഭാവം കൂടാതെയിരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കു സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശവെപ്പാനും നന്മ ചെയ്‌വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി സാക്ഷാലുള്ള ജീവനെ*

*പിടിച്ചു കൊള്ളേണ്ടതിന്ന് വരും കാലത്തേക്ക് നല്ലൊരു അടിസ്ഥാനം നിക്ഷേപിച്ചുകൊൾവാനും ആജ്ഞാപിക്ക.* ഈ വാക്യത്തിൽ ധനത്തിന്റെ വഞ്ചന (മത്തായി 13.22; മർക്കോസ് 4.19) കാണുവാൻ സാധിക്കും. അത് *ഉന്നതഭാവം* ഉണ്ടാക്കാനിടയുണ്ട്; ദൈവത്തിൽ ആശ വയ്ക്കുന്നതിനു പകരം *ധനത്തിൽ ആശ* വച്ചുപോയെന്നു വരാം.

ആഭരണം പോലെ ധനവും ആത്മീക ജീവിതത്തെ അപകടപ്പെടുത്താവുന്നതാണ്. എങ്കിലും ധനത്തിന് മൗലീകമായ ഒരു ആവശ്യം ഉണ്ട് എന്നതിനാൽ ദൈവം അത് വിശ്വാസികൾക്ക് വിലക്കാതിരിക്കുന്നു. ധനത്തെ നിത്യതയുടെ വെളിച്ചത്തിൽ എങ്ങനെ ഉപയോഗിക്കാമെന്നും ഈ വാക്യം വ്യക്തമാക്കുന്നുണ്ട്. *...........നന്മ ചെയ്വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി.........*ജീവിക്കുവാനും ധനം പ്രയോജനപ്പെടുത്താം. *സാക്ഷാലുള്ള ജീവനെ* എന്നതിന് *നിത്യ ജീവനെ* എന്നാണ് ഗ്രീക്കിൽ. അതായത്, നിത്യതയുടെ വെളിച്ചത്തിൽ വേണം നാം പണം ചിലവഴിക്കുവാൻ. ആഭരണത്തിന് വേണ്ടി ധനം ചിലവഴിക്കുന്നത് നിത്യതയുടെ വെളിച്ചത്തിൽ ഒരു നിക്ഷേപം എന്നു പറയാനില്ല.

വിലയേറിയ വസ്ത്രം, പൊന്ന്, മുത്ത്, മുതലായവയുടെ ഉപയോഗത്തിനായി ധനം ചിലവിടുന്നതിന് ദൈവസന്നിധിയിൽ വിശ്വാസി കണക്കു ബോധിപ്പിക്കേണ്ടി വരും.

*********

## അദ്ധ്യായം 11

# വിശ്വാസിയുടെ അക്ഷയഭൂഷണം

പുതിയനിയമ വിശ്വാസിയുടെ അലങ്കാരം എന്തായിരിക്കരുത് എന്നതായിരുന്നുവല്ലോ ഇതുവരെ നാം മുഖ്യമായി വിചിന്തനം ചെയ്തത്. എന്തായിരിക്കരുത് എന്നു മാത്രമല്ല, വിശ്വാസിയുടെ അലങ്കാരം എന്തായിരിക്കണമെന്നും തുല്യ പ്രാധാന്യത്തോടെ വേദം വ്യക്തമാക്കുന്നുണ്ട്. അവയെ ഈ അദ്ധ്യായത്തിൽ വിചിന്തനം ചെയ്യാം.

വിശ്വാസിയുടെ അലങ്കാരം എന്തായിരിക്കണം എന്നതിനും പുതിയനിയമത്തിലാണ് നാം ആധാരം തേടേണ്ടത്; ദൈവീക വെളിപ്പാടുകളുടെ പൂർത്തീകരണം പുതിയനിയമത്തിലാണല്ലോ കാണുന്നത്. പുതിയനിയമ വചനങ്ങളുടെ വെളിച്ചത്തിൽ പഴയനിയമവും പരിശോധിക്കാവുന്നതാണ്.

1പത്രോസ് 3.4ൽ അലങ്കാരം എന്തായിരിക്കണം എന്ന് കാണുന്നു. *1പത്രോസ് 3.3,4 നിങ്ങളുടെ അലങ്കാരം............................................. സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവ സന്നിധിയിൽ വിലയേറിയതാകുന്നു.*

ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കണം വിശ്വാസിയുടെ അലങ്കാരം. ആ ഗൂഢമനുഷ്യന്റെ പ്രത്യേകതകൾ നാം ഇവിടെ കാണുന്നുണ്ട്.

### 1. സൗമ്യത

*സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും* എന്ന് യേശു പഠിപ്പിച്ചു (മത്തായി 5.5). യേശു സൗമ്യതയുള്ള

വനായിരുന്നു, ആ സൗമ്യത നാം പഠിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. *ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ* (മത്തായി 11.29). ക്രിസ്തുവിന്റെ സൗമ്യത എന്നും നമുക്ക് മാതൃകയാണ് (2കൊരിന്ത്യർ 10.1). ആത്മാവിന്റെ ഫലമാണ് സൗമ്യത (ഗലാത്യർ 5.23).

സൗമ്യത വെളിപ്പെടുന്നതായിരിക്കണം നമ്മുടെ ജീവിതം. നമ്മുടെ നടപ്പ് സൗമ്യതയോടു കൂടിയതായിരിക്കണം (എഫെസ്യർ 4.2). സൗമ്യത ധരിച്ചവരായിരിക്കണം നാം (കൊലോസ്യർ 3.12). സകല മനുഷ്യരോടും നാം സൗമ്യത കാണിക്കേണം (തീത്തോസ് 3.2). ദ്രവ്യാഗ്രഹം വിട്ടോടി സൗമ്യത പിൻതുടരണം (1തിമൊഥെയോസ് 6.11). *നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ* എന്ന് പൗലോസ് ആഗ്രഹിക്കുന്നു (ഫിലിപ്പ്യർ 4.5).

ക്രിസ്തീയ ശുശ്രൂഷാ രംഗത്തും സൗമ്യത വളരെ പ്രാധാന്യം അർഹിക്കുന്നു. നമ്മുടെ പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറയേണ്ടതാണ് (1പത്രോസ് 3.15). വിരോധികളെ ദൈവേഷ്ടം ചെയ്യുവാൻ സൗമ്യതയോടു കൂടി പഠിപ്പിക്കണം (2തിമൊഥെയോസ് 2.25,26) എന്നും രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊള്ളേണം എന്നും തിരുവെഴുത്ത് പറയുന്നു (യാക്കോബ് 1.21). തെറ്റിപ്പോയവനെ സൗമ്യതയോടെ യഥാസ്ഥാനപ്പെടുത്തണം (ഗലാത്യർ 6.1).

സൗമ്യത ജ്ഞാനലക്ഷണമാണ്. ഉയരത്തിൽ നിന്നുള്ള ജ്ഞാനം ഒന്നാമത് നിർമ്മലവും പിന്നെ സമാധനവും, ശാന്തതയും, അനുസരണവും ഉള്ളതും, കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു (യാക്കോബ് 3.13-17). ഈ ജ്ഞാനത്തിന്റെ ലക്ഷണമാണ് സൗമ്യത. യഥാർത്ഥ സൗമ്യതയുടെ സ്വഭാവം ഇവിടെ വ്യക്തമാകുന്നു. ഈ സൗമ്യത വശ്വാസിക്ക് വിലയേറിയ അലങ്കാരമാണ്.

### 2. സാവധാനത

നാം സാവധാനതയുള്ള ജീവിതം നയിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് നമ്മുടെ ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ 1തിമൊഥെയോസ് 2.2 ൽ പ്രബോധിപ്പിച്ചിരിക്കുന്നത്. സാവധാനതയുള്ള മനസ്സ് പ്രതിസന്ധികളെ ശാന്തതയോടെ നേരിടുന്നു. പ്രകോപിതമാകാതെ സമചിത്തതയോടെ സാഹചര്യങ്ങളെ നേരിടുന്നു. പത്രോസ് സാവധാനതയെക്കുറിച്ച് എഴുതിയിരിക്കുന്നത് ആശ്ചര്യകരമാണ്. വെള്ളത്തിൻമേൽ നടക്കുവാൻ തിടുക്കം കാട്ടിയവൻ, വെള്ളത്തിന്മേൽ ഇറങ്ങിയിട്ട് പേടിച്ച് മുങ്ങുവാൻ തുടങ്ങിയവൻ (മത്തായി 14.28-30); യേശുവിനെ ശാസിച്ചവൻ (മത്തായി 16.22); യേശു പാദങ്ങൾ കഴുകുവാൻ വന്നപ്പോൾ *നീ ഒരുനാളും എന്നെ കഴുകുകയില്ല* എന്നും പിന്നീട്, *എന്റെ കയ്യും തലയും കൂടെ കഴുകേണമേ* എന്നും പറഞ്ഞവൻ (യോഹന്നാൻ 13.8,9); *എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഒരു നാളും ഇടറുകയില്ല* എന്ന് വീരവാദം മുഴക്കി (മത്തായി 26.33) ചില മണിക്കൂറുകൾ കഴിഞ്ഞപ്പോൾ യേശുവിനെ തള്ളിപ്പറകയും പ്രാകുകയും ചെയ്തവൻ (മത്തായി 26.74); യേശുവിന്റെ മരണഅടക്ക പുനരുത്ഥാനങ്ങൾക്കു ശേഷം ഉപേക്ഷിച്ച പടകും വലയും തിരികെ എടുത്തവൻ (യോഹന്നാൻ 21.3). ഇവനായിരുന്നു പത്രോസ്. എടുത്തുചാട്ടകാരനായിരുന്ന പത്രോസിനെ മാറ്റിയ കർത്താവ് നമ്മിലും മാറ്റം നല്കുവാനും സാവധാനത എന്ന അലങ്കാരം അണിയിക്കുവാനും പ്രാപ്തനാണ്.



### 3. സൽപ്രവൃത്തികൾ

*ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉടചിതമാകും വണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രെ അലങ്കരിക്കേണ്ടത്* (1തിമൊഥെയോസ് 2.10). ദൈവം വിശ്വാസിയിൽ കാണുവാൻ ആഗ്രഹിക്കുന്ന അലങ്കാരമാണ് സൽപ്രവൃത്തികൾ.

നാം രക്ഷിക്കപ്പെട്ടത് പ്രവൃത്തികളാൽ അല്ല. *കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രേ ആകുന്നു; ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.* (എഫെസ്യർ 2.8). എന്നാൽ നാം സൽപ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവരാണ്. *നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം അതു ചെയ്തുപോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു* (എഫെസ്യർ 2.10).

*നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു* എന്ന് യേശു പറഞ്ഞു (മത്തായി 5.14). മലമേൽ ഇരിക്കുന്ന പട്ടണത്തോടും തണ്ടിന്മേൽ വച്ച

വിളക്കിനോടും താരതമ്യപ്പെടുത്തി കർത്താവ് ആശയം വ്യക്തമാക്കി. ഈ വെളിച്ചത്തെക്കുറിച്ചുള്ള വിശദീകരണത്തിൽ യേശു തുടർന്നു പറഞ്ഞു *അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുന്നിൽ പ്രകാശിക്കട്ടെ* (മത്തായി 5.16). നാം സൽപ്രവൃത്തികൾ ചെയ്വാൻ കർത്താവ് ആഗ്രഹിക്കുന്നു.

നാം സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവരാകുന്നതിന് ഉപദേശവും, ശാസനവും, ഗുണീകരണവും, നീതിയിലെ അഭ്യാസവും ആവശ്യമാണ്. ദൈവനിശ്വസ്തമായി നല്കപ്പെട്ടിരിക്കുന്ന തിരുവെഴുത്തുകൾ അവ നമുക്ക് നല്കുന്നു. *എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിയിലും വക പ്രാപിച്ച് തികഞ്ഞവനാകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യസനത്തിനും പ്രയോജനമുള്ളതാകുന്നു (1തിമൊഥെയോസ് 3.16,17).* തിരുവെഴുത്തുകളുടെ ഉദ്ദേശ്യം നമ്മെ സകല സൽപ്രവൃത്തിയിലും വക പ്രാപിച്ച് തികഞ്ഞവരാക്കുക എന്നതാണെന്ന് പറയാം.

സൽപ്രവൃത്തികൾ ചെയ്യുവാൻ വിശ്വാസികൾ സഭയായി തമ്മിൽ പ്രബോധിപ്പിച്ച് ഉത്സാഹം വർദ്ധിപ്പിക്കുവാൻ സൂക്ഷിക്കണം. *ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭാ യോഗങ്ങളെ ഉപേക്ഷയായി വിചാരിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾവിൻ (എബ്രായർ 10.24,25).* സൂക്ഷിക്കണമെന്ന് പറയുന്നത് അന്യോന്യം പ്രബോധിപ്പിച്ച് സൽപ്രവൃത്തികൾക്ക് ഉത്സാഹം വർദ്ധിപ്പിക്കാതിരിപ്പാൻ സാദ്ധ്യത ഉണ്ട് എന്നതിനാലത്രെ. സൽപ്രവൃത്തികൾക്കായി അന്യോന്യം നാം ധൈര്യപ്പെടുത്തേണ്ടതാണ്.

തീത്തോസിന് എഴുതിയ ലേഖനത്തിൽ സൽപ്രവൃത്തിയെക്കുറിച്ച് വളരെ പറഞ്ഞിരിക്കുന്നു.

*2.7 സൽപ്രവൃത്തികൾക്ക് മാതൃകയായിരിക്കണം*
*2.14 സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളവരായിരിക്കണം*
*3.1 സൽപ്രവൃത്തികൾക്ക് ഒരുങ്ങിയിരിക്കണം*
*3.8 സൽപ്രവൃത്തികളിൽ ഉത്സാഹികളായിരിക്കണം*
*3.14 സൽപ്രവൃത്തികൾക്ക് മുമ്പരായിരിക്കുക*
*1തിമൊ 6.18 സൽപ്രവൃത്തികളിൽ സമ്പന്നരായിരിക്കണം*
*2കൊരി 9.8 സകല സൽപ്രവൃത്തിയിലും പെരുകി വരണം*



കൊരിന്തിലെ വിശ്വാസികൾ സകല സൽപ്രവൃത്തിയിലും പെരുകി വരുവാൻ പൗലോസ് ആഗ്രഹിച്ചു (*2കൊരി 9.8*). ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനവും സൽപ്രവൃത്തികളും പരസ്പര ബന്ധമുള്ളവയാണ്. കെലോസ്യയിലെ വിശ്വാസികൾ സകല സൽപ്രവൃത്തിയിലും ഫലം കായ്ച്ച് ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരുവാൻ പൗലോസ് പ്രാർത്ഥിക്കുന്നു. (കൊലോസ്യർ 1.10).

ശുശ്രൂഷക്കാരത്തിക്കു വേണ്ട യോഗ്യതയാണ് സൽപ്രവൃത്തികൾ (1തിമൊഥെയോസ് 5.10). തബീഥ സൽപ്രവൃത്തികൾക്ക് മാതൃകയാണ്. *അവൾ വളരെ സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തുപോന്നവളായിരുന്നു (അപ്പൊ. പ്രവൃത്തി 9.36)*

ദൈവസന്നിധിയിൽ വിലയേറിയതാണ് ഇവിടെ പറഞ്ഞ അലങ്കാരങ്ങൾ. സകലത്തിന്റെയും ഉടയവനും അധികാരിയുമായിരിക്കുന്ന മഹാപ്രഭുവിന്റെ കുമാരീകുമാരന്മാരായിരിക്കുന്ന നാം, വിലയേറിയ അലങ്കാരമല്ലാതെ വിലകുറഞ്ഞ ബാഹ്യാലങ്കാരങ്ങൾ കൊണ്ട് തൃപ്തിപ്പെടുവാൻ പാടില്ല. ഈ വിലയേറിയ അലങ്കാരം നമ്മിൽ കാണുന്നു എങ്കിൽ സ്വർഗ്ഗീയ പിതാവായ തമ്പുരാന് അത് മഹത്വം ആയിരിക്കും. ആകയാൽ അതായിരിക്കട്ടെ നമ്മുടെ അലങ്കാരം.

*********

## അദ്ധ്യായം 12

# ചില അനുബന്ധ ചോദ്യങ്ങൾ

ആഭരണവുമായി നേരിട്ട് ബന്ധമുള്ളതല്ല എങ്കിലും ഈ വിഷയത്തിന്റെ ചർച്ചയിൽ അപ്രസക്തം എന്നു പറയാനാവാത്ത ചില കാര്യങ്ങൾ അനുബന്ധ ചോദ്യങ്ങളായി ഇവിടെ ചേർക്കുന്നു. ബൈബിളിലെ സന്ദേശം മനസ്സിലാക്കുന്നതിനും ദൈവകൽപ്പന അനുസരിച്ച് ആഭരണം വർജ്ജിക്കുന്നതിനും ഈ ചിന്തകളും സഹായിക്കട്ടെ.

***1. ആഭരണവിദ്വേഷം ഒരു അടിസ്ഥാന ഉപദേശമായി പഠിപ്പിക്കുവാനോ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുവാനോ ബൈബിൾ ആരേയും അനുവദിക്കുന്നില്ല. അപ്പോസ്തലന്മാർ പഠിപ്പിക്കയോ മാതൃകയായി വരച്ചു കാണിക്കയോ ചെയ്തിട്ടില്ലാത്ത ആഭരണവിദ്വേഷത്തെ അടിച്ചേൽപ്പിക്കുന്നത് ശരിയാണോ?***

**വിചിന്തനം:** ആഭരണം ധരിക്കാത്ത വിശ്വാസികൾ ഉപദേശം മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുന്നവരാണെന്ന ധാരണ ചിലർ പുലർത്തുന്നുണ്ട്. ആഭരണം ധരിക്കുകയോ, ധരിക്കുന്നതിനെ പിൻതാങ്ങുകയോ ചെയ്യുന്നവർ വളരെ വിശാലമായ ചിന്താഗതിയുള്ളവരും സമചിത്തതയോടു കൂടി കാര്യങ്ങൾ യുക്തിയുക്തം വിലയിരുത്തുന്നവരും ആണെന്ന ചിത്രമാണ് ഇവിടെ നല്കുന്നത്. ആഭരണം ധരിക്കാത്ത വിശ്വാസികൾ ഇടുങ്ങിയ മനഃസ്ഥിതിയുള്ളവരും, ആഭരണം ധരിക്കുകയോ ധരിക്കുന്നതിനെ പിൻതാങ്ങുകയോ ചെയ്യുന്നവരോട് അസഹിഷ്ണത



പുലർത്തുന്നവരും, വേദം പറയുന്നു എന്നു കരുതി കേവലം പൂർവ പിതാക്കന്മാരുടെ പാരമ്പര്യത്തെ പാലിച്ചു വരുന്നവരുമാണ് ആഭരണം വർജ്ജിച്ചവർ എന്നും ചിലർ കരുതുന്നു.

ആഭരണം ധരിക്കുകയോ ധരിക്കുന്നതിനെ പിൻതാങ്ങുകയോ ചെയ്യുന്നവരോട് *ആഭരണം ധരിക്കുന്നതിനെ ബൈബിൾ വിലക്കുന്നു* എന്നു പറയുമ്പോൾ, ആഭരണം ധരിക്കാത്ത വിശ്വാസികളോട് അവർക്ക് ഉണ്ടാകാറുള്ള പ്രതികരണമെന്താണ്? അതേ ഭാവം മാത്രമേ തിരിച്ചും ഉണ്ടാകാറുള്ളൂ. അതിനേക്കാൾ കൂടുതലായി രോഷമോ, അസഹിഷ്ണതയോ അങ്ങോട്ട് ഇല്ലാത്തതാകുന്നു.

ആഭരണം ധരിക്കരുതെന്ന ഉപദേശമെന്നല്ല, ഒരു ഉപദേശവും ആഭരണം ധരിക്കാത്തവർ അടിച്ചേൽപ്പിക്കുന്നില്ല. അടിച്ചേൽപ്പിക്കുവാൻ കഴിയുന്നതുമല്ല. അതുകൊണ്ട്, ആഭരണം ധരിക്കാത്ത വിശ്വാസികൾ ഒരു തരം മതഭ്രാന്തന്മാർ എന്ന ചിന്താഗതി മാറണം. ആഭരണധാരണം സംബന്ധിച്ച അപ്പോസ്തലിക ഉപദേശം എന്താണെന്ന് നാം വിചിന്തനം ചെയ്തുവല്ലോ. നിങ്ങൾക്ക് ആഭരണം ധരിക്കുകയോ ധരിക്കാതിരിക്കയോ ചെയ്യാം. പക്ഷെ, ആഭരണം ധരിക്കുന്നതിനെ ബൈബിൾ വിലക്കുന്നു.

***2. ചിലർ പൊന്നണിയാറില്ലെങ്കിലും പല്ല് സ്വർണം പൊതിയാറുണ്ടല്ലോ, അതു വേദാനുസരണമാണോ?***

**വിചിന്തനം:** 1പത്രോസ് 3.3ൽ *നിങ്ങളുടെ അലങ്കാരം ....... പുറമെയുള്ളതല്ല* എന്നു പറഞ്ഞിരിക്കുന്നു. അലങ്കാരം പുറമെയുള്ളതായിരിക്കരുത് എന്ന നിഷ്ഠകൊണ്ടാണോ ചില വിശ്വാസികൾ പുറമെ പൊന്നണിയാതെ, വായ്ക്കകത്ത് പൊന്നു വയ്ക്കുന്നത് എന്നറിയുന്നില്ല! വായ്ക്കകത്താണ് പൊന്നു വയ്ക്കുന്നതെങ്കിലും പുറത്തു കാണിക്കാൻ വേണ്ടിത്തന്നെയല്ലേ? ഒരാൾ പല്ല് സ്വർണ്ണം കെട്ടിച്ചിട്ട് ആരുടെയും ശ്രദ്ധയിൽപ്പെടുന്നില്ല എന്നു കണ്ടപ്പോൾ *പച്ചിഞ്ചി ഉണ്ടോ?* എന്നു പരക്കെ ചോദിച്ചതായി കേട്ടിട്ടുണ്ട്. പച്ചിഞ്ചി ഉണ്ടോ എന്നു ചോദിച്ചില്ലെങ്കിലും പല്ലിൽ സ്വർണ്ണം പിടിപ്പിക്കുന്നത് മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയെന്നു സ്പഷ്ടം.

ആഭരണത്തിന്റെ ഉദ്ദേശ്യവും മറ്റൊന്നല്ലല്ലോ. അപ്പോൾ വായ്ക്കകത്തു വയ്ക്കുന്നു എന്ന വ്യത്യാസം ഒഴിച്ചാൽ പല്ല് പൊന്നു പൊതിയുന്നതും ആഭരണം തന്നെ. പൊന്ന് പുറമെ ധരിക്കുന്നതു വിശ്വാസിയ്ക്ക് ഉചിതമല്ല എന്നു ബൈബിൾ അടിസ്ഥാനത്തിൽ ബോധ്യമുള്ള വ്യക്തി, വായ്ക്കകത്ത് പൊന്ന് പിടിപ്പിക്കുന്നതും ഉചിതമല്ലാത്തതാകുന്നു.

***3. സ്വർണ്ണ(നിറമുള്ള) വാച്ചും കണ്ണടയും സ്വർണ്ണക്കസവുള്ള വസ്ത്രവും ധരിക്കുന്നതിനേപ്പറ്റി അഭിപ്രായമെന്താണ്? വിശ്വാസികൾ സ്വർണ്ണവർണ്ണത്തിൽ അരികുകളുള്ള ബൈബിൾ ഉപയോഗിക്കുന്നത് ശരിയാണോ?***

**വിചിന്തനം:** പൊന്നണിയുന്നതിനെയാണ്, വേദം വിലക്കുന്നത്, പൊൻനിറത്തെയല്ല എന്നതു ശരി. എങ്കിലും, പൊന്നിന്റെ അലങ്കാരവും ആഢംബരവും വേണ്ടാ എന്ന് വച്ച വിശ്വാസി പൊൻനിറത്തിൽ എന്തിനിത്ര ഭ്രമിക്കുന്നു?

പൊന്നണിയുന്നതിനോട് വേദാടിസ്ഥാനത്തിൽ വിശ്വാസിയുടെ മനോഭാവം എന്താണെന്ന് മറ്റുള്ളവർക്ക് ഏറ്റവും സ്പഷ്ടമാകുന്നത് ആഭരണം ഉപേക്ഷിച്ച വിശ്വാസി പൊൻനിറത്തോടുള്ള ഭ്രമവും ഉപേക്ഷിക്കുമ്പോഴാണ്. അല്ലാത്തപക്ഷം, *മോഷ്ടിച്ചു കൊണ്ടുവന്ന കോഴിയെ കറിവച്ചത് എനിക്കു വേണ്ടാ, അതിന്റെ ഗ്രേവി മാത്രം മതി* എന്ന് ആദർശം പറയുന്നതുപോലെ മാത്രമേയുള്ളൂ.

ഉപഭോക്താക്കളുടെ സ്വർണ്ണവർണ്ണമുള്ള സൗന്ദര്യസങ്കല്പത്തെ ബൈബിൾ പ്രസാധകർ കച്ചവടത്തിന് പ്രയോജനപ്പെടുത്തിയാണ് സ്വർണ്ണവർണ്ണത്തിൽ അരികുകളുള്ള ബൈബിൾ അവർ പ്രസിദ്ധപ്പെടുത്തുന്നത്. സ്വർണ്ണവർണ്ണം ഭംഗിയുടെ ചിഹ്നമല്ല എന്ന ബോധം സമൂഹത്തിൽ വേരോടിയാൽ സ്വർണ്ണവർണ്ണ ബൈബിൾ പ്രസിദ്ധീകരിക്കുവാൻ പ്രസാധകർ മെനക്കെടുകയില്ല.

*********

# ഉപസംഹാരം

പഴയനിയമ വേദഭാഗങ്ങൾ ആഭരണം വർജ്ജിക്കുന്നതിന് പ്രേരിപ്പിക്കുന്നവയാണ്. ആഭരണധാരണം മനുഷ്യമനസ്സിനെ അനാത്മീക പ്രവണതകളിലേക്ക് പ്രലോഭിക്കുന്നു എന്ന് പഴയനിയമം വെളിപ്പെടുത്തുന്നു. വിശ്വാസികൾ ആഭരണം വർജ്ജിക്കുന്നതിന് പുതിയനിയമത്തിൽ സ്പഷ്ടമായ കൽപ്പന ദൈവം നൽകിയിരിക്കുന്നു.

വചനപ്രകാരം ആഭരണം വർജ്ജിക്കുന്നതുകൊണ്ട് ആത്മീക ജീവിതത്തിൽ അനുഗ്രഹമല്ലാതെ യാതൊരു വിധ അധഃപതനവും ഉണ്ടാകുന്നതല്ല എന്നതിന് ആയിരങ്ങൾ സാക്ഷികൾ ആകുന്നു. ധൈര്യപൂർവ്വം വചനത്തിലെ കല്പന അനുസരിച്ച് ബാഹ്യമായ അലങ്കാരങ്ങൾ വർജ്ജിക്കുവാനും ദൈവ സന്നിധിയിൽ വിലയേറിയ അലങ്കാരം ഉള്ളവരായിരിക്കുവാനും സർവ്വശക്തനായ ദൈവം കൃപ നൽകുമാറാകട്ടെ.

സമാപ്തം.